
# സത്യദൂതൻ

2015 സെപ്റ്റംബർ | ലക്കം 9

വില ₹ 20



## ഹജ്ജിന്റെ തത്ത്വശാസ്ത്രം

## നിരക്ഷരനായ പ്രവാചകൻ

## അണയാത്ത നിലവിളക്ക് വിവാദം

## ലണ്ടനിൽ നടന്ന അഹ്‌മദിയ്യാമുസ്‌ലിം ജമാഅത്തിന്റെ അന്തർദേശീയ സമ്മേളനത്തിന്റെ വിവധ ദൃശ്യങ്ങൾ














The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2015 സെപ്റ്റംബർ
ഹി.ശ.1395 - തബൂക്
1436 - ദുൽഖഅ്ദ് - ദുൽഹജ്ജ്
പുസ്തകം 87 ലക്കം 9
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7

ഖുത്ബ

**പാകിസ്താന് അല്ലാഹുവിന്റെ ദൗത്യത്തെ തടയാനാവില്ല**

ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)


അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു...) 2015 മെയ് 15 ന് ബൈത്തുൽ ഫുതൂഹ് ലനിൽനിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

12

**സൊറോസ്ട്ര മതം**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഇറാനിലെ (പേർഷ്യ) പുരാതനമതമാണ് സൊറോസ്ട്ര മതം. സൊറോസ്ട്ര മതത്തിന്റെ സ്ഥാപകനായ സൊറോസ്ട്രർ അല്ലാഹുവിന്റെ ഒരു പ്രവാചകനാണ്. സൊറോസ്ട്ര മതക്കാർ ഇന്ന് ആചരിക്കുന്ന അഗ്നി ആരാധനപിൽക്കാലത്ത് ആവിർഭവിച്ചതാണ്. മഹാനായ പേർഷ്യൻ ചക്രവർത്തി സൈറസ് സൊറോസ്ട്രർ മതത്തിലെ മാതൃകാ അനുയായിയായി ട്ടാണ് സങ്കൽപ്പിക്കപ്പെടുന്നത്. സൈറസ് ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട ദുൽഖർ നൈൻ ചക്രവർത്തിയാണ്.




16

**ഹജ്ജിന്റെ തത്ത്വശാസ്ത്രം**

അയിസാസ് ഖാൻ, കാനഡ

21

**ഇസ്‌ലാമും മനുഷ്യാവകാശങ്ങളും**

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

24

**നിരക്ഷരനായ പ്രവാചകൻ**

മുഹമ്മദ് ഉമർ. എച്ച് എ

റസൂൽ തിരുമേനി (സ) നിരക്ഷരനായിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപരായണ ത്തിൽ നിന്നല്ല. 'ഉമ്മി' എന്നതിന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെപോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർഥവുമുട്.

28

**ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത 2**

എ.എം.മുഹമ്മദ് സലീം

34

**മുബാറാത്ത്, ഫസ്ഖ്**

ഡോ. കൗസർ എടപ്പകത്ത്

സ്ത്രീകളുടെ അവകാശം സംരക്ഷിക്കപ്പെട്ട ഇസ്‌ലാമിൽ വിവാഹ ജീവിതം ദുസ്സഹമാവുമ്പോൾ ഭാര്യമാർ മുൻകൈയെടുത്ത് വിവാഹ മോചനം നടത്തുന്ന സമ്പ്രദായങ്ങളുമുട്. ആളുകൾ ഇതിനെസംബന്ധിച്ച് വേത്ര ബോധവാന്മാരല്ല എന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

37

**അണയാത്ത നിലവിളക്ക് വിവാദം**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരന്മാർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന് വേണ്ടി. (49:11)



## നബിവചനം

സൂര്യൻ ഉദിച്ചുയരുന്ന ഓരോ ദിവസവും നന്മ ചെയ്യൽ ഓരോ മനുഷ്യാവയവത്തിനും കടമകയാക്കപ്പെട്ടതാണ്. പരസ്പരം പോരടിക്കുന്ന രണ്ടു പേർക്കിടയിൽ സമാധാനം സ്ഥാപിക്കുന്നത് നന്മയാണ്. ഒരാളെ അയാളുടെ സവാരി മൃഗത്തിന് പുറത്ത് കയറാൻ സഹായിക്കുക അല്ലെങ്കിൽ അയാളുടെ ഭാണ്ഡം കെട്ടാൻ സഹായിക്കുന്നതും നന്മയാണ്. നല്ലൊരു വാക്ക് നന്മയാണ്. നമസ്ക്കാരത്തിന് വേണ്ടി നടക്കുന്ന ഓരോ കാലടിവെപ്പും നന്മയാണ്. ഉപദ്രവകരമായ വസ്തുക്കൾ വഴിയിൽ നിന്ന് നീക്കം ചെയ്യുന്നതും നന്മയാണ്.

## വാഗ്ദത്ത മസീഹിന്റെ വചനം

### ധൃതിപ്പെടാതെ ശാന്തരായി ചിന്തിക്കൂ



പ്രിയ ജനങ്ങളേ, സമാധാനത്തെ പോലെ കാമ്യമായിട്ട് മറ്റൊന്നും തന്നെയില്ല. .വരുവീൻ നമ്മൾ ഇരു കൂട്ടർക്കും ഈ ഉഭയ സമ്മതം മുഖേന ഒരു ജാതിയായി തീരാം. അന്യോനം പ്രവാചകന്മാരേയും മത ഗ്രന്ഥങ്ങളേയും ആക്ഷേപിക്കുന്നത് മൂലം എത്രമാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായിത്തീരുന്നതെന്നും രാജ്യത്തിന് എത്രമാത്രം നഷ്ടമാണ് സഹിക്കേണ്ടി വരുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ? വരുവീൻ ഇനി അന്യോന്യം മതബോധങ്ങളെ വക വെച്ചു കൊടുക്കുന്ന സഹിഷ്ണുതാ ശീലത്തിന്റെ അനുഗ്രഹ ഫലങ്ങളേയും ഒന്നു പരീക്ഷിച്ചു നോക്കുവീൻ ! ഇതത്രേ പരസ്പരം സന്ധിക്കാനും മൈത്രിഭാവം പുലർത്താനുമുള്ള ഉത്തമ മാർഗം . ഇതല്ലാതെ മറ്റേതെങ്കിലും മാർഗേണ മൈത്രി സ്ഥാപിക്കാമെന്ന് വിചാരിക്കുന്നത് ദുർഗന്ധമേറിയ ചലവും ദുഷ്ടും ഉള്ളിലടങ്ങിയ ഒരു പരുവിന്റെ ബാഹ്യമായ തിളക്കം കണ്ട് തൃപ്തിപ്പെടുന്നതിന് തുല്യമാകുന്നു. (മൈത്രി സന്ദേശം)

എഡിറ്റോറിയൽ

# മനുഷ്യാവകാശങ്ങളും മുസ്‌ലിം രാജ്യങ്ങളും

മനുഷ്യാവകാശങ്ങളെ ഏറെ ആദരിച്ച മതമാണ് ഇസ്‌ലാം. ഏകദേശം 6 മുതൽ 8 കോടി വരെ മനുഷ്യർക്ക് ജീവൻ നഷ്ടമാവുകയും അളവറ്റ മനുഷ്യാവകാശ നിഷേധങ്ങൾക്ക് വിധേയമാവുകയും ചെയ്ത ഒരു മഹാ ദുരന്തമായിരുന്നു രണ്ടാം ലോക മഹായുദ്ധം. യുദ്ധശേഷം ലോക മനസ്സാക്ഷിക്കുണ്ടായ പശ്ചാത്താപത്തിൽ നിന്നാണ് സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം ജന്മം കൊണ്ടത്. അതിലുൾപ്പെട്ട ഏറെ കുറെ എല്ലാ നീതി തത്ത്വങ്ങളും വിശുദ്ധ ഖുർആനും റസൂൽ തിരുമേനി(സ)യും ലോകത്ത് അവതരിപ്പിച്ചതാണ്. ലോക കോടതി ജഡ്ജിയും ഖുർആൻ വിവർത്തകരും വിശ്വോത്തര പണ്ഡിതനുമായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇത് സംബന്ധിച്ച് എഴുതിയ 'ഇസ്‌ലാമും മനുഷ്യാവകാശങ്ങളും' എന്ന പുസ്തകം ഇക്കാര്യം അസന്ദിഗ്ധമാം വിധം വ്യക്തമാക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്ര സഭയിൽ മനുഷ്യാവകാശ പ്രഖ്യാപനം ഒപ്പിടുന്നതിൽ നിന്ന് മുസ്‌ലിം രാജ്യങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന സഊദി അറേബ്യ വിട്ടുനിൽക്കുകയുണ്ടായി. കൗതുകകരമായ കാര്യം പാകിസ്താൻ അന്ന് സൗഊദിയുടെ ഈ നിലപാടിനെ രൂക്ഷമായി വിമർശിക്കുകയുണ്ടായി എന്നതാണ്. പാകിസ്താന്റെ പ്രതിനിധിയായി പങ്കെടുത്തിരുന്നത് സർ സഫറുല്ലാഹ് ഖാൻ ആയിരുന്നു. പിന്നീടാണ് പാകിസ്താൻ നിലപാടുകൾക്ക് വ്യതിയാനമുണ്ടയത്. മതനിന്ദാ നിയമം, അഹ്മദിയ്യാ വിരുദ്ധ നിയമം, പട്ടാള മേധാവി സിയാ ഉൽ ഹഖ് നടപ്പാക്കിയ ഇസ്‌ലാമികവത്ക്കരണ നിയമങ്ങൾ മുതലായ നിയമങ്ങൾ പാസ്സാക്കി പാകിസ്താൻ കുപ്രസിദ്ധമായ ഒരു പിന്തിരിപ്പൻ രാജ്യവും ഭീകരവാദികളുടെ പറുദീസയുമായി മാറുകയായിരുന്നു.

സാർവ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന് ബദലായിക്കൊണ്ട് ലോക മുസ്‌ലിം രാജ്യങ്ങളുടെ അന്തർ ദേശീയ വേദിയായ 'ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക്ക് കോൺഫ്രൻസ്' (ഓ ഐ സി) 1990 ൽ കെയ്റോവിൽ വെച്ച് ചേർന്ന യോഗത്തിൽ 'കെയ്റോ ഡിക്ളറേഷൻ ഓൺ ഹുമൻ റൈറ്റ്സ് ഇൻ ഇസ്‌ലാം'(Cairo Declaration on Human Rights in Islam) എന്ന ഒരു ഇസ്‌ലാമിക മനുഷ്യാവകാശ പ്രഖ്യാപനം പുറത്തിറക്കുകയുണ്ടായി. അതിൽ ചില ഇസ്‌ലാമിക നന്മകൾ ഉള്ളടങ്ങിയിട്ടുണ്ട് എന്നത് ശരിതന്നെ. പക്ഷേ 'സ്വാതന്ത്ര്യവും അന്തസ്സാർന്ന ജീവിതവും ഇസ്‌ലാമിക ശരീഅത്തിന് അനുസൃതമായിട്ടായിരിക്കും' എന്ന ഒരു ഉപാധി കൂടി അതിൽ എഴുതി ചേർത്തിയിട്ടുണ്ട്. ഈ ഉപാധിയാണ് എല്ലാ നന്മകളെയും കെടുത്തിക്കളയുന്നത്. ശരീഅത്ത് എന്നത് മിക്കപ്പോഴും മുസ്‌ലിംകളിലെ മതയാഥാസ്ഥിതികത്വത്തിന്റേയും പൗരോഹിത്യത്തിന്റേയും ഇസ്‌ലാമിക പ്രമാണങ്ങളുടെ വ്യഖ്യാനങ്ങളാണ്. അത് പലപ്പോഴും യഥാർഥത്തിലുള്ള ഇസ്‌ലാമിക നീതിക്കും സ്വാഭാവിക നീതിക്കും നിരക്കാത്ത പിന്തിരിപ്പൻ മുല്ലാ വ്യാഖ്യാനങ്ങളായിരിക്കും. അതാണ് ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നത്.

മുസ്‌ലിം രാജ്യങ്ങളിൽ മനുഷ്യാവകാശങ്ങൾ പരിതാപകരമാം വിധം നിഷേധിക്കപ്പെടുമ്പോൾ പ്രതിക്കൂട്ടിലാവുന്നത് ഇസ്‌ലാം മതമാണ്. പലയിടത്തും ഭീകരരാണ് ഇസ്‌ലാമിക നിയമം നടപ്പാക്കി കൊണ്ടിരിക്കുന്നത്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള മുസ്‌ലിംകളുടെ ഈ വികല ധാരണകളാണ് ലോകത്ത് ഇസ്‌ലാം മതത്തിന്റെ മോശമായ പ്രതിഛായക്ക് മുഖ്യഹേതു. പാർലമെന്ററി ഡമോക്രസി, മതസ്വാതന്ത്ര്യം, നിഷ്പക്ഷമായ പത്ര പ്രവർത്തനം, പൗരാവകാശ സംഘടനകൾ, നിഷ്പക്ഷ നീതിന്യായ വ്യവസ്ഥ, ആധുനിക വിദ്യാഭ്യാസത്തിന്റെ ഉന്നത നിലവാരം എന്നിവ അവിടങ്ങളിലില്ല. ഇതെല്ലാം ഹറാമായ പാശ്ചാത്യൻ വ്യവസ്ഥകളാണ് എന്ന ധാരണ സൃഷ്ടിച്ചു കൊണ്ടാണ് ഇസ്‌ലാമിന്റെ പേരിൽ കിരാതമായ നിയമങ്ങൾ നടപ്പാക്കുന്നത്.

മനുഷ്യാവകാശങ്ങളുടെ റാങ്കിങ്ങ് പരിശോധിച്ച് പട്ടിക പുറപ്പെടുവിക്കുന്ന അന്താരാഷ്ട്ര സംഘടയാണ് ഇന്റർ നാഷനൽ ഹ്യൂമൻ റൈറ്റ്സ് ഇൻഡികേറ്റർ The International Human Rights Rank Indicator (IHRRI). അവർ 2014 ഒക്ടോബർ 11 ന് പ്രസിദ്ധീകരിച്ച 216 രാജ്യങ്ങളുടെ പട്ടികയിൽ യു എ ഇ ഒഴികെ എല്ലാ മുസ്‌ലിം രാജ്യങ്ങളും വളരെ താഴെയാണ് നിൽക്കുന്നത്. പട്ടികയിൽ 14-ാം സ്ഥാനത്ത് നിൽക്കുന്ന യു എ ഇ സ്തുത്യർഹമാം വിധം മുന്നിലാണ് എന്ന വസ്തുത ഇവിടെ സ്മരിക്കുന്നു. തൊട്ടടുത്ത് നിൽക്കുന്ന മുസ്‌ലിം രാജ്യമായ ബഹ്റൈൻ മനുഷ്യാവകാശങ്ങളുടെ കാര്യത്തിൽ 94 ാം സ്ഥാനത്തും സഊദി അറേബ്യ 206-ാം സ്ഥാനത്ത് ഏറ്റവും പിന്നിലെ രാജ്യങ്ങളുടെ കൂട്ടത്തിലുമാണ്. സ്വീഡനാണ് എറ്റവും മുന്നിൽ. ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് നീതി നടപ്പാക്കാൻ ശക്തമായി ആവശ്യപ്പെട്ട ഒരു മതത്തിന്റെ അനുയായികൾ ഇന്ന് വന്നുപെട്ടിരിക്കുന്ന അവസ്ഥയെക്കുറിച്ച് മുസ്‌ലിംകൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: '***നിങ്ങൾക്കിടയിൽ നീതി പൂർവം വിധി കൽപ്പിക്കണമെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ഞങ്ങളുടെയും നിങ്ങളുടെയും നാഥനാണ്.*** '(42: 16) ' ***ഓ വിശ്വാസികളെ, ദൈവ മാർഗത്തിൽ ഉറച്ചു നിൽക്കുവീൻ. നീതിക്ക് സാക്ഷികളായിരിക്കുവീൻ. ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത നീതി വിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവീൻ അതത്രെ ഭയഭക്തിയോടടുത്തത്. അല്ലാഹുവിനോടുള്ള കടപ്പാടിനെക്കുറിച്ച് സദാ ജാഗരൂഗരായിരിക്കുവീൻ നിങ്ങൾ ചെയ്യുന്നതെന്തോ അത് അല്ലാഹു നിശ്ചയമായും അറിയുന്നുണ്ട്.*** ' (5:9)




ഹദ്റത്ത് അഹ്മദ് (അ)

# ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ സൂത്രവാക്യം

അല്ലയോ മുസ്‌ലിംകളെ! നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യജാതിയായി കരുതി പോന്നു. ഇതേ കാരണത്താൽ തന്നെ നിങ്ങൾ അവരേയും ഒരു വ്യത്യസ്ത ജാതിയായി വിചാരിച്ചു വരുന്നു. ഈ വിപരീത ഭാവത്തിന് ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മദ്ധ്യേ യഥാർഥവും സുസ്ഥിരവുമായ ഒരു സൗഹാർദ ഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുവരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലിക മൈത്രി ഉണ്ടായെന്ന് വരാം. എന്നാൽ യഥാർഥ മൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായി തീരുന്നത് നിങ്ങൾ വേദത്തെയും ഋഷിമാരെയും ആത്മാർഥമായി കൈകൊള്ളുകയും അപ്രകാരം ഹിന്ദുക്കൾ തങ്ങളുടെ ഹ്രസ്വ മനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബി നായകൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കു മിടയിൽ യഥാർഥ ഐക്യവും സൗഹാർദവും ഉണ്ടായിതീരുന്നതിനുള്ള ഏക പദ്ധതിയെന്നും ഇതു തന്നെയാണ് ഹൃദയ രോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേയൊരു ദ്രാവകമെന്നും ധരിക്കുവീൻ! വേർപിരിഞ്ഞു നിൽക്കുന്ന ഈ രണ്ടു സമുദായവും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ ഏതൊന്നിനായിട്ടു ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നു വോ അതിനായിട്ട് അവൻ ഇരുവരുടെയും ഹൃദയങ്ങളെ തുറന്നു കൊടുക്കുന്നതാണ്.

ഇതിനും പുറമെ നാം ഹൈന്ദവ മിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സ്നേഹത്തോടും സഹതാപത്തോടും പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനക്ക് കാരണമാവുന്ന നമ്മുടെ മതത്തിന്റെ നിർബന്ധ കടമകളോ അവശ്യ കർമങ്ങളോ അല്ലെന്ന് വരുകിൽ അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നമ്മൾ ഒഴിഞ്ഞു നിൽക്കേണ്ടതുമാകുന്നു. അതിനാൽ ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ തിരുമേനി (സ) യെ ഒരു സത്യ പ്രവാചകനായി കൈകൊള്ളുകയും തിരുമേനി (സ) യിൽ വിശ്വസിക്കുന്ന പക്ഷം ഗോവധം കാരണമായി ഇരു സമുദായക്കാർക്കും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കി തീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേ കഴിയൂ എന്ന നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാമൊരിക്കലും ഉപയോഗി ച്ചിട്ടില്ലാത്തവ വളരെ ഉണ്ടല്ലോ ? ഏക ദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന് വേണ്ടി അത്ര ആവശ്യമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമാകയില്ല. ഒരു കാര്യം മതത്തിൽ അനുവദനീയമല്ല എന്ന് കരുതുന്നതും അതിനെ ഉപയോഗിക്കുക എന്നതും രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. മതധർമം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുകയും അവന്റെ അഭീഷ്ടത്തെ തേടി നടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സർവ്വ പ്രവാചകന്മാരും അതാതു കാലത്ത് മനുഷ്യരെ നന്നാക്കി തീർക്കേണ്ടതിന് എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യ ദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരു ടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. ഇത് തന്നെയാണ് ഇസ്‌ലാം മതത്തിന്റെ രത്നചുരുക്കം. ***(ഹദ്റത്ത് അഹ്മദ് (അ), മൈത്രി സന്ദേശം)***



# പാകിസ്താന് അല്ലാഹുവിന്റെ ദൗത്യത്തെ തടയാനാവില്ല.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അറിവിന്റേയും ആത്മജ്ഞാനത്തിന്റേയും ഖജനാവുകളോടുകൂടി അയച്ചിരിക്കുന്നു. വിജയിക്കുമെന്ന് വാഗ്ദാനവും നല്കിയിരിക്കുന്നു. നമ്മുടെ ജോലി നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ശ്രമിക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ നമുക്ക് ശ്രദ്ധക്കുറവുണ്ടായിരുന്നെങ്കിൽ ഇപ്പോൾ അത് അധികമാക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 മെയ് 15 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

പഞ്ചാബ് സർക്കാർ(പാകിസ്താൻ) ജമാഅത്തിന്റെ ചില പത്രങ്ങളുടേയും ഗ്രന്ഥങ്ങളുടേയും മേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നു. അതിന്റെ പ്രസിദ്ധീകരണത്തിനും ഡിസ്പ്ലേക്കുമാണ് വിലക്ക്. അവിടെത്തെ ചില പത്രങ്ങൾ വാർത്തകളും പ്രസിദ്ധീകരിച്ചിരുന്നു. ചിത്രത്തോടുകൂടിയ മെസേജുകളും സന്ദേശം അയയ്ക്കുന്നതിനുള്ള വിവിധ മാർഗങ്ങളും ഫോണുകളിലുള്ളതുകൊണ്ട് മിനിറ്റുകൾക്കുള്ളിൽത്തന്നെ ഇക്കാലത്ത് വാർത്തകൾ ലോകത്ത് പ്രചരിക്കുന്നു. . ഇത് കേട്ടും കണ്ടും ആളുകൾ എനിക്കും എഴുതിക്കൊണ്ടിരിക്കുന്നു. ഫാക്സ് തുടങ്ങിയവ മുഖേന അവരുടെ വ്യാകുലതകൾ പ്രകടിപ്പിക്കുന്നു. ഇക്കാര്യങ്ങൾ

പുതിയതല്ലെന്ന കാര്യം നമ്മൾ ഓർമി ക്കേണ്ടതാണ്. അഹ്മദിയ്യാ ജമാ അത്ത് സ്ഥാപിതമായ കാലം മുതൽ ഇത്തരം പ്രവർത്തനങ്ങൾ ഇക്കൂട്ടർ ചെയ്തുവരുന്നതാണ്. ചെയ്തുകൊ ണ്ടിരിക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾകൊണ്ട് ഒരിക്കലും ജമാഅത്തിന് നഷ്ടമുണ്ടായിട്ടില്ല. ഇൻശാ അല്ലാഹ് ഇനിയൊട്ട് ഉണ്ടാ കുകയുമില്ല. ഇവർക്ക് ജമാഅത്തിന് നഷ്ടം വരുത്താൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൈവികമിഷനെ തടഞ്ഞു നിറു ത്താൻ കഴിയുന്ന ഒരു കുട്ടിയേയും ഒരു ഉമ്മയും പ്രസവിച്ചിട്ടുമില്ല. ഈ നാമമാത്ര ഉലമാക്കളിലേക്ക് നോക്കുന്ന സർക്കാറുകൾക്ക് അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി കണ്ടു കൊണ്ട് അസൂയ പ്രകടിപ്പിക്കുന്ന തിന് എന്തെങ്കിലും ഒഴികഴിവ് വേണം. ഈ അസൂയയിൽ ഇവർ എത്രമാത്രം അന്ധരാണെന്നുവച്ചാൽ അവരുടെ ബുദ്ധിയിൽ തികച്ചും മറ വീണുപോകുന്നു. പ്രത്യക്ഷത്തിൽ വിദ്യാസമ്പന്നരായിട്ടുള്ളവർ ജാഹി ലീംകളെ കവച്ചുവെച്ച് തങ്ങളുടെ അജ്ഞാനം പ്രകടിപ്പിച്ചുകൊണ്ടിരി ക്കുകയാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തേയും നബി(സ)തിരു മേനിയുടെ പ്രൗഢിയേയും സ്ഥാന ത്തേയും ഹദ്റത്ത് മസീഹ് മൗഊ ദ്(അ) എങ്ങനെയാണ് വിവരിച്ചിട്ടു ള്ളതെന്ന് അറിയാൻ ഇവർ ഒരി ക്കലും ശ്രമിച്ചിട്ടില്ല, നോക്കീട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ സാഹി ത്യങ്ങളിൽ എത്ര മനോഹരമായി ട്ടാണ് ഇത് അവതരിപ്പിക്കുന്നത്. അറ ബികളിൽനിന്നും മറ്റു ജനങ്ങ ളിൽനിന്നുമുള്ള ആളുകൾ ജമാഅ ത്തിന്റെ സാഹിത്യങ്ങൾ കാണു കയും യാഥാർഥ്യമെന്തെന്ന് മനസ്സി ലാക്കുകയും ചെയ്യുമ്പോൾ തങ്ങളെ സ്വയം ഇസ്‌ലാമിന്റെ ധ്വജവാഹക രെന്ന് മനസ്സിലാക്കുന്ന ഈ നാമധാരി കളായ ഉലമാക്കൾ എത്രമാത്രം കളവോടും ചതിയോടുംകൂടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ വളച്ചൊടിച്ച് അവ തരിപ്പിച്ചിട്ടുള്ളത്, അവതരിപ്പിച്ച്കൊ ണ്ടിരിക്കുന്നതെന്ന് അറിഞ്ഞ് അത്ഭു തപ്പെടുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനി യുടെ സ്ഥാനത്തേയും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തിന്റെ മാഹാത്മ്യത്തേയും എങ്ങനെയാണ് വിവരിച്ചിട്ടുള്ളതെന്ന് നമ്മുടെ തൽസ മയ ടി.വി.പരിപാടിയിലൂടെ മനസ്സി ലാക്കി ടി.വി.യിലൂടേയും കത്തുകളി ലൂടേയും ഇക്കാര്യം പ്രകടിപ്പിക്കു കയും ചെയ്തുവരുന്നുണ്ട്. അതാ യത് അഹ്മദിയായിട്ടില്ലാത്ത അവർ 'ഈ ഉലമാക്കൾ തങ്ങളെ ജഹാല ത്തിന്റെ മറയ്ക്കുള്ളിൽ വെച്ചിരിക്കു കയായിരുന്നുവെന്നും തങ്ങൾക്ക് നബി(സ)തിരുമേനിയുടെ സ്ഥാന ത്തേയും തേജോവിലാസത്തേയും കുറിച്ച് ഇപ്പോഴാണ് അറിയാൻ കഴി ഞ്ഞതെന്നും പറയുന്നു. അഹ്മദിയ്യ ത്തിനോടുള്ള ശത്രുതയിൽ അറിഞ്ഞോ അറിയാതെയോ നബി (സ)തിരുമേനിയുടേയും ഇസ്‌ലാമി ന്റേയും നാമത്തെ കളങ്കപ്പെടുത്താൻ ഇക്കൂട്ടർ കാരണക്കാരാകുകയാണ്.

എന്തായാലും ഈ ഉലമാക്ക ളുടെ ദീൻതന്നെ ശത്രുതയിലും കുഴ പ്പങ്ങളിലുമാണ് നിലകൊള്ളുന്നത്. അതുകൊണ്ട് സാധാരണ മുസ്‌ലീംക ളിൽ എത്രമാത്രം വിള്ളലുകളുണ്ടാ യാലും വേണ്ടില്ല യാഥാർഥ്യം മനസ്സി ലാക്കാൻ ഒരിക്കലും ഇക്കൂട്ടർ പരി ശ്രമിക്കുകയില്ല. ഇത് അവരുടെ ജോലിയാണ്. ഇത് അവർ ചെയ്തു കൊണ്ടിരിക്കുന്നു. ചെയ്തുകൊണ്ടേ പോകുകയും ചെയ്യും. കാരണം അവർക്ക് ദീനിനെക്കാളുപരി അവ രുടെ സ്വാർഥപരമായ നേട്ടങ്ങളാണ് പ്രിയപ്പെട്ടത്. പക്ഷേ, എപ്പോഴുമെന്ന പോലെ എതിരാളികളുടെ ഈ പ്രവൃത്തി നമ്മുടെ ഈമാനുകളിൽ തിളക്കമുണ്ടാക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായിട്ടുള്ള ബന്ധം വർധിപ്പിക്കുന്നതിനും വള മെന്ന നിലയിൽ പ്രവർത്തിക്കുന്നതാ യിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരാ യണം ചെയ്യുന്നതിൽ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

ഒരു പഞ്ചാബ് സർക്കാർ എന്നല്ല, ലോകം മുഴുവനുമുള്ള സർക്കാറുകൾ തടസ്സപ്പെടു ത്തിയാലും ഈ പ്രവർത്തനം നില യ്ക്കുകയില്ല. കാരണം ഇത് മനു ഷ്യന്റെ ശ്രമത്താലുള്ള പ്രവൃത്തിയ ല്ല. ഇത് അല്ലാഹുവിന്റെ പ്രവൃ ത്തിയാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അറിവിന്റേയും ആത്മജ്ഞാനത്തിന്റേയും ഖജനാവു കളോടുകൂടി അയച്ചിരിക്കുന്നു. വിജ യിക്കുമെന്ന് വാഗ്ദാനവും നല്കിയി രിക്കുന്നു. വലിയ വലിയ തടസ്സ ങ്ങൾക്കും എതിർപ്പുകൾക്കും ശേഷം ജമാഅത്തിന്റെ അഭിവൃദ്ധി കൂടുതൽ ഉയർന്ന് മുന്നിൽവന്നിട്ടു ള്ളതാണ് നമ്മൾ എപ്പോഴും കണ്ടി ട്ടുള്ളത്. നമുക്കെതിരിൽ ഏകപക്ഷീ യമായി എടുത്തിട്ടുള്ള ഈ നടപടി വളരെ നിസ്സാരമായൊരു തടസമാണ്. നമ്മെ അടിച്ചമർത്താൻ ശ്രമിക്കുന്ന തിനനുസരിച്ച് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ വർധിപ്പിച്ചുകൊണ്ടേ പോകുന്നു. ഇൻശാ അല്ലാഹ് ഇപ്പോൾ ഇതും നല്ലതുതന്നെയായി രിക്കും. അതുകൊണ്ട് ചിന്താകുലരാ വേണ്ട കാര്യമില്ല. കൂടുതൽ ആശ ങ്കയ്ക്കും വ്യാകുലതയക്കും ആവശ്യ മില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ മറ്റു രാഷ്ട്രങ്ങ ളിലും അച്ചടിച്ചു വരുന്നുണ്ട്. വെബ്സൈറ്റുകളിലും അവ ലഭ്യമാ ണ്. ഓഡിയോയിലും ചില ഗ്രന്ഥ ങ്ങൾ ലഭ്യമാണ്. ബാക്കിയുള്ളതും ഇൻശാഅല്ലാഹ് എത്രയും വേഗം ലഭിക്കുന്നതിനുള്ള സംവിധാനം ചെയ്യുന്നതാണ്. പ്രചാരണങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ നഷ്ടമുണ്ടാകുമോ എന്ന ചിന്ത നില നിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഈ അറിവിന്റേയും ആത്മ ജ്ഞാനത്തിന്റേയും ഖജനാവുകൾ അന്തരീക്ഷത്തിൽ വ്യാപിച്ചു കിടക്കു കയാണ്. ഒരു ബട്ടൺ അമർത്തു മ്പോൾ അവ നമ്മുടെ മുമ്പിൽ പ്രത്യ ക്ഷപ്പെടുന്നു. നമ്മുടെ ജോലി നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ശ്രമിക്കുക എന്നതാണ്. എം.ടി.എ യിലും ഇൻശാഅല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ ദർസ്

മുമ്പത്തെക്കാൾ സമയം കൂട്ടി കൊടുക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ഇപ്രകാരം പാകിസ്താനിലെ ഒരു സംസ്ഥാനത്തിന്റെ നിയമം കാരണത്താൽ ലോകത്ത് പരന്നു കിടക്കുന്ന അഹ്മദികൾക്കെല്ലാവർക്കും ഫലമുണ്ടാകുന്നതാണ്.

തങ്ങൾ റസൂലിനോടുള്ള(സ)അനുരാഗത്തിൽ വളരെ ഉയർന്നവരാണെന്നും ഇസ്‌ലാമികാധ്യാപനങ്ങളുടെ ധ്വജവാഹകരാണെന്നും ഇക്കൂട്ടർ എപ്പോഴും വാദിക്കാറുണ്ട്. ഇക്കാരണത്താലാണ് ഇവർ നമ്മെ എതിർക്കുന്നത്. അവർ ഒരിക്കലും നീതിപൂർവമായ ദൃഷ്ടി കൊണ്ട് ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിച്ചിട്ടില്ല. വായിക്കാൻ ശ്രമിച്ചിട്ടുമില്ല. പൊതുവെ നമ്മൾ അവരുടെ വാദങ്ങളുടെ യാഥാർഥ്യവും അവരുടെ യഥാർഥ മുഖവും അവർക്ക് കാണിച്ചുകൊടുക്കാറുണ്ട്. എന്നാൽ, നഊദുബില്ലാഹ് ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും സ്ഥാനത്തിനെതിരിലും അന്തസ്സിനെതിരിലും അധ്യാപനങ്ങൾക്കെതിരിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ അവയിൽ വെറുപ്പുളവാക്കുന്നതും ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ വസ്തു ഉണ്ട് എന്നാണ് നമ്മുടെ എതിരാളികൾ കരുതുന്നത്. അതുകൊണ്ട് ഇന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലുള്ള കുറച്ച് ഉദ്ധരണികൾ പറയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ അന്തസ്സും സ്ഥാനവും നമുക്ക് കാണിച്ചു തന്നിട്ടുള്ള വിഷയങ്ങൾ മുഴുവൻ വളരെ വിശാലമാണ്. നബി (സ)തിരുമേനിയോടു സ്നേഹമുണ്ടെന്ന് വാദിക്കുന്ന ഒരു വ്യക്തിക്ക് അവ കേൾക്കുന്നതിൽനിന്നും വായിക്കുന്നതിൽനിന്നും തന്റെ ചെവികളും കണ്ണുകളും അടച്ചുവെക്കാൻ കഴിയുമോ? അത്ഭുതം തോന്നുന്നു. എന്തായാലും ഈ നാമമാത്ര ഉലമാക്കളെക്കൊണ്ട് നമുക്കൊന്നുമില്ല. എന്നാൽ, എം.ടി.എ മുഖേന നമ്മുടെ കാര്യങ്ങൾ കേൾക്കുന്ന ആയിരക്കണക്കിന് ശ്രോതാക്കളുടെ മനസ്സ് കൂടുതൽ തുറക്കുന്നതിനും അഹ്മദികളുടെ മനസ്സും ബുദ്ധിയും കൂടുതൽ പ്രകാശിപ്പിക്കുന്നതിനും അതിന്റെ ശരിയായ ഗ്രാഹ്യം ഉണ്ടാക്കുന്നതിനുംവേണ്ടി കുറച്ച് ഉദ്ധരണികൾ സമർപിക്കുന്നതാണ്.

ദൈവ സ്തുതിയും നബി (സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതും എത്രമനോഹരമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്. ഒരിടത്ത് പറയുന്നു:

“ഇലാഹീ! നിനക്ക് ആയിരമായിരം ശുക്ർ! നീ ഞങ്ങൾക്ക് നിന്നെ തിരിച്ചറിയാനുള്ള വഴി പറഞ്ഞുതന്നിരിക്കുന്നു. നിന്റെ പരിശുദ്ധ ഗ്രന്ഥം ഇറക്കിക്കൊണ്ട് ചിന്തയുടേയും അറിവിന്റേയും തെറ്റുകളിൽനിന്നും അബദ്ധങ്ങളിൽനിന്നും രക്ഷിച്ചിരിക്കുന്നു. ഹദ്റത്ത് സയ്യിദുർറുസുൽ(സ)ന്റെ മേലും അവിടത്തെ കുടുംബാദികളുടേയും സ്വഹാബാക്കളുടേയുംമേലും സ്വലാത്തും സലാമും ഉണ്ടാകുമാറാകട്ടെ. വഴിപിഴച്ചുപോയ ഒരുലോകത്തെ അദ്ദേഹം മുഖേന അല്ലാഹു നേരായ വഴിയിൽ നടത്തിച്ചു. ആ ശിക്ഷാകരനും പ്രയോജനകാരിയും വഴിതെറ്റിപ്പോയ സൃഷ്ടികളെ നേരായവഴിയിൽ കൊണ്ടുവന്നു. ജനങ്ങളെ ബഹുദൈവാരാധനയിൽനിന്നും ബിംബങ്ങളുടെ നാശങ്ങളിൽനിന്നും ആ ഉപകാരിയും ഔദാര്യവാനും വിടുവിപ്പിച്ചു. ആ ദിവ്യതേജസ്സും തേജോമൂർത്തിയും തൗഹീദിന്റെ പ്രകാശത്തെ ലോകത്ത് വ്യാപിപ്പിച്ചു. ആ വൈദ്യനും കാലത്തിന്റെ ഭിഷഗ്വരനും വികൃതമായ മനസ്സുകളെ നേരായ വഴിയിൽ ചുവടുറപ്പിച്ചു. ആ ഉദാരനും അമാനുഷികതയുടെ അടയാളവും മൃതരായവർക്ക് ജീവിതപാനീയം കുടിപ്പിച്ചു. ആ കരുണാമയനും ദയാലുവും ഉമ്മത്തിനുവേണ്ടി വിഷമം സഹിച്ചു. വേദന വഹിച്ചു. ആ ധീരനും ഫയൽമാനും മരണത്തിന്റെ വായിൽനിന്ന് പിടിച്ച് നമ്മെ പുറത്തുകൊണ്ടു വന്നു. ആ സൗമ്യനും നിസ്വാർഥനുമായ മനുഷ്യൻ ആരാധനയിൽ തലകുനിപ്പിച്ചു. തന്റെ അസ്തിത്വത്തെ മണ്ണോടു ചേർത്തു. ആ സമ്പൂർണ ഏകദൈവവിശ്വാസിയും ഈശ്വരീയജ്ഞാനങ്ങളുടെ സാഗരവുമായിട്ടുള്ളവനെ ദൈവത്തിന്റെ പ്രതാപമാണ് ഒഴുക്കിയത്. അന്യരെ തന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്തിയത്. ആ പരമകാരുണികന്റെ ശക്തിപ്രഭാവത്തിന്റെ ദിവ്യാത്ഭുതം നിരക്ഷരനായിരുന്നിട്ടും ആധ്യാത്മിക ജ്ഞാനങ്ങളിൽ എല്ലാവരുടേയും മേൽ വിജയംവരിച്ചു. എല്ലാ ജനതയേയും തെറ്റുകളുടേയും അബദ്ധങ്ങളുടേയും കുറ്റക്കാരാക്കി.”

നബി(സ)തിരുമേനിയുടെ സ്വഭാവങ്ങൾ പരീക്ഷണങ്ങളുടെ ദിനങ്ങളിലും വിജയങ്ങളുടെ കാലഘട്ടത്തിലും എന്തായിരുന്നു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: “നബിമാരും വലിയ്യുമാരും ഉണ്ടാകുന്നത് അവരുടെ എല്ലാ സ്വഭാവങ്ങളേയും ജനങ്ങൾ പിൻപറ്റുന്നതിനും ഏതെല്ലാം കാര്യങ്ങളിൽ അല്ലാഹു അവർക്ക് സ്ഥൈര്യം നല്കിയിട്ടുണ്ടോ ആ സ്ഥൈര്യത്തിന്റെ വഴിയിൽ എല്ലാ സത്യാന്വേഷകരും ചുവടുവയ്ക്കുന്നതിനുംവേണ്ടിയാണ്. (അതായത് ആ വഴിയിലൂടെ നടക്കാൻ ശ്രമിക്കുക). ഏതെങ്കിലും മനുഷ്യന്റെ ഉന്നതമായ സ്വഭാവഗുണം തെളിവിന്റെനില പ്രാപിക്കുന്നത് അതിന്റെ സമയത്ത് വെളിപ്പെടുമ്പോഴാണെന്ന കാര്യം അങ്ങേയറ്റം വ്യക്തമാണ്. (ഓരോ സ്വഭാവങ്ങൾക്കും ഓരോ സമയമുണ്ട്. അത് അതാതിന്റെ സമയത്ത് പ്രകടമാകുമ്പോൾ അവിടെവച്ചാണ് അറിയാൻ കഴിയുന്നത് അവൻ സ്ഥിരമായിക്കൊണ്ടിരിക്കുന്നുവെന്ന്). അതേ സമയത്ത് മനസ്സുകളിൽ അതിന്റെ സ്വാധീനങ്ങളും ഉണ്ടാകുന്നു. ഉദാഹരണത്തിന് മാപ്പുകൊടുക്കുക എന്ന ഗുണം പകരംവീട്ടാനുള്ള ശക്തിയുള്ളനേരത്ത് വിശ്വാസ്യവും സ്തുത്യർഹവുമാണ്. (പകരംവീട്ടാനുള്ള കരുത്തുണ്ടായിരിക്കെ മാപ്പുകൊടുക്കുക എന്നത് സ്തുത്യർഹമായ കാര്യമാണ്). പാപങ്ങൾ ചെയ്യാനുള്ള എല്ലാ സാഹചര്യവും ഉണ്ടായിരിക്കെ പാപങ്ങൾ വർജിക്കുക എന്നത് വിശ്വാസാർഹ

മാണ്. ചുരുക്കം പറഞ്ഞാൽ നബിമാരേയും വലിയ്യുമാരേയും സംബന്ധിച്ചുള്ള അല്ലാഹുവിന്റെ തീരുമാനം അവരുടെ എല്ലാതരത്തിലുള്ള സ്വഭാവഗുണങ്ങളും വെളിവാകണമെന്നും തെളിവിന്റെനില പ്രാപിക്കണമെന്നുമാണ്. അതിനാൽ അല്ലാഹു ഇതേ തീരുമാനം പൂർത്തിയാക്കുന്നതിനുവേണ്ടി അവരുടെ ജ്യോതിർമയമായ ആയുസ്സിനെ രണ്ടുഭാഗമായി തിരിക്കുന്നു.(രണ്ടുഭാഗങ്ങൾ വരുന്നു). ആ ഉന്നതമായ സ്വഭാവഗുണങ്ങൾ പ്രകടമാകുന്നതിനുവേണ്ടി ഒരുഭാഗം വിഷമങ്ങളിലും മുസീബത്തുകളിലും കടന്നുപോകുന്നു. എല്ലാവിധത്തിലും അവരെ പീഢിപ്പിക്കുന്നു. ബുദ്ധിമുട്ടിക്കുന്നു. അത് കഠിനമായ മുസ്വീബത്തുകൾ കൂടാതെ ഒരിക്കലും വെളിപ്പെടുകയോ സ്ഥൈര്യമായിരിക്കുകയോ ചെയ്യുകയില്ല.

നബിമാരുടേയും വലിയ്യുമാരുടേയും ജീവിതത്തിന്റെ രണ്ടാമത്തെ ജീവിതായുസ്സ് വിജയത്തിൽ, അംഗീകാരത്തിൽ, സമ്പത്തിൽ, പരിപൂർണനില ഉണ്ടാകുന്നു എന്നതാണ്. വിജയം നേടുക, അംഗീകാരമുണ്ടാകുക, സമ്പന്നനാകുക, അധികാരമുള്ളവനാകുക, ഭരണമുണ്ടാകുക, ശക്തിയുണ്ടാകുക തുടങ്ങിയവയെല്ലാം അവരുടെ സ്വഭാവഗുണങ്ങൾ പ്രകടമാകുന്നതിന് നിർബന്ധമാണ്. കാരണം തന്നെവിഷമിപ്പിക്കുന്നവർക്ക് പൊറുത്തുകൊടുക്കുക, തന്നെബുദ്ധിമുട്ടിക്കുന്നവർക്ക് മാപ്പുകൊടുക്കുക, തന്റെ ശത്രുക്കളെ സ്നേഹിക്കുക, തന്റെ ദോഷം ആഗ്രഹിക്കുന്നവരുടെ ഗുണം ആഗ്രഹിക്കുക, സമ്പത്തിനെ സ്നേഹിക്കാതിരിക്കുക, സമ്പത്തുകൊണ്ട് അഹങ്കരിക്കാതിരിക്കുക, ധനം ചെലവഴിക്കുന്നതിൽ പിശുക്ക് കാണിക്കാതിരിക്കുക, ദയയുടേയും ഔദാര്യത്തിന്റേയും പൊറുക്കലിന്റേയും വാതിലുകൾ തുറന്നിടുക, സമ്പത്തിനെ സുഖഭോഗങ്ങൾക്കുള്ള മാർഗമാക്കാതിരിക്കുക, ഭരണത്തെ അക്രമത്തിന്റേയും മർദനത്തിന്റേയും ആയുധമാക്കാതിരിക്കുക, (ഭരണം കൈയിൽ വരുമ്പോൾ അക്കാരണത്താൽ അക്രമം ചെയ്യാതിരിക്കുക) ഈ എല്ലാ സ്വഭാവഗുണങ്ങളും എങ്ങനെയുള്ളതാണെന്നുവച്ചാൽ ഇവയ്ക്കെല്ലാമുള്ള തെളിവിന് സമ്പന്നനും ശക്തവാനും ആയിരിക്കേണ്ടത് നിബന്ധനയാണ്. ഇത് തെളിവിന്റെ സ്ഥാനത്തെത്തുന്നത് മനുഷ്യന് സമ്പത്തും അധികാരവും രണ്ടും ലഭിക്കുമ്പോഴാണ്. അതുകൊണ്ട് മുസ്വീബത്തിന്റേയും പതനത്തിന്റേയും കാലവും സമ്പത്തിന്റേയും അധികാരത്തിന്റേയും കാലവും(ബലഹീനതയുടേയും മുസ്വീബത്തിന്റേയും കാലഘട്ടവും സമ്പന്നതയുടേയും അധികാരത്തിന്റേയും കാലഘട്ടവും)കൂടാതെ ഈ രണ്ടുതരത്തിലുള്ള സ്വഭാവങ്ങളും പ്രകടമാകുക സാധ്യമല്ല. ചുരുക്കത്തിൽ ധർമത്തിന്റേയും ദാനശീലതയുടേയും സദാചാരത്തിന്റേയും ആത്മസംതൃപ്തിയുടേയും പുരുഷത്വത്തിന്റേയും ധീരതയുടേയും ദൈവികസ്നേഹത്തിന്റേയും എന്തെന്തല്ലാം ഉൽക്കൃഷ്ട സ്വഭാവങ്ങളുണ്ടോ അതും ഉദാരവാനായ അല്ലാഹു ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)യിൽ എങ്ങനെ പ്രകടിപ്പിച്ചുവെന്നാൽ, അവയുടെ ഉദാഹരണം ഒരിക്കലും ലോകത്ത് വെളിപ്പെട്ടിട്ടില്ല ഇനിയൊരിക്കലും വെളിപ്പെടുകയുമില്ല."

അവിടന്ന് പറയുന്നു: "അല്ലാഹു ആ പരിശുദ്ധാത്മാവിനുമേൽ ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ വഹ്‌യും രിസാലത്തും പരിപൂർത്തീകരിച്ചു. അതായത് എല്ലാ പൂർണതകളും ആ ധന്യാത്മാവിൽ അവസാനിച്ചു. **വ ഹാദാ ഫള്‌ലുല്ലാഹി യുഅ്തീഹി മൻയ്യശാഅ്.**" പിന്നീട് നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആ മഹാത്മാവിനെ പിൻപറ്റലും മനുഷ്യനെ ദൈവത്തിന്റെ പ്രിയപ്പെട്ടവനാക്കുന്നു എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"താൻ ആരെയെങ്കിലും സ്നേഹിക്കണമെങ്കിൽ അയാൾ നബി(സ)തിരുമേനിയെ പിൻപറ്റണം എന്ന നിബന്ധന അല്ലാഹു വെച്ചിരിക്കുന്നു."

അവിടന്ന് പറയുന്നു: "ഏറ്റവും സമ്പൂർണനായ മനുഷ്യനും സമ്പൂർണനായ നബിയും നബി(സ)തിരുമേനി തന്നെയാണ്." പറയുന്നു:"തന്റെ സത്തകൊണ്ടും തന്റെ വിശേഷഗുണങ്ങൾകൊണ്ടും തന്റെ പ്രവർത്തനങ്ങൾകൊണ്ടും തന്റെ കർമങ്ങൾകൊണ്ടും തന്റെ ആത്മീയതയുടേയും പരിശുദ്ധ ശക്തിയുടേയും നിറഞ്ഞൊഴുകുന്ന നദിയെക്കൊണ്ടും സമ്പൂർണ കഴിവിന്റെ മാതൃക ജ്ഞാനപരമായനിലയിലും കർമപരമായ രൂപത്തിലും സത്യത്തിന്റേയും സ്ഥൈര്യത്തിന്റേയും അടിസ്ഥാനത്തിലും കാണിച്ചു. അങ്ങനെ സമ്പൂർണ മനുഷ്യനെന്ന് പറയപ്പെടുകയും ചെയ്തു. ആ മനുഷ്യൻ ഏറ്റവുമധികം സമ്പൂർണനും തികവുറ്റ വ്യക്തിയുമായിരുന്നു. സമ്പൂർണ നബിയായിരുന്നു. അദ്ദേഹം തികഞ്ഞ അനുഗ്രഹങ്ങളോടുകൂടി വന്നു. അങ്ങനെ ആത്മീയമായ നിയോഗവും ആത്മീയമായ പുനരുത്ഥാനവും കാരണത്താൽ ലോകത്തിന്റെ ആദ്യത്തെ ഖിയാമത്ത് വെളിപ്പെടുകയും മൃതരുടെ ഒരു ലോകംതന്നെ അദ്ദേഹത്തിന്റെ വരവോടെ ജീവിക്കുകയും ചെയ്തു. ആ അനുഗൃഹീതനബി ഹദ്റത്ത് ഖാത്തുമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽമുർസലീൻ, ഫഖറുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ)ആകുന്നു."

നബി(സ)തിരുമേനിയുടെ ചില ഉപകാരങ്ങളെ സ്മരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"അവൻ നമുക്കുവേണ്ടി ഒരു റസൂലിനെ അയച്ചു. അദ്ദേഹം ഉദാരനാകുന്നു. എല്ലാ നല്ല കാര്യങ്ങളിലും ഉത്തമനാകുന്നു. പൂർണതകളുടെ എല്ലാ ഇനങ്ങളിലും എല്ലാ വിധത്തിലും മുന്നിട്ട് കൊണ്ടുപോകുന്നയാളാണ്. എല്ലാ റസൂൽമാരുടേയും നബിമാരുടേയും മോതിരമാകുന്നു. ഉമ്മുൽഖുറായിൽ വന്ന വാഗ്ദത്ത നബി യഥാർഥത്തിൽ മുഹമ്മദ്(സ)ആകുന്നു. കാരണം അദ്ദേഹത്തിൽനിന്ന് ഉപകാരം നേടിയവരുടെ നാവുകൾ എപ്പോഴും അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് ആർദ്രമായിരിക്കുന്നു. അദ്ദേഹം സമുദായത്തിനുവേണ്ടി


അങ്ങേയറ്റം ബുദ്ധിമുട്ടും കഠിനാധ്വാനവും വഹിച്ചതുകൊണ്ടും ദീനിന്റെ കെട്ടിടത്തെ പടുത്തുയർത്തിയതു കൊണ്ടും തികഞ്ഞ പ്രശംസയ്ക്ക് അർഹനാണ്. അദ്ദേഹം നമുക്കു വേണ്ടി തിളക്കമാർന്നതും പ്രശോഭിക്കുന്നതുമായ ഗ്രന്ഥം കൊണ്ടു വന്നതിനാലും സ്തുത്യർഹനാണ്. തന്റെ റബ്ബുൽ ആലമീന്റെ സന്ദേശങ്ങളെ എത്തിക്കുന്നതിൽ നമുക്കുവേണ്ടി അദ്ദേഹത്തിന് പല രീതിയിലുള്ള ദ്രോഹങ്ങൾക്ക് കുറിമാനമാകേണ്ടി വന്നതിനാലും, എന്തൊന്ന് മുൻഗ്രന്ഥങ്ങളിൽ അപൂർണവും ന്യൂനവുമായിട്ട് നിലനിന്നിരുന്നുവോ അതിനെ നബി(സ)തിരുമേനി പൂർണമാക്കുകയും മധ്യമമല്ലാത്ത സ്ഥിതിയിൽനിന്നും മറ്റു പോരായ്മകളിൽനിന്നും കുറവുകളിൽനിന്നും പരിശുദ്ധമായ ശരീഅത്ത് നമുക്ക് നല്കുകയും സൽസ്വഭാവങ്ങളെ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്ത കാരണത്താലും അദ്ദേഹം സ്തുത്യർഹനാണ്."

നബി(സ)തിരുമേനിയുടെ ഖത്മുന്നുബുവ്വത്തിന്റെ സ്ഥാനമാനത്തിന്റെ അനുഗ്രഹങ്ങളെ സ്മരിച്ചു കൊണ്ട് അവിടന്ന് പറയുന്നു: "നമ്മുടെ യജമാനരായ മുഹമ്മദ്(സ) അല്ലാഹുവിന്റെ നബിയും റസൂലുമാണെന്നും നബി(സ)തിരുമേനിയുടെ ദീൻ എല്ലാ ദീനിനെക്കാളും ഉദാത്തമാണെന്നും നാം വിശ്വസിക്കുന്നു. നബി(സ)തിരുമേനി ഖാത്തമുൽ അമ്പിയാ ആണെന്നും നാം വിശ്വസിക്കുന്നു. നബി(സ)തിരുമേനിയുടെ തർബിയ്യത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ചതും ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുള്ളതുമായ ആൾക്കു മാത്രമേ ഇനി നബിയായി വരാൻ സാധിക്കുകയുള്ളു. മറ്റൊരു നബിക്കും വരാൻ സാധ്യമല്ല. അഫ്ളലുർറുസുലും അമ്പിയായുമായ നമ്മുടെ നബിയുടെമേൽ നുബുവ്വത്തിന്റെ പൂർണതകൾ അവസാനിക്കുക എന്നതാണ് ഖത്മന്നുബുവ്വത്തുകൊണ്ടുള്ള ഉദ്ദേശ്യം. നബി(സ) തിരുമേനിക്കുശേഷം അവിടത്തെ ഉമ്മത്തിൽനിന്നും ആ മഹാത്മാവിനെ പരിപൂർണമായും പിൻപറ്റുന്നവരിൽനിന്നും മാത്രമേ നബി വരികയുള്ളുവെന്നാണ് നാം വിശ്വസിക്കുന്നത്. ആ വരുന്നയാൾ എല്ലാ അനുഗ്രഹങ്ങളും ആ മഹാത്മാവിന്റെ ആത്മീയതയിൽനിന്ന് പ്രാപിച്ചയാളും അവിടത്തെ പ്രകാശത്താൽ വിഭൂഷിതനുമായിരിക്കണം." വീണ്ടും അവിടന്ന് പറയുന്നു:"ഇപ്പോൾ ശുപാർശക്കാരൻ നബി(സ)തിരുമേനി മാത്രമാണ്." തുടരുന്നു:

"മനുഷ്യകുലത്തിന് ഇനി ഭൂമിയിൽ വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികളായ സകലർക്കും മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശക്കാരൻ) ഇല്ല.അതുകൊണ്ട് ഈ പ്രതാപശാലിയായ നബിയുടെനേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ച ശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ! മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി(സ)തിരുമേനി ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരൻ ആണെന്നും ആകാശത്തിനു കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻതന്നെ."

ഹദ്റത്ത് മസീഹ് മൗഊദ് (അ), നബി(സ)തിരുമേനിയുടെ അന്തസ്സിനേയും സ്ഥാനത്തേയും കുറിച്ച് എഴുതിയിട്ടുള്ള ആ നിരവധി ഉദ്ധരണികളിൽനിന്ന് ചിലതാണ് ഞാൻ തിരഞ്ഞെടുത്തത്. ഇപ്രകാരം തന്നെ ആ മഹാത്മാവ് അവതരിപ്പിച്ച ഇസ്‌ലാമിന്റെ വിവിധ അധ്യാപനങ്ങളുടെ വിശദീകരണങ്ങളുടേയും ഒരു ഖജനാവുണ്ട്. അല്ലാഹു നമുക്ക് അതിൽനിന്ന് കൂടുതൽ ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ നാമമാത്ര ധ്വജവാഹകർക്കും നബി(സ)തിരുമേനിയുടെ യഥാർഥ പ്രണയിതാവിന്റെ കാര്യങ്ങൾ കേൾക്കാനും പൊതു മുസ്‌ലീംകൾക്ക് നേരായ മാർഗദർശനം നല്കാനും ബുദ്ധിനല്കുമാറാകട്ടെ.

വിവർത്തനം:
-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

# സൊറോസ്ട്ര മതം

ഇറാനിലെ (പേർഷ്യ) പുരാതന മതമാണ് സൊറോസ്ട്ര മതം. സൊറോസ്ട്ര മതത്തിന്റെ സ്ഥാപകനായ സൊറോസ്ട്രർ അല്ലാഹുവിന്റെ ഒരു പ്രവാചകനാണ്. സൊറോസ്ട്ര മതക്കാർ ഇന്ന് ആചരിക്കുന്ന അഗ്നി ആരാധന പിൽക്കാലത്ത് ആവിർഭവിച്ചതാണ്. മഹാനായ പേർഷ്യൻ ചക്രവർത്തി സൈറസ് സൊറോസ്ട്രർ മതത്തിലെ മാതൃകാ അനുയായിയായി ട്ടാണ് സങ്കൽപ്പിക്കപ്പെടുന്നത്. സൈറസ് ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട ദുൽഖർ നൈൻ ചക്രവർത്തിയാണ്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

പേർഷ്യൻ ചരിത്രത്തിൽ, മതദർശനങ്ങളിൽ ഏറ്റവും നിർണായകമായ സംഭാവനകൾ നൽകിയത് സൊറോസ്ട്രർ മതമാണ്. ഈ തത്ത്വചിന്ത പ്രകാരം സത്യവും നന്മയും മാത്രമല്ല ശാശ്വതം. കളവും തിന്മയും കൂടി സത്യത്തോടും നന്മയോടുമൊപ്പം അനന്തത പങ്കുവെക്കുന്നു. രണ്ടെണ്ണത്തിനും വേറെ വേറെ ദൈവങ്ങളുണ്ട്. അവ രണ്ടിനും സ്വതന്ത്രമായ പരിപാലന സംവിധാനങ്ങളുണ്ട്. നന്മക്ക് ഒരു ദൈവമുണ്ട്. 'അഹുറ മസ്ദ '(Ahura Mazda). പ്രകാശത്തിന്റെ ദൈവമായി അത് അറിയപ്പെടുന്നു. അതുപോലെ തിൻമക്കും ഒരു ദൈവമുണ്ട്. 'അഹ്റമാൻ'(Ahraman) എന്നാണ് പേര്. ഇരുട്ടിന്റെ ദൈവമായും അത് അറിയപ്പെടുന്നു. രണ്ട് ദൈവങ്ങൾക്കും പ്രവർത്തിക്കാൻ അവരുടെതായ പങ്കുണ്ട്. പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും, സംഘട്ടനത്തിലും അത്പോലെ അന്യോന്യ പ്രതിപ്രവർത്തനത്തിലും ഏർപ്പെട്ട ഈ രണ്ടു ദൈവങ്ങളുടെയും പ്രവർത്തനഫലമാണ്. ഈ രണ്ടു ദൈവങ്ങളും മേധാവിത്വത്തിന് വേണ്ടിയുള്ള അനന്തമായ അതിജീവന സമരത്തിലാണ്.

നന്മയുടെ ദൈവത്തിന്റെ ശക്തി തിന്മയുടെ ദൈവത്തിന്റെ ശക്തിക്ക് മീതെ മേൽകൈ നേടാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. ചാഞ്ചാട്ടപലക (Seasaw) പോലെ ഈ രണ്ടു ദൈവങ്ങളുടേയും സംഘട്ടന ഫലങ്ങൾ പരസ്പരം മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ അത് നന്മയുടെ ദൈവത്തിനനുകൂലമാണെങ്കിൽ മറ്റു ചിലപ്പോൾ തിന്മയുടെ ദൈവത്തിനനുകൂലമായിരിക്കും. തിന്മയും കഷ്ടാനുഭവങ്ങളും അതുപോലെ നന്മയും സന്തോഷവും ഒരുമിച്ച് സഹവർത്തിക്കേണ്ടതിനെ സംബന്ധിച്ചുള്ള ലളിതമായ ഒരു ദാർശനിക വിശദീകരണമാണ് തത്ത്വശാസ്ത്രം നൽകുന്നത്. നൻമയുടേയും തിൻമയുടേയും ഉറവിടം രണ്ട് വ്യത്യസ്ത കേന്ദ്രങ്ങളിൽ നിന്നാണെന്ന് ഈ തത്ത്വശാസ്ത്രം ലളിതമായി വിശദീകരിക്കുന്നു. വേദന, വ്യസനം മനഃക്ലേശം, അജ്ഞാനം, കഷ്ടാനുഭവങ്ങൾ മുതലായ ലോകത്തിലെ ദുഃഖങ്ങളെല്ലാം തിന്മയുടെ ദൈവത്തിന് മേൽകൈ ലഭിക്കുന്നതോടെ സംഭവിക്കുന്ന അനന്തര ഫലമാണ്.

മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തി പ്രയോഗിക്കാൻ നന്മയുടെയും തിന്മയുടെയും ശക്തികളെ

***സൊറോസ്ട്രർ(അ)**: പേർഷ്യയിലെ മഹാനായ പ്രവാചകൻ. പലരും അദ്ദേഹത്തെ ഒരു ദ്വൈതവാദി(Dualist)ആയിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. മറ്റു ചിലർ അദ്ദേഹത്തെ ഏകദൈവ വാദിയായിട്ടും കാണുന്നു. അദ്ദേഹത്തിന്റെ നാമം പലവിധത്തിലും എഴുതുകയും ഉച്ചരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നാം ഇവിടെ സൊറോസ്ട്രർ(Zoroaster) എന്ന ഉച്ചാരണവും, എഴുത്തുമാണ് സ്വീകരിച്ചിട്ടുള്ളത്. ധാരാളം ആളുകൾക്ക് സുപരിചിതമായ ഇംഗ്ലീഷ് രൂപം ഇതാണ്. ഫെഡറിക്ക് നീച്ചേ അദ്ദേഹത്തിന്റെ നാമം ജരതുഷ്ത്ര (Zarathustra)എന്നാണ് ഉച്ചരിച്ചത്. ഇവിടെ ഇംഗ്ലീഷ് ഉച്ചാരണ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. പക്ഷേ, വ്യക്തി ഒന്നുതന്നെയാണ്.(ഗ്രന്ഥകർത്താവ്).

എപ്രകാരമാണ് സഹവർത്തിപ്പിച്ചു നിറുത്തിയിരിക്കുന്നതെന്ന് വാസ്തവത്തിൽ സൊറോസ്ട്രർ(അ)* (ക്രി.മു. ആറാം നൂറ്റാണ്ട്) പഠിപ്പിക്കുകയായിരുന്നു. അന്തിമമായി മനുഷ്യൻ അവന്റെ നന്മയുടെയും തിൻമയുടെയും ഉദ്ദേശ്യം കൊണ്ടും പ്രവൃത്തി കൊണ്ടുമാണ് വിധി കൽപിക്കപ്പെടുക. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിന്റെ ദൈവത്താലാണെന്നും ആ നന്മയുടെ ശക്തികൾ അവസാനം അതിജീവിക്കുമെന്നും സൊറോസ്ട്രർ(അ) പഠിപ്പിക്കുകയുണ്ടായി.

സൊറോസ്ട്രിയൻ മതത്തെ പറ്റിയുള്ള ആഴമുള്ള പഠനങ്ങളിൽ നിന്ന് നമുക്ക് ന്യായമായും മനസ്സിലാക്കാൻ സാധിക്കുന്നത്, നാം ഇതിന് മുമ്പേ പ്രതിപാദിച്ച സ്വതന്ത്രമായ പാരമ്പര്യ മതങ്ങളിൽ കാണപ്പെടുന്ന പിശാചിന്റെ തൽസമരൂപങ്ങൾ മാത്രമാണ്. പിൽക്കാലത്ത് സൊറോസ്ട്രറുടെ(അ)അനുയായികൾ അദ്ദേഹത്തിന്റെ നന്മ തിന്മകളുടെ ദർശനം തെറ്റായി ധരിക്കുകയായിരുന്നു. അവ രണ്ടും ബോധാത്മകവും അനന്തവുമായി സഹവർത്തിച്ചു നിൽക്കുന്ന രണ്ട് പരമോന്നത അസ്തിത്വങ്ങളുടെ പ്രകടനമാണെന്നാണ് അവർ ധരിച്ചത്. ഇതാണ് സൊറോസ്ട്രിയൻ മതത്തിന്റെ ദ്വന്ദാത്മകതയുടെ സാരം. സൊറോസ്ട്രിയൻ ദർശനം ശ്രദ്ധാപൂർവം പഠിക്കുന്ന ഒരാളുടെ രണ്ടാം വായനയിൽ രണ്ട് സംജ്ഞകളെ കുറിച്ചുള്ള വ്യത്യസ്തമായ പദപ്രയോഗങ്ങൾ സൃഷ്ടിക്കുന്ന ഒരു മിഥ്യാ സങ്കൽപം മാത്രമാണ് ഈ ദ്വന്ദാത്മകത എന്ന് മനസ്സിലാക്കാം.

സാത്താന് (പിശാച്) മറ്റു മതങ്ങളിലുള്ള സ്ഥാനമാണ് അഹ്റമാന്(Ahraman) സൊറോസ്ട്രിയൻ മതത്തിലുള്ളത്. പിൽക്കാലത്ത് സൊറോസ്ട്രിയൻ മതാനുയായികൾ സാത്താൻ എന്ന സങ്കൽപത്തെ തിൻമയുടെ സ്വതന്ത്രമായ ദൈവം എന്ന ആശയവുമായി കൂട്ടിക്കലർത്തി ഇരുട്ടിന്റെ ശക്തിയുടെ പരമോന്നത അധിപനായി വിശ്വസിക്കാൻ തുടങ്ങി. ഈയൊരബദ്ധ വിശ്വാസം മറ്റു അബദ്ധങ്ങളിലേക്കും അവരെ ആനയിച്ചു. 'അഹ്റമാൻ' എന്ന 'തിൻമയുടെ ദൈവം 'പരമോന്നതനും സ്രഷ്ടാവുമായ ഏക ദൈവത്തിന്റെ അനന്തതയുമായി പങ്കുവെക്കുന്നവനായി ചിത്രീകരിക്കപ്പെട്ടു.

ഇത്തരത്തിലുള്ള തെറ്റായ വിശ്വാസങ്ങൾ എപ്പോഴാണ് സൊറോസ്ട്രിയൻ മതത്തിലേക്ക് നുഴഞ്ഞു കയറിയതെന്ന് കണ്ടെത്താൻ പ്രയാസമാണ്. പക്ഷേ, ഒരു കാര്യം സുനിശ്ചിതമാണ്. സൊറോസ്ട്ര(അ)റുടെ മാതൃകാ ശിഷ്യനായ സൈറസ് (ക്രി.മു 529–590) ഈ ദ്വൈത വാദത്തിൽ നിന്ന് ബഹുദൂരം അകലെയായിരുന്നു. സൊറോസ്ട്രിയൻ മതത്തിൽ അദ്ദേഹത്തിന്റെ അത്യുന്നത സ്ഥാനം അശോകന് ബുദ്ധമതത്തിലുള്ളതിനേക്കാൾ ഉത്തുംഗമാണ്.

ബുദ്ധമതത്തെ അശോകനിലൂടെ വിലയിരുത്തുക എന്നതിനേക്കാൾ ഒട്ടും കുറഞ്ഞതല്ല സൊറോസ്ട്രിയൻ മതത്തെ സൈറസിലൂടെ വിലയിരുത്തുക എന്നത്. സൈറസിന്റെ ഏകദൈവ വാദം ബൈബിൾ പഴയ നിയമം(യെശയ്യാ 45:1–5) അദ്ദേഹത്തോട് കാണിച്ച ആദരവിൽ നിന്ന് തെളിയിക്കാവുന്നതാണ്. സൈറസ് ഒരു ദ്വന്ദാത്മക വാദിയായിരുന്നെങ്കിൽ ഒരിക്കലും തന്നെ ഇസ്രായേൽ ദൈവം അദ്ദേഹത്തെ ഇപ്രകാരം വാഴ്ത്തുകയില്ലായിരുന്നു. യെശയ്യ പ്രവാചകൻ ഇപ്രകാരം അരുളി:

'കർത്താവ് തന്റെ അഭിഷിക്തനായ സൈറസിനോട് അരുൾ ചെയ്യുന്നു. അയാളുടെ മുമ്പാകെ ജനതകളെ കീഴ്പ്പെടുത്താനും രാജാക്കൻമാരുടെ അരപ്പട്ട അഴിപ്പിക്കാനും അയാളുടെ മുമ്പാകെ കവാടങ്ങൾ അടക്കപ്പെടാതെ കതകുകൾ തുറന്നിടാനും ഞാൻ അയാളുടെ വലത് കൈയിൽ പിടിച്ചിരിക്കുന്നു. മലഞ്ചെരിവുകൾ നിരപ്പാക്കിക്കൊണ്ട് ഞാൻ നിന്റെ മുമ്പെ പോകും; ഓടുകൊണ്ടുള്ള വാതിലുകൾ ഞാൻ തകർക്കും; ഇരുമ്പു സാക്ഷകൾ ഞാൻ വെട്ടിമുറിക്കും. നിന്നെ പേരു ചൊല്ലി വിളിക്കുന്നവനും ഇസ്രായീല്യന്റെ ദൈവവു മായ കർത്താവാണ് ഞാൻ എന്ന് നീ അറിയേണ്ടതിന് മറഞ്ഞിരിക്കുന്ന നിക്ഷേപങ്ങളും നിഗൂഢസ്ഥലങ്ങളിലെ നിധിശേഖരങ്ങളും ഞാൻ നിനക്ക് നൽകും. എന്റെ ദാസനായ യാക്കോബിനു വേണ്ടി ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലിന് വേണ്ടി, ഞാൻ നിന്നെ പേരു ചൊല്ലി വിളിക്കുന്നു. നിനക്ക് എന്നെ അറിഞ്ഞു കൂടെങ്കിലും ഞാൻ നിനക്ക് ഒരു ബിരുദ നാമം നൽകുന്നു. ഞാനാണ് കർത്താവ് ; ഞാനല്ലാതെ മറ്റൊരു കർത്താവില്ല'[1]

മഹാനായ സൈറസിനെ പറ്റി സൈറസ് ഇതിഹാസത്തിൽ വളരെ സഹിഷ്ണുവും മാതൃകാ പുരുഷനുമായ ഒരു രാജാവായിട്ടാണ് സ്മരിക്കപ്പെടുന്നത്. പുരാതന പേർഷ്യക്കാർ അദ്ദേഹത്തെ ജനങ്ങളുടെ പിതാവ് എന്നാണ് വിളിച്ചത്. ബാബിലോണിയൻ അടിമത്വത്തിൽ നിന്ന് യഹൂദരെ മോചിപ്പിച്ചയാൾ എന്ന നിലക്ക് സൈറസിന് അസാധാരണമായ ബഹുമാനമാണ് ബൈബിൾ നൽകിയിരിക്കുന്നത്.

ചുരുക്കത്തിൽ അസാമാന്യമായ ഗുണങ്ങൾക്കുടയവനായ ഒരു മഹാനായിട്ടാണ് ചരിത്രത്തിലുടനീളം സൈറസ് അറിയപ്പെടുന്നത്. ഐതിഹാസിക പരിവേഷമുള്ള മറ്റു പടനായകൻമാർ അപൂർവമായി മാത്രം സ്ഥാപിക്കുന്നത് പോലെയുള്ള വിശാലമായ ഒരു സാമ്രാജ്യമാണ് സൈറസ് കെട്ടിപ്പടുത്തത്. സാമ്രാട്ടുകൾക്കിടയിൽ ചരിത്രകാരൻമാരുടെ എല്ലാവിധ കുറ്റപ്പെടുത്തലുകൾക്കും അതീതനായ ചരിത്രത്തിലെ മഹാനാണ് സൈറസ്. ഒരു മനുഷ്യൻ എന്ന നിലയിലോ ഒരു സാമ്രാട്ട് എന്ന നിലയിലോ ഒരു കളങ്കവും ആർക്കും കാണാൻ കഴിയാത്ത ഒരു ചരിത്ര പുരുഷനായിരുന്നു സൈറസ്. ഒരു ഭരണാധികാരിയിൽ നിന്ന് ഒരാൾക്ക് പ്രതീക്ഷിക്കാവുന്ന മഹദ് ഗുണങ്ങളുടെ സംക്ഷേപമായിരുന്നു അദ്ദേഹം. യുദ്ധത്തിൽ അദ്ദേഹം അതിസാഹസികനും നിർഭയനുമായ വിജിഗീഷുവായിരുന്നു. ഏകദൈവത്തിലുള്ള അചഞ്ചലമായ അദ്ദേഹത്തിന്റെ വിശ്വാസം സൊറോ

സ്ട്രറിൽ(അ) നിന്ന് ലഭിച്ചതാണ്.

സൊറോസ്ട്ര മതം ജൂതമതത്തോടും ഇസ്ലാമിനോടും അടുത്തു നിൽക്കുന്നു. നന്മ തിന്മകളെക്കുറിച്ചും ഇരുട്ടിനെയും വെളിച്ചത്തെയും കുറിച്ചും സൊറോസ്ട്രറിസത്തിന്റെ കാഴ്ചപ്പാട് യഹൂദ ഇസ്ലാം മതത്തിലുള്ളത് പോലെതന്നെയായിരുന്നു. 'അഹ്റമാൻ ' എന്നത് സാത്താന്റെ മറ്റൊരു പേരല്ലാതെ മറ്റൊന്നുമല്ല.

സൊറോസ്ട്ര മതത്തെ സംബന്ധിച്ച് ഉത്തരം കാണേണ്ട ഒരു പ്രശ്നം എന്ത് കൊണ്ട് ആ മതം ദ്വന്ദാത്മകത എന്ന ആശയം മുന്നോട്ടു വെച്ചു എന്നതാണ്. ദ്വന്ദാത്മകത ഒരിക്കൽ സൊറോസ്ട്രർ ദർശനത്തിൽ വേരുപിടിക്കുകയും അത് ആ മതത്തിൽ സ്ഥിരമായ ഒരു സ്ഥാനം ഉറപ്പിക്കുകയും ചെയ്തത് എന്ത്കൊണ്ട്? തിന്മയെക്കുറിച്ചും ദുഃഖങ്ങളെക്കുറിച്ചുമുള്ള സമസ്യകൾ സൊറോസ്ട്രിയൻ ചിന്തകരെ ആശങ്കാകുലരാക്കിയ നാളുകളിൽ നടന്ന തീവ്രമായ തത്ത്വശാസ്ത്ര ചർച്ചകളുടെ കാലഘട്ടത്തിലായിരിക്കാം അത് സംഭവിച്ചിരിക്കുക. ചരിത്രാതീതകാലം മുതൽ മനുഷ്യനെ ചിന്താകുലനാക്കിയ ഒരു പ്രശ്നമായിരുന്നു അത്. വിവിധ കാലഘട്ടങ്ങളിൽ നിരവധി മതചിന്തകൻമാർ നന്മയുടെ ദൈവത്തിന് വിവിധങ്ങളായ വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ പൊതുവെ ഏതൻസിലും നൈതികവും, മതപരവും, ഭൗതികവുമായ വീക്ഷണത്തിൽ ചിന്തിച്ചിരുന്ന ചിന്തകൻമാർ ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയുണ്ടായി. അവരെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്താൻ അത്രയൊന്നും പ്രയാസമുണ്ടായിരുന്നില്ല. കാരണം ഏതൻസിലെ ഭൂരിപക്ഷം ആളുകളും ഇതിഹാസരൂപികളായ ദൈവങ്ങളിലായിരുന്നു വിശ്വസിച്ചിരുന്നത്. ആ ദൈവങ്ങൾക്ക് കളവ് പറയുക എന്നത് അപൂർവമായ ഒരു സംഭവമല്ലായിരുന്നു. മനുഷ്യനേയും എന്തിനധികം ദൈവത്തെ പോലും ബുദ്ധിമുട്ടിക്കുന്ന കുസൃതികൾ കാട്ടുന്നവരായിരുന്നു അവരുടെ ദൈവങ്ങൾ. അത്തരത്തിലുള്ള സൂത്രങ്ങളും കൗശലങ്ങളും കൊണ്ട് നിറഞ്ഞതാണ് ഹോമറിന്റെ ഇലിയഡിലെ* ദൈവസങ്കൽപം.

എങ്കിലും അവർക്കിടയിൽ ക്രി.മു 470 ൽ ജനിച്ച ഏകദൈവ വിശ്വാസിയായ തത്ത്വജ്ഞാനിയായിരുന്നു സോക്രട്ടീസ്. അദ്ദേഹം തത്ത്വജ്ഞാനികൾക്കിടയിലെ പ്രവാചകനും പ്രവാചകൻമാർക്കിടയിലെ തത്ത്വജ്ഞാനിയുമായിരുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ അദ്ദേഹം അചഞ്ചലനായി വിശ്വസിച്ചു. ദൈവത്തിന്റെ കേവല നന്മയിൽ സംശയത്തിന്റെ നേരിയ കണിക പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഏതൻസിലെ സെനറ്റിൽ വെച്ച് സോക്രട്ടീസ് നടത്തിയ അവസാനത്തെ പ്രഭാഷണത്തിൽ അദ്ദേഹം പ്രഖ്യാപിച്ചത് ഇതായിരുന്നു. കേവല നന്മയുടെ ഉടയവനായ ദൈവത്തിൽ അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം അദ്ദേഹത്തിന്റെ ബുദ്ധിശക്തി കൊണ്ടോ അതിഭൗതികമായ അഭ്യാസങ്ങൾ കൊണ്ടോ ആയിരുന്നില്ല. സോക്രട്ടീസിന് ദൈവത്തെ ബാല്യകാലം മുതൽ തന്നെ വ്യക്തിഗതമായി അറിയാമായിരുന്നു. അങ്ങനെ മാത്രമായിരുന്നില്ല. കുഞ്ഞുനാളിലേ അദ്ദേഹം ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയിലും സ്നേഹത്തിലും പരിചരണത്തിലുമാണ് വളർത്തപ്പെട്ടത്. ഈ പ്രശ്നം അതിഗഹനമായ യുക്തിബോധത്തോടെ കൈകാര്യം ചെയ്തത് സോക്രട്ടീസാണ്. പക്ഷേ ദൈവത്തിൽ നിന്ന് യാതൊരു തിന്മയും ഉത്ഭവിക്കാനുള്ള സാധ്യതയില്ല എന്ന് തെളിയിക്കാനാണ് അദ്ദേഹം കൂടുതലായും തന്റെ തർക്കബുദ്ധി ചെലവഴിച്ചത്. തിൻമയുടെയും കഷ്ടാനുഭവങ്ങളുടെയും പ്രശ്നം വന്നപ്പോൾ അത് ദൈവത്തിൽ നിന്ന് ഉത്ഭവിക്കയാൽ താർക്കികമായി അസാധ്യമാണെന്നും അവ മനുഷ്യന്റെ ഭാഗത്തു നിന്നുള്ള തെറ്റുകളാണെന്നുമുള്ള നിലക്ക് അദ്ദേഹം അത് തള്ളിക്കളഞ്ഞു. ദൈവം നന്മയായിട്ടുണ്ടായിരിക്കണം. അവൻ നന്മയായിരുന്നു. അവന് നന്മയല്ലാതെ മറ്റൊന്നും ആവാൻ സാധ്യമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിനാൽ തിന്മ ലൗകികരായ ആളുകളിൽ നിന്ന് ആവിർഭവിക്കുന്ന ഒന്നായിരിക്കണം. ദൈവത്തിന് ആ ഹീന പ്രവർത്തനത്തിൽ യാതൊരു പങ്കുമില്ല. അദ്ദേഹത്തിന്റെ ഉത്തരം ലളിതമായിരുന്നു. പക്ഷേ, അദ്ദേഹത്തെ തത്ത്വശാസ്ത്രപരമായി മറ്റുള്ളവർക്ക് ആക്രമിക്കാൻ പഴുതുകളുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം തത്ത്വശാസ്ത്രപരമായി പ്രതിരോധിക്കാൻ കഴിയാത്ത ഒരിടത്തായിരുന്നു പ്രതിഷ്ഠിക്കപ്പെട്ടത്. ഇറാനിലെ സൊറോസ്ട്രിയൻ ചിന്തകൻമാർക്ക് സോക്രട്ടീസിന്റെ രീതിയിലുള്ള ഉത്തരം തൃപ്തികരമായിരുന്നില്ല. അവർ തിന്മയെ പറ്റിയുള്ള ഈ ചോദ്യത്തെപറ്റി കൂടുതൽ അന്വേഷിച്ചു. ആരായിരുന്നു തിന്മയുടെ ആളുകൾ ആരാണ് അവരെ സൃഷ്ടിച്ചത് എന്നിത്യാദി പ്രശ്നങ്ങളെക്കുറിച്ച് അവർ ചിന്തിച്ചു.ദൈവമാണ് അവരെ സൃഷ്ടിച്ചിരുന്നതെങ്കിൽ ദൈവമായിരിക്കണം അതിന്റെ പൂർണ ഉത്തരവാദി. തിൻമയുമായി ദൈവത്തിനുള്ള ബന്ധം പൂർണമായി വിച്ഛേദിക്കുവാൻ ദൈവത്തിന് പുറമെ മറ്റൊരു സ്രഷ്ടാവിനെ സൊറോസ്ട്രിയൻ പണ്ഡിതൻമാർക്ക് കണ്ടുപിടിക്കേണ്ടി വന്നു. ഒന്ന് നന്മയുടെ ദൈവമെന്നും മറ്റേത് തിന്മയുടെ ദൈവമെന്നും വ്യവഹരിക്കപ്പെട്ടു. രണ്ടു ദൈവങ്ങളും വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും തങ്ങളുടെതായ മേഖലയിൽ മാത്രം ദൈവത്വം വിനിയോഗിക്കുന്ന നന്മയുടെയും തിൻമയുടെയും

**ഹോമർ**: ഭാരതീയ ഇതിഹാസ കാവ്യങ്ങളായ മഹാഭാരതം, രാമായണം പോലെ ഗ്രീക്ക് ഇതിഹാസ കാവ്യങ്ങളായ ഒഡീസി, ഇലിയഡ് എന്നീ മഹാകാര്യങ്ങളുടെ കർത്താവായി അറിപ്പെടുന്ന ആളാണ് ഹോമർ. ഹോമർ എന്ന ഒരു വ്യക്തിയാണോ ഗ്രീക്ക് ഇതിഹാസ കാവ്യങ്ങൾ എഴുതിയത് എന്നതിനെപ്പറ്റിയും വിവാദങ്ങളുണ്ട്.(വിവ:)

ദൈവങ്ങളായി പരിഗണിക്കപ്പെട്ടു.

സാന്ദർഭികമായി പറയട്ടെ എല്ലാ സൊറോസ്ട്രിയൻ മതക്കാരും ഈ ദ്വന്ദാത്മക വാദത്തിൽ വിശ്വസിക്കുന്നില്ല. സോറോസ്ട്രർ മതത്തിൽ വളരെ ചെറിയൊരു വിഭാഗം ദൈവത്തിന്റെ ഏകത്വത്തിന് വേണ്ടി ശക്തമായി വാദിക്കുന്നവരായി ഇന്നുമുണ്ട്. ഈ ഏകത്വ വാദങ്ങളിൽ വലിയൊരു വിഭാഗം ഇസ്‌ലാം പേർഷ്യയിൽ പ്രവേശിച്ചപ്പോൾ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടു. ദ്വന്ദാത്മക വാദവും അതിനോടനുബന്ധിച്ചുള്ള അഗ്നിയാരാധനയും കഴിച്ചാൽ സൊറോസ്ട്രിയൻ മതം മറ്റേത് മതത്തേക്കാളും ഇസ്‌ലാമുമായി അടുത്ത് നിൽക്കുന്നു.

മറ്റ് പ്രബലമായ മതങ്ങളിൽ വിവരിച്ചിട്ടുള്ള ദൈവത്തിന്റെ അതേഗുണങ്ങളും അതേ സംജ്ഞകളും തന്നെയാണ് സൊറോസ്ട്രർ മതത്തിലും ദൈവത്തിനു വേണ്ടി പ്രയോഗിച്ചിട്ടുള്ളത്. സൊറോസ്ട്രർ മതത്തിൽ ദൈവത്തിന് ഉപയോഗിച്ച പദം അഹൂറ മസ്ദ എന്നാണ്. എല്ലാ തിന്മയും കഷ്ടാനുഭവങ്ങളും അഹ്റമാന്റെ ബലിയാടുകളാണെന്ന് കുറ്റപ്പെടുത്തുന്നതോടെ ഈ പ്രശ്നം ആത്യന്തികമായി പരിഹരിക്കപ്പെട്ടു എന്ന് സൊറോസ്ട്രിയൻ ചിന്തകന്മാർ കരുതി. എന്നാൽ, അത് അപ്രകാരമല്ലായിരുന്നു. സോക്രട്ടീസ് അവരുടെ സമകാലികനായിരുന്നു. അദ്ദേഹം ഇതിനെപ്പറ്റി കേട്ടുകാണും. അദ്ദേഹം സ്വയം തന്നെ ഇതിനെപറ്റി ചിന്തിച്ചിട്ടുമുണ്ടാകണം. എങ്കിലും അദ്ദേഹം അത് നിരാകരിക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസ്തതയോടെ ചേർന്നു നിൽക്കുകയും ചെയ്തു. ഒരു പ്രശ്നം പരിഹരിക്കാനുള്ള ഈ സൊറോസ്ട്രിയൻ ശ്രമം അതിനേക്കാൾ കഠിനമായ മറ്റൊരു കീറാമുട്ടി സൃഷ്ടിക്കുകയാണ് ചെയ്തത്. അവസാനത്തെ ഈ ശ്രമം നാം ചർച്ച ചെയ്യുന്നതാണ്. ഇപ്പോൾ നാം ഓർമിക്കേണ്ടത് തിന്മക്ക് അതിന്റേതായ സ്വതന്ത്ര അസ്തിത്വമില്ല എന്നതാണ്. അത് സൃഷ്ടിക്കപ്പെടേണ്ട ഒന്നാണ്.

യഥാർഥത്തിൽ തിന്മ എന്നത് നന്മയുടെ അഭാവമാണ്. നന്മയുടെ അഭാവമാണ് തിന്മയെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വെളിച്ചവും നിഴലും ഒളിച്ചു കളിക്കുന്നത് പോലെയാണിത്. നിഴൽ സാക്ഷാലുള്ള വസ്തുവല്ല. വെളിച്ചമാണ് കാര്യം. അതാണ് നിഴൽ സൃഷ്ടിക്കുന്നത്. എന്നിരുന്നാലും നിഴൽ വെളിച്ചത്തിൽ നിർമിക്കപ്പെട്ടതല്ല. വെളിച്ചത്തിന്റെ അഭാവത്തിന്റെ പേരാണത്. വെളിച്ചം എവിടെയാണോ തടയപ്പെടുന്നത് അവിടെ നിഴൽ ജനിക്കുന്നു. പിൽക്കാലത്തെ സോറോസ്ട്രിയൻ മതക്കാർക്ക് അഹ്റമാൻ എന്നു പേരായ ഒരു പൈശാചിക ശക്തിയെ സൃഷ്ടിക്കേണ്ടയാതൊരു ആവശ്യവുമുണ്ടായിരുന്നില്ല. നന്മയെ മാത്രമായിരുന്നു ഇപ്രകാരം സൃഷ്ടിക്കേ ണ്ടിയിരുന്നത്. നന്മ തിരോഭവിക്കുമ്പോഴാണ് തിന്മ രംഗപ്രവേശനം ചെയ്യുക. അഹ്റമാൻ ഇരുട്ടിന്റെ ദൈവമാണെങ്കിൽ പ്രകാശത്തിന്റെയും ധർമത്തിന്റെയും നിഷേധത്തിൽ നിന്നാണത് ഉത്ഭവിക്കുന്നത്. അവ അതിന്റെ സ്രഷ്ടാവല്ല.

കഴിഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ നമുക്ക് സംശയലേശമന്യേ പറയാം സൊറോസ്ട്രർ(അ) ദൈവത്തിൽ വിശ്വസിച്ചിരുന്നു. അവനിൽ മാത്രമാണ് അദ്ദേഹം വിശ്വസിച്ചത്. ദൈവത്തിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജ്ഞാനവും ശാശ്വത സത്യവും വെളിപാടുകളിലൂടെ നേരിട്ട് ലഭിക്കുന്നു. അത് ബുദ്ധി കൊണ്ട് മാത്രം മനനം ചെയ്തെടുക്കാവുന്നതോ അന്തഃപ്രചോദനത്തിലൂടെ ലഭിക്കുന്നതോ അല്ല.തിന്മയുടേയും, കഷ്ടാനുഭവങ്ങളുടേയും സമസ്യക്ക് സൊറോസ്ട്രിയൻ മതം സമർപ്പിച്ച പരിഹാരങ്ങളിലേക്ക് നമുക്ക് തിരിച്ചു വരാം. നമുക്ക് ഈ തത്ത്വശാസ്ത്രം ഒരിക്കൽ കൂടി ആഴത്തിൽ ചർച്ച ചെയ്യാം. എങ്ങനെയാണ് പീഢാനുഭവങ്ങൾ അസ്തിത്വത്തിലേക്ക് വരുന്നത്? എന്താണ് പീഢാനുഭവങ്ങളുടെ അർഥം? തിന്മ ആസൂത്രണം ചെയ്യുന്ന ഒരു ദൈവവും നന്മ രൂപപ്പെടുത്തുന്ന മറ്റൊരു ദൈവവും ഉണ്ടായിരുന്നുവെന്നിരിക്കട്ടെ. ഒന്ന് മറ്റൊന്നിനു മേൽ വിജയം നേടുന്ന സമരത്തിന്റെ അന്തിമഫലമെന്തായിരിക്കും? ആരാണ് വിജയം വരിക്കുക?എന്ത് കൊണ്ട് വിജയം വരിക്കുന്നു? സൊറോസ്ട്രർ(അ) നന്മയുടെ അന്തിമ വിജയത്തിൽ ആശ്വാസം കൊള്ളുന്നതായി കാണാം. എന്തുകൊണ്ട് നന്മ അവസാനം വിജയം വരിക്കുന്നു എന്ന അവരുടെ തത്ത്വശാസ്ത്രത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. രണ്ട് ദൈവങ്ങളും സ്വതന്ത്രരും ഒന്ന് മറ്റൊന്നിനെക്കാൾ ബലഹീനവുമാണെങ്കിൽ ശക്തനായ ദൈവം ബലഹീനനായ ദൈവത്തെ ഒരുപാട് കാലം കഴിഞ്ഞെങ്കിലും നശിപ്പിക്കും. അങ്ങനെ കാലക്രമേണ നന്മ തിൻമയെ ഒടുവിൽ അതിജയിക്കും. ഇപ്രകാരമല്ല എന്നാണെങ്കിൽ രണ്ട് ദൈവങ്ങൾക്കും തുല്യശക്തിയായിരിക്കണം. എന്നാൽ, ഇവ രണ്ടിന്റെയും ഏറിയും കുറഞ്ഞുമുള്ള കളി അനന്തമായി തുടരാം. അത്തരമൊരവസ്ഥയിൽ നന്മയുടെ അന്തിമ വിജയം ആഘോഷിക്കുക എന്നത് തീരെ അസാധ്യമാണ്.

നമുക്ക് തിരിച്ചു വരേണ്ട മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ടെന്നു തോന്നുന്നു. ആ പ്രശ്നം പീഢാനുഭവത്തിന്റെ പ്രശ്നമാണ്. നാം നേരത്തെ വെളിപ്പെടുത്തിയത് പോലെ സൊറോസ്ട്രർ മതത്തിലെ ദ്വന്ദാത്മക വാദത്തിന് പ്രത്യക്ഷത്തിൽ പരിഹാരമുണ്ടെന്ന് തോന്നാമെങ്കിലും പ്രശ്നം പരിഹരിക്കാതെ പരാജയപ്പെടുകയാണുണ്ടായത്. ദ്വന്ദാത്മകവാദം ആഴത്തിൽ പരിശോധിക്കുമ്പോൾ ദയാലുവായ ദൈവത്തിന്റെ സൃഷ്ടി പദ്ധതി കഷ്ടാനുഭവങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്ന് കാണുന്നു. ഈ പ്രശ്നം അതിന്റെ പ്രാധാന്യമനുസരിച്ച് തുടർന്നു വരുന്ന അദ്ധ്യായത്തിൽ സ്വതന്ത്രമായി ചർച്ച ചെയ്യുന്നതാണ്.

(വെളിപാട് യുക്തി ജ്ഞാനം സത്യം എന്ന പുസ്തകത്തിൽ നിന്ന്)



# ഹജ്ജിന്റെ തത്ത്വശാസ്ത്രം

എല്ലാ മതങ്ങളിലും തീർഥാടനമുണ്ട്. അതാത് മതത്തിന്റെ ചരിത്ര സംഭവങ്ങളോടും മതസ്ഥാപകന്മാരുടെ ജീവിതവുമായും ബന്ധപ്പെട്ട സ്ഥലങ്ങളായിരിക്കും തീർഥാടന കേന്ദ്രങ്ങൾ. ഇസ്‌ലാമിന്റെ തീർഥാടനം ഹജ്ജുംതീർഥാടന കേന്ദ്രം മക്കയുമാണ്. ഇസ്‌ലാമിന്റെ ആവിർ ഭാവത്തിന് മുമ്പ് തന്നെ ഹജ്ജ് തീർഥാടനം ഉണ്ടായിരുന്നു. വളരെയധികം അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും വിധേമായിരുന്ന ഹജ്ജ് ഇസ്‌ലാം അതിന്റെ സ്വച്ഛവും ശുദ്ധവുമായ രൂപത്തിലേക്ക് വീണ്ടെടുക്കുകയായിരുന്നു.

അയിസാസ് ഖാൻ, കാനഡ

ലോകമതങ്ങളിൽ പലതും ചില പ്രത്യേക സ്ഥലങ്ങളുമായി ബന്ധപ്പെടുത്തി ആദ്ധ്യാത്മിക പ്രാധാന്യം നൽകുന്നു. തീർഥാടകർ ദർഗകളിലേക്കും പുണ്യവാളന്മാരുടെ കബറിടങ്ങളിലേക്കും ചില പരിശുദ്ധ ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലങ്ങളിലേക്കും ഭക്തിക്ക് വേണ്ടിയും കൃതജ്ഞത പ്രകടിപ്പിക്കാനും, പ്രകൃത്യതീതമായ ശക്തികളുടെ സഹായത്തിന് വേണ്ടിയും യാത്ര ചെയ്യുന്നു.[1] ആരാധകന് തന്റെ വിശ്വാസത്തോട് ഭക്തി പ്രകടിപ്പിക്കാനും അത് പരിശോധിക്കാനും തീർഥാടനം ഉതകുന്നു. വിശുദ്ധമായ സന്ദർഭത്തിലും സാഹചര്യത്തിലും ഒരാളുടെ വിശ്വാസ മുറപ്പിക്കുന്നതിനാൽ അയാളുടെ വിശ്വാസത്തിൽ പുരോഗതിയുണ്ടാകുന്നു. ഇന്ന് വിവിധ മതങ്ങളിൽ എന്തുദ്ദേശ്യത്തോടു കൂടിയാണെങ്കിലും തീർഥാടനം എന്ന സങ്കൽപ്പം എല്ലാ മതങ്ങളിലുമുണ്ട്. ഇത് വിശ്വാസ ത്തിന്റെ പ്രാധാന്യം പ്രകടമാക്കുന്ന ഒരു പ്രതിഭാസവുമാണ്. വിശുദ്ധ ഹജ്ജ് എന്നറിയപ്പെടുന്ന മക്കയിലേക്കുള്ള തീർഥാടനം ഇസ്‌ലാമിന് മുമ്പേയുള്ളതും യുഗങ്ങൾ പഴക്കമുള്ളതുമായ ഒരു സമ്പ്രദായമാണ്. ഇസ്‌ലാമിന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഹജ്ജ് നിരവധി മാറ്റങ്ങൾക്കും രൂപാന്തരണത്തിനും വിധേയമായിട്ടുണ്ട്. അതിൽ തൗഹീദിന് (ദൈവത്തിന്റെ ഏകത്വം) വിരുദ്ധമായി കൂട്ടിച്ചേർത്ത ഘടകങ്ങളും ഉൾപ്പെടുന്നു. ഇസ്‌ലാമിന്റെ ആവിർഭാവത്തോടെ ഹജ്ജിനിടയിൽ അനുഷ്ഠിക്കപ്പെടുന്ന തൗഹീദിന് എതിരായ എല്ലാ ഘടകങ്ങളും വിപാടനം ചെയ്യുകയും അതിന്റെ സ്വച്ഛരൂപം നിലനിർത്തുകയും ചെയ്തു. അങ്ങനെ ഹജ്ജിന്റെ തനിമ നിലനിർത്തുകയുണ്ടായി.

### തീർഥാടനം ലോക മതങ്ങളിൽ

### ഹിന്ദുമതം

ഹിന്ദുമതത്തിലെ തീർഥാടനം തീർഥയാത്ര എന്ന പേരിൽ അറിയപ്പെടുന്നു. ഒരു നദി കടന്ന് കടവിലേക്ക് അല്ലെങ്കിൽ സുരക്ഷിത സ്ഥലത്തേക്കുള്ള യാത്ര യെന്നാണ് അതിന്റെ അർഥം. തീർഥാടന കേന്ദ്രങ്ങൾ അക്ഷരാർഥത്തിലും ആലങ്കാരികാർഥത്തിലും തീർഥങ്ങളുടെ അടുത്താണ്.[2] ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക്



ഹിന്ദുക്കളുടെ പ്രധാന തീർത്ഥാടനകേന്ദ്രമായ ഗംഗാനദി

പോകുന്ന കടവുകൾക്കാണ് തീർഥങ്ങൾ എന്ന് പറയുന്നത്. ഒരു ലോകത്തു നിന്ന് കുറുകെ കടന്ന് മറ്റൊരു ലോകത്തേക്ക് പോകുക എന്നാണ്. അതിനാൽ പ്രസിദ്ധമായ തീർഥാടന കേന്ദ്രങ്ങൾ മഹാനദികളുടെ തീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. വരാണസി വിശുദ്ധ ഗംഗാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. അത് ഹിന്ദുക്കൾക്ക് വളരെ പ്രധാനപ്പെട്ട തീർഥാടന കേന്ദ്രമാണ്. ഗംഗാനദിയിൽ കുളിച്ചു കൊണ്ട് തീർഥാടകർ പരിശുദ്ധി ആർജിക്കുന്നതായി വിശ്വസിക്ക പ്പെടുന്നു. നിരവധി സ്ഥലങ്ങൾ ഹിന്ദു ഇതിഹാസങ്ങളുമായി ബന്ധപ്പെട്ട തീർഥാടന കേന്ദ്രങ്ങളാണ്. ചില വ്യക്തികളുമായും പ്രധാനപ്പെട്ട സംഭവങ്ങളുമായും ഇവക്ക് ബന്ധമുണ്ട്. മഹാഭാരതത്തിൽ പരാമർശിക്കപ്പെട്ട മഹായുദ്ധവുമായി ബന്ധപ്പെട്ട കുരു ക്ഷേത്രം, പ്രവാചകനായ ശ്രീകൃഷ്ണ (അ) ന്റെ ജന്മസ്ഥലമായ മഥുര തുടങ്ങിയ സ്ഥലങ്ങൾ പ്രസിദ്ധമായ തീർഥാടന സ്ഥലങ്ങളാണ്.[3] ചാർധാം എന്നറിയപ്പെടുന്ന ഹിമാലയ പർവതത്തിലെ നാല് പുണ്യക്ഷേത്ര ങ്ങളിലേക്കുള്ള തീർഥയാത്രയും പ്രസിദ്ധമാണ്. പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ തീർഥാടകർ നടത്തുന്ന യാത്രകൾ ധ്യാനത്തിന്റെയും തപസ്സിന്റെയും ശുദ്ധീകരണ രൂപങ്ങളായിട്ടാണ് കാണപ്പെടുന്നത്.

**ബുദ്ധമതം**

പ്രവാചകനായ ബുദ്ധൻ (അ) ചരമമടഞ്ഞ സ്ഥലം ഒരു തീർഥാടന കേന്ദ്രമാണ്. അത് പോലെ അദ്ദേഹത്തിന് ആത്മീയമായ വികാസങ്ങളുണ്ടായ സ്ഥലങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിലെ സുപ്രധാന സംഭങ്ങൾ നടന്ന സ്ഥലങ്ങളും ബുദ്ധമതക്കാരുടെ തീർഥാടന കേന്ദ്രങ്ങളായി കണക്കാക്കപ്പെടുന്നു.6 ബുദ്ധമതക്കാരുടെ തീർഥാടന കേന്ദ്രങ്ങൾ പ്രധാനമായി നാല് സ്ഥലങ്ങളാണ്.

1. ലുമ്പിനിയിലെ തോട്ടവും അതിന് സമീപസ്ഥമായ കപിലവസ്തു എന്ന പട്ടണവും. അവിടെയാണ് ബുദ്ധൻ ജനിച്ചതും പ്രവാചകനായി എഴുന്നേൽപ്പിക്കപ്പെട്ടതും.

2.ബോധഗയയിലുള്ള ബോധി വൃക്ഷം. അവിടെ വെച്ചാണ് ബുദ്ധന് ദൈവിക പ്രകാശം ലഭിച്ചത്.

3. സരാനാഥിലുള്ള പീർ പാർക്ക്. അവിടെവെച്ചാണ് അദ്ദേഹം ആദ്യമായി പ്രഭാഷണം നടത്തിയത്.

4. കുശിനഗിരി ഗ്രാമം. അവിടെ വെച്ചാണ് അദ്ദേഹം ചരമം പ്രാപിച്ചത്.

പ്രവാചകനായ ബുദ്ധന്റെ (അ) ജീവിതത്തിൽ എന്തെങ്കിലും സംഭവിച്ചത് ഏത് സ്ഥലത്ത് വെച്ചാണ് എന്നത്, എന്തു സംഭവിച്ചു എന്നത് പോലെ പ്രാധാന്യമർഹിക്കുന്നതാണ്. അതിനാൽ മേൽ പ്രസ്താവിച്ച നാലു സ്ഥലങ്ങളിൽ തീർഥാടനം ചെയ്യണം എന്ന് ബുദ്ധൻ(അ) തന്നെയാണ് ശക്തമായി പറഞ്ഞത്.

തീർഥാടകർ ഈ സ്ഥലങ്ങൾ സന്ദർശിക്കുകയും ബുദ്ധന്റെ ജീവിതത്തിലെ സംഭവങ്ങളും അനുഭവങ്ങളും സ്മരിക്കുകയും ചെയ്യുന്നു.

**ജൂത മതം**

ജൂത മതത്തിൽ ഇസ്രയേലിലെ പള്ളിയിൽ വർഷത്തിൽ മൂന്ന് തവണ തീർഥാടനം നടത്തുക എന്നത് ഒരോ ഇസ്റയേല്യനും നിർദേശിക്കപ്പെട്ടതാണ്.[8] ഈ തീർഥാടനോത്സവങ്ങൾ പെസഹാ, ശാവൂത്ത്, സുക്കോത്ത് എന്നിവയാണ്. ഈജിപ്തിൽ നിന്ന് ജൂതന്മാരുടെ പുറപ്പാടിനെ അനുസ്മരിച്ചുകൊണ്ട് ഏഴു ദിവസം ആഘോഷിക്കപ്പെടുന്നതാണ് പെസഹാ. ജൂത ജനത ആഘോഷിക്കുന്ന ഓർമ പെരുന്നാളാണ് പെസഹാ. ശാവൂത്ത് ഒറ്റ ദിവസമാണ് ആഘോഷിക്കപ്പെടുക. പർവതത്തിൽ തൗറാത്ത് വെളിപാടായി ഇറക്കപ്പെട്ടതിനെ ഇത് അനുസ്മരിപ്പിക്കുന്നു. പൊതു ആരാധനാഗ്രന്ഥങ്ങളിൽ ഇത് വിവരിക്കപ്പെട്ടിരിക്കുന്നത് തൗറാത്ത് നൽകപ്പെട്ട കാലം എന്നാണ്. നിരവധി ജൂതന്മാർ ശാവൂത്തിന്റെ മുഴു രാത്രിയിലും തൗറാത്ത് പഠനത്തിന് വേണ്ടി ചെലവഴിക്കുന്നു. സുക്കോത്ത് (ബൂത്തുകൾ) എട്ടു ദിവസം ആഘോഷിക്കപ്പെടുന്നു. ഇത് ദശകങ്ങളോളം ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന് ശേഷം ജൂതന്മാർ ബൂത്തുകളിൽ അഥവാ ദുർബലമായ കൂടാരങ്ങളിൽ താമസിച്ചതിന്റെ അനുസ്മരണമായിട്ടാണ് ആഘോഷിക്കപ്പെടുന്നത്. ശാവൂത്ത് തീർഥാടനത്തിന് പോകുന്നവർ ബൂത്തുകളിൽ താമസിക്കുന്നു. മതിലുള്ള ഈ നിർമിതികൾ ഓല കൊണ്ട് മേഞ്ഞതാണ്.[9] ജെറുസലേമിലെ നശിപ്പിക്കപ്പെട്ട ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ ജൂതന്മാർക്ക് പ്രസിദ്ധമായ ഒരു സ്ഥലമാണ്. നശിപ്പിക്കപ്പെട്ട പള്ളി കാണുമ്പോൾ ജൂത നിയമ പ്രകാരം ദുഃഖം പ്രകടിപ്പിക്കണം എന്നതിനാൽ, പശ്ചിമ മതിൽ രണ്ടാമത്തെ പള്ളിയുടെ അവശേഷിക്കുന്ന ഭാഗം മാത്രമാണ്. വിലാപമതിൽ എന്ന പേരിൽ ഇത് പ്രസിദ്ധമാണ്.

**ക്രിസ്തു മതം**

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മധ്യകാലഘട്ടത്തിലെ തീർഥാടകരുടെ ആകർഷക കേന്ദ്ര

ങ്ങൾ സ്പെയിനിലെ സാന്റിയാഗോ ഡി കോമ്പോസ്റ്റില (Santiago de Compostela) യും റോമും ആയിരുന്നു [11] ഒരു പക്ഷേ ആദ്യകാലത്ത് ഈ തീർഥാടന കേന്ദ്രങ്ങളാണ് ഏറ്റവും പ്രശസ്തമായത്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മാതാവായ ഹെലൻ ജെറുസലേമിലേക്ക് യാത്ര ചെയ്യുകയും അവിടെ പ്രവാചകനായ യേശുവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ തിരിച്ചറിയുകയും ചെയ്യുകയുണ്ടായി. ചക്രവർത്തിനി ആ സ്ഥലങ്ങൾ അടയാളപ്പെടുത്തുകയും അവിടെ ചർച്ചുകളും മൃതകുടീരങ്ങളും നിർമിക്കുകയും അവ തീർഥാടന കേന്ദ്രങ്ങളായി തീരുകയും ചെയ്തു. പരിശുദ്ധ കല്ലറയുടെ ചർച്ച് (The Church of the Holy Sepulcher) യേശു കുരിശിലേറ്റപ്പെടുകയും മറയടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലത്തിന് സമീപമുള്ളതാണ്. ഈ ചർച്ച് ദശലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ സന്ദർശിക്കുന്ന തീർഥാടന കേന്ദ്രമാണ്.[12] ക്രിസ്തു മതത്തിൽ പ്രവാച കന്മാരുടെയും പുണ്യവാളന്മാരുടെയും മൃതകുടീരങ്ങളും ചാപ്പലുകളും അറിയപ്പെട്ട തീർഥാടന കേന്ദ്രങ്ങളാണ്.[13]

**തീർഥാടനം ഇസ്‌ലാമിൽ**

ആഗോള ഉദ്ഗ്രഥനത്തിന്റേയും ഏകത്വത്തിന്റേയും മതമായ ഇസ്‌ലാമിൽ വാർഷിക തീർഥാടനത്തിനായി ഒത്തുചേരുന്ന ഏക സ്ഥലം മക്കയാണ്. അതിന്റെ പേരാണ് ഹജ്ജ് എന്നത്. തീർഥാടന കേന്ദ്രങ്ങൾ എല്ലാമതസ്ഥരിലും ഉണ്ടെങ്കിലും അവയുടെ തീർഥാടന കേന്ദ്രങ്ങൾ വിവിധ രാജ്യങ്ങളിലായി ചിതറിക്കിടക്കുന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ദൈവത്തിന് വേണ്ടി മുസ്‌ലിംകൾ ഏക സ്ഥലത്ത് ഒത്തു ചേരണമെന്ന് നിർദേശിക്കപ്പെട്ടിരിക്കുന്നു എന്നത് ലോകമതങ്ങളിൽ ഇസ്‌ലാമിന് അതുല്യമായ പ്രത്യേകതയാണുള്ളത്. ഹജ്ജ് തീർഥാടനം സ്വയം അതിന്റെ ലക്ഷ്യവും ആചാരങ്ങളും ആത്മീയതയുടെ തത്ത്വശാസ്ത്രപരമായ തലങ്ങളിൽ മനുഷ്യ വർഗത്തിന്റെ ഉദ്ഗ്രഥനത്തിന് വേണ്ടി സ്ഥാപിക്കപ്പെട്ടതും ഹജ്ജിന്റെ നിശ്ചിത ദിനങ്ങൾക്കപ്പുറം വ്യാപിച്ചു കിടക്കുന്നതുമാണ്.

**ഹജ്ജിന്റെ മൂന്ന് ലക്ഷ്യങ്ങൾ**

ഹജ്ജ് എന്നാൽ പുരുഷനോ സ്ത്രീയോ ആയ ഒരു മുസ്‌ലിം തന്റെ കടമ നിർവഹിക്കാൻ നടത്തുന്ന വെറും ശാരീരിക യാത്രയല്ല. വാഗ്ദത്ത മസീഹും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രസ്താവിക്കുന്നത് ഇസ്‌ലാമിലെ ഓരോ ആചാരത്തിനും ഒരു തത്ത്വശാസ്ത്രവും അതിന് നിദാനമായ ഒരു ആത്മാവും ഉണ്ടെന്നാണ്. ഒരു ശരീരത്തെ പോലെ ആരാധനാ നിർവഹണത്തിന് അന്തർലീനമായ ഒരു ആത്മാവും ഉണ്ട്. ആരാധനയുടെ ആത്മാവിനെ കുറിച്ച് ശ്രദ്ധിക്കാത്ത ശരീരത്തെ മാത്രം സ്നേഹിക്കുന്ന ഒരാൾ ശവത്തെ ആരാധിക്കുന്നതുപോലെയാണ്.[14] വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഹജ്ജിന്റെ ഉദ്ദേശ്യങ്ങൾ വിവരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഹജ്ജ് കൊണ്ട് ഉദ്ദേശിക്കപ്പെട്ട ലക്ഷ്യങ്ങളും പരിഷ്ക്കരണങ്ങളും പ്രഖ്യാപിക്കുന്നത് ഇപ്രകാരമാണ്.

*ആത്മാവിനേയും ഞാനെന്ന ഭാവത്തേയും സമൂലമായി പരിഷ്ക്കരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക.

*സർവശക്തനായ അല്ലാഹുവുമായി ആത്മാർഥമായ ബന്ധം സ്ഥാപിക്കുക.

*മനുഷ്യ കുലവുമായി ആരോഗ്യകരമായ ബന്ധം സ്ഥാപിക്കുക.

യഥാർഥത്തിൽ ഈ ലക്ഷ്യങ്ങളും പരിഷ്ക്കരണങ്ങളും എല്ലാവിധ പാപങ്ങളും ഇല്ലാതാക്കാൻ വേണ്ടിയാണ്. അതായത് പാപം ഒന്നുകിൽ സ്വന്തം ആത്മാവുമായി ബന്ധപ്പെട്ടതായിരിക്കാം. അല്ലെങ്കിൽ ദൈവത്തിന്റെ സൃഷ്ടികളുമായി ബന്ധപ്പെട്ടതായിരിക്കാം.[15] അതിനാൽ ഒരു മുസ്‌ലിം തീർഥാടകൻ ഹജ്ജിന്റെ ബാഹ്യമായ ചടങ്ങുകൾ പൂർത്തിയാക്കുകയും മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ദീർഘവും ക്ഷീണമുണ്ടാക്കുന്നതും ചെലവേറി യതുമായ ഒരു യാത്ര ചെയ്യുന്നതിൽ വിജയിച്ചു എന്നല്ലാതെ യാതൊന്നും നേടുന്നില്ല.

**അത്മീയ സംസ്കരണവും അല്ലാഹുവുമായുള്ള ബന്ധവും**

ഹജ്ജിനിനിടയിൽ നിർവഹിക്കപ്പെടുന്ന ചരിത്ര സംഭവ സ്മരണകൾ, ചടങ്ങുകൾ, പ്രവൃത്തികൾ എന്നിവയിലടങ്ങിയ യുക്തിയും തത്ത്വജ്ഞാനവുമാണ് തീർഥാടനത്തിന്റെ യഥാർഥമായ കാതൽ. ഹജ്ജിനിടയിൽ സന്ദർശിക്കുന്ന ചരിത്ര പ്രധാനമായ സ്ഥലങ്ങൾ പ്രധാനവും ചടങ്ങുകൾ അർഥശൂന്യവുമാണെങ്കിൽ പിന്നെ ഹജ്ജ് അപ്രസക്തവും അർഥശൂന്യവുമായ ഒരു യാത്രയായിരിക്കും. എന്നാൽ താഴെ കൊടുത്ത വിഷയ ക്രമം അനുസരിച്ച് ഹജ്ജിന്റെ വിവിധ വശങ്ങളിലടങ്ങിയ യുക്തികൾ ആത്മ ശുദ്ധി ത്വരിതപ്പെടുത്തുകയും തീർഥാടകനും ദൈവവുമായി ആത്മാർഥമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതായി കാണാം.

**മക്ക**

ഒരു തീർഥാടകൻ യാത്ര ചെയ്ത് ക്ഷീണിതനായി ഒടുവിൽ തന്റെ ദൃഷ്ടിയിൽ മക്കയിലെ മണൽ കുന്നു വന്നു പെട്ടാൽ ദൈവത്തിന് വേണ്ടി ത്യാഗമനുഷ്ടിക്കുന്നവനെ അവൻ സംരക്ഷിക്കുമെന്ന യാഥാർഥ്യം മനസ്സിലാക്കുന്നു. പൂർണമായും ഭക്ഷണവും വെള്ളവും ലഭ്യമല്ലാത്ത തരിശായ ഈ മരുഭൂമിയിലായിരുന്നു സർവശക്തനായ ദൈവം ഇസ്മായിൽ നബി (അ)യെയും മാതാവ് ഹാജറാ ബീവിയേയും രക്ഷിച്ചത് എന്ന യാഥാർഥ്യം ആ തീർഥാടകൻ സ്മരിക്കുന്നു. ചരിത്രപരമായ ഈ സത്യവും ആ ഭൂമിയാണ് ഞാൻ കാണുന്നതെന്ന സാക്ഷ്യവും കൂടിയാവുമ്പോൾ അതയാളുടെ ദൈവ സ്നേഹവും വിശ്വാസവും വർധി

പ്പിക്കുന്നു.

**മിന**

മിന എന്ന നാമം ഉംനിയ എന്ന പേരിൽ നിന്ന് നിഷ്പന്നമായതാണ്. അതിന്റെ അർഥം ആഗ്രഹം, ഉദ്ദേശ്യം എന്നിങ്ങനെയാണ്. ഹജ്ജ് പൂർത്തിയാക്കുന്ന ഒരു തീർഥാടകന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും അത് തന്റെ നാഥനുമായുള്ള കണ്ടുമുട്ടലാണ്. അതിനെ പ്രതിനിധാനം ചെയ്യുന്നതാണ് മിനായി ലേക്കുള്ള പ്രതീകാത്മകമായ ഈ യാത്ര. ശയ്ത്വാനിൽ നിന്ന് പൂർണമായും മുക്തനായി അല്ലാഹുവിനെ കണ്ടുമുട്ടുക എന്നതാണ് ഈ യാത്രയുടെ ആന്തരികമായ ഉദ്ദേശ്യം.

**അറഫാത്ത്**

ഈ അറബി പദത്തിന്റെ മൂലാർഥം മനസ്സിലാക്കുക, തിരിച്ചറിയുക എന്നൊക്കെയാണ്. അറഫാത്ത് സന്ദർശിക്കുന്ന തീർഥാടകൻ ഇപ്പോൾ അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ കണ്ടുമുട്ടുകയും ചെയ്തിരിക്കുന്നു.

**മുസ്ദലിഫ:**

മുസ്ദലിഫ എന്നത് സാമീപ്യത്തെ കാണിക്കുന്നു. മുസ്ദലിഫ സന്ദർശിക്കുന്നത് അർഥമാക്കുന്നത് ഏതൊരു ലക്ഷ്യത്തെയാണോ തീർഥാടകൻ തേടുന്നത് അതിപ്പോൾ വളരെ സമീപസ്ഥമാണെന്നാണ്.

**കഅബ**

ആദം നബി മുതൽക്കുള്ള ആ പുരാതന ഗേഹം ആദ്യമായി കാണുമ്പോൾ തീർഥാടകൻ വികാരഭരിതനാവുന്നു. ദൈവ സ്നേഹത്തിന്റെ പ്രകടനമായി ഈ ഗേഹം സന്ദർശിക്കുന്ന തലമുറകളായ ജനങ്ങളുടെ ശൃംഖലയുടെ ഭാഗമാണ് താനെന്നത് അവൻ മനസ്സിലാക്കുന്നു. കഅബയോടുള ബഹുമാനം അത് ഇസ്ലാമിൽ ഏറ്റവും പുണ്യമായ പ്രതീകമാണെന്ന തിരിച്ചറിവ് തീർഥാടകന്റെ മനസ്സിൽ ദൈവത്തോട് മാത്രമുള്ള സ്നേഹം നിറക്കുന്നു.

**ഹജറുൽ അസ്വദിനെ ചുംബിക്കൽ**

ദൈവത്തിന്റെ അസ്തിത്വത്തിന്റെ പ്രതീകമാണ് രൂപരഹിതമായ ഈ ശില. മനുഷ്യനാണ് ബിംബം രൂപ



പ്പെടുത്തി കൊത്തിയുണ്ടാക്കുന്നത്. ദൈവം ഒന്നേയുള്ളൂ അവൻ ഏകനാണ് എന്ന ബോധത്തിൽ നിന്ന് മാറ്റപ്പെടാൻ തീർഥാടകൻ ആഗ്രഹിക്കുന്നില്ല എന്നതിന്റെ പ്രകടനമാണ് ശിലാ ചുംബനം.

**ഇഹ്റാം**

പുരുഷ തീർഥാടകർ ധരിക്കുന്നത് തുന്നലില്ലാത്ത രണ്ട് കച്ചകൾ ആണ്. മരണത്തെകുറിച്ച് ആ ലളിത വസ്തധാരണം ഓർമിപ്പിക്കുന്നു. മുസ്ലിംകൾ മൃതദേഹത്തെധരിപ്പിക്കുന്ന അതേമാതിരികച്ചകൾ പ്രതീകാത്മകമാണ്. ദശ ലക്ഷക്കണക്കിന് തീർഥാടകർ മിനായിലും അറഫായിലും ഇഹ്റാം കെട്ടി ഒരുമിച്ചു കൂടുമ്പോൾ അത്തരമൊരു രംഗം, കണക്കെടുപ്പ് ദിവസത്തെ ഓർമിപ്പിക്കാനാണ്. തീർഥാടകർ അപ്പോൾ തങ്ങളുടെ കബറിടങ്ങളിൽ നിന്ന് എഴുന്നേൽപ്പിക്കപ്പെട്ട് ദൈവ സമക്ഷം ഹാജരാക്കപ്പെടുമെന്നതോന്നലുണ്ടാകുന്നതാണ്.

**തവാഫ് ( പ്രദക്ഷിണം)**

ഒരു തീർഥാടകൻ അയിരക്കണക്കായ മറ്റുള്ളവരോടൊപ്പം തവാഫ് ചെയ്യുമ്പോൾ അവർ ഈ ലോകത്ത് നിന്ന് മുറിക്കപ്പെട്ട വനായി തോന്നുകയും യഥാർഥത്തിൽ ദൈവസാന്നിദ്ധ്യത്തിലാണ് ഉള്ളതെന്നും വിചാരിക്കുകയാൽ സ്വയം വിനയം കൈകൊള്ളുകയും അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. യഥാർഥവും അഗാധവുമായ ദൈവ സ്നേഹത്തിന്റെ പ്രകടനമാണ് തവാഫ്. തവാഫിന്റെ തത്ത്വജ്ഞാനത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുന്നു. അത് ദൈവ സ്നേഹികളുടെ ഒരു അടയാളമാണ്. അതായത് തങ്ങൾക്ക് തങ്ങളുടെതായ ഒരു ഇച്ഛയുമില്ലെന്നും തങ്ങളുടെ ജീവിതംഅവന്റെ മുമ്പിൽ അർപ്പിച്ചിരിക്കുകയാണെന്നും അവൻ പ്രഖ്യാപിക്കുന്നു.[16]

**സഈയി (സഫാമർവാകുന്നുകൾക്കിടയിലുള്ള ഓട്ടം)**

സഫാ മർവാകുന്നുകൾക്കിടയിൽ ഓടുമ്പോൾ ഒരു തീർഥാടകൻ ആ സ്ഥലത്ത് വെച്ച് ഹാജറ ബീവി ഉത്ക്കണ്ഠാകുലയായി ഓടിയത് അനുസ്മരിക്കുന്നു. എല്ലാം ഉപേക്ഷിച്ച് മരുഭൂമിയിൽ താമസമാക്കിയ ആ ത്യാഗം അനുസ്മരിച്ച് കൊണ്ട് താനും ആ ത്യാഗത്തിന് തയ്യാറാകണമെന്ന് തീർഥാകൻ മനസ്സിലാക്കുന്നു. ഹാജറായുടെയും ഇസ്മായിലിന്റേയും ത്യാഗം അല്ലാഹു എപ്രകാരം വൃഥാവിലാക്കിയില്ലയോ അപ്രകാരം തന്റെയും ത്യാഗം ഒരിക്കലും വൃഥാവിലാവില്ല.

**റംയൽ ജമർ**

ശയ്ത്വാന്റെ പ്രതീകമായ മൂന്ന് തൂണിന്മേൽ കല്ലെറിയുന്നത് അർഥമാക്കുന്നത് ശയ്ത്വാന്റെ ആക്രമണത്തിൽ നിന്നുള്ള പൂർണ നിരാകരണമാണ്. മിനായിൽ മൂന്ന് തുണുകൾ ഉയർത്ത പ്പെട്ടിരിക്കുന്നത് ഇബ്രാഹിം നബി (അ) മൂന്ന് സ്ഥലങ്ങളിൽ ശയ്ത്വാന്റെ മൂന്ന് ആക്രമണങ്ങൾ പൂർണമായും നിരാകരിച്ച സ്ഥലമാണ്. ഈ മൂന്നു തൂണുകൾ മനുഷ്യജീവിതത്തിലെ മൂന്ന് ഘട്ടങ്ങളാണ്. അതായത് ഐഹിക ജീവിതം, ബർസഖി സ്ഥലം, ശാശ്വത മരണാനന്തര ജീവിതം. ഓരോ തൂണിലും കല്ലെറിയുന്നത് പ്രതീകാത്മകമായിട്ടാണ്. തീർഥാടകർ ഐഹിക ജീവിതത്തിൽ നിന്നും ശയ്ത്വാനിൽ നിന്നും വിദൂരപ്പെട്ട് ബർസഖിയായ അവസ്ഥയിലും അവസാനം പരലോക ജീവിതത്തിലും പ്രവേശിക്കുന്നത് ശയ്ത്വാനിൽ നിന്നും പരിപൂർണ

മോചനം നേടിക്കൊണ്ടായിരിക്കണം.

**സബീഹാ (മൃഗബലി)**

എപ്പോഴെങ്കിലും ആവശ്യമായാൽ തീർഥാടകർ ദൈവമാർഗത്തിൽ ജീവൻ വെടിയാൻ തയ്യാറായിരിക്കണം എന്നതാണ് മൃഗബലി നടത്തുന്നത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

**മഖാമെ ഇബ്റാഹിം**
**(ഇബ്രാഹിമി ന്റെ സ്ഥാനം)**

ഇബ്രാഹിമിന്റെ സ്ഥാനത്ത് വെച്ചുള്ള അഥവാ സ്ഥലത്ത് വെച്ചുള്ള (മഖാമെ ഇബ്റാഹിം) നമസ്ക്കാരം ഇബ്രാഹിം നബി (അ)യുടെ സഹനത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ള പ്രതീകമാണ്. അതാണ് ഓരോ മുസ്ലിമിന്റയും ലക്ഷ്യം. എല്ലാ തടസ്സങ്ങളെയും നീക്കികൊണ്ട് ഐഹികമായ എല്ലാ ബന്ധങ്ങ ളെയും വിച്ഛേദിച്ചു കൊണ്ട് തങ്ങളുടെ ആഗ്രഹങ്ങൾ അല്ലാഹു വിന് വേണ്ടി ഉപേക്ഷിച്ചു കൊണ്ട് ദൈവത്തെ പ്രാപിക്കാനുള്ള സ്ഥാനം അവർ പ്രാപിക്കുന്നു. അങ്ങനെ ആരാധന അതിന്റെ സമഗ്രമായ രീതിയിലും എത്തുന്നു.[18]

തിരഞ്ഞെടുക്കപ്പെട്ട ചില ചരിത്ര സ്മാരകങ്ങൾക്ക് പിന്നിലുള്ള ശക്തി മനസ്സിലാക്കുന്നത് തീർഥാടകൻ ഹജ്ജിലെ ഓരോ ചടങ്ങിന്റെയും തത്ത്വശാസ്ത്രം മനസ്സിലാക്കുമ്പോൾ തീർഥാടകന് ഉന്നതമായ ഒരു ആത്മീയ അവസ്ഥ പ്രാപിക്കാൻ സാധിക്കുന്നു. അല്ലാത്ത പക്ഷം അത് നഷ്ടമാവുന്നു. അതുകൊണ്ട് അർഥ പൂർണമായ ഹജ്ജ് നിർവഹിക്കപ്പെടുമ്പോൾ പരമോന്നതമായ ഒരു ലക്ഷ്യത്തിന് വേണ്ടി പ്രയത്നിക്കുമ്പോൾ ഇസ്ലാമിലെ ഒരു തീർഥാടകന് ഞാനെന്ന ഭാവം ഇല്ലാതാവുകയും തന്റെ സ്രഷ്ടാവുമായി എന്നെന്നും നിലനിൽക്കുന്ന ഒരു ബന്ധം ഉണ്ടാവുകയും ചെയ്യുന്നു.

**മനുഷ്യകുലവുമായുള്ള**
**ആരോ ഗ്യകരമായ ബന്ധം സ്ഥാപിക്കൽ**

മനുഷ്യൻ സ്വയം സംസ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയും ദൈവത്തോട് അർഹമായ കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചും ഊന്നി പറയുന്നത് പോലെത്തന്നെ സഹ ജീവികളോടുള്ള കടമകളുടെ പ്രാധാന്യത്തെ പറ്റി പൊതുവിൽ മനുഷ്യ കുലത്തോട് പുലർത്തേണ്ട ആരോഗ്യകരമായ ബന്ധം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും എടുത്തു കാട്ടുന്നു. ലോകത്തിന്റെ ഏതു ഭാഗത്തുള്ള മുസ്ലിംകളും ഒന്നായി ചേരാനും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും ബന്ധം ഊട്ടിയുറപ്പിക്കാനും വെറുപ്പിന്റേയും ശത്രുതയുടേയും വികാരങ്ങൾ കൈവെടിയാനുമുള്ള അവസരം ഹജ്ജ് മുഖേന യുണ്ടാകുന്നു. മീനാ താഴ്വരയിൽ മൂന്ന് ദിവസം കഴിച്ചു കൂട്ടുന്നതിനുള്ള യുക്തി വെറും ദൈവസ്മരണ മാത്രമല്ല. മുസ്ലിം പണ്ഡിതന്മാരും നേതാക്കന്മാരും മുസ്ലിം രാഷ്ട്രങ്ങൾക്കിടയിലും സമാധാന സംസ്ഥാപനത്തിനായി ഒരുമിച്ചുകൂടണം.[19]

അങ്ങനെയുള്ള അവസരത്തിൽ ഇസ്ലാമുമായി ദൗർഭാഗ്യവശാൽ ചേർത്തു പറയുന്ന ഏറ്റവും മോശപ്പെട്ട കാര്യങ്ങൾ അവരിൽ നിന്ന് വിപാടനം ചെയ്യാൻ പരസ്പരം ചർച്ച നടത്തുകയും തന്ത്രങ്ങൾ മിനഞ്ഞെടുക്കുകയും അതുവഴി ഇസ്ലാമിനെ പരത്താനും ഉയർത്താനും ശ്രമിക്കണം.[20] പ്രത്യേകമായി ഉണർത്താനുള്ള മറ്റൊരു കാര്യം ഹജ്ജുമായി ബന്ധപ്പെട്ട സമാധാന സംസ്ഥാപനത്തിന്റെ സാധ്യത മുസ്ലിംകൾക്ക് മാത്രമല്ല വർഗഭേദമന്യേ എല്ലാ രാഷ്ട്രങ്ങളിലേക്കും വ്യാപിപ്പിക്കണം. ശ്രദ്ധേയമായ കാര്യം വിശുദ്ധ ഖുർആന്റെ അദ്ധ്യാപന മനുസരിച്ച് കഅബ നിർമാണത്തിന്റെ ലക്ഷ്യങ്ങളിലൊന്ന് ലോകത്തെ ഏകീകരിക്കലും സമാധാനം സ്ഥാപിക്കലുമാണ്. [21]

ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ) അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫ വിശുദ്ധ ഖുർആൻ സൂറ: ബക്കറയിലെ 126-ാം വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് പറഞ്ഞത് ലോകത്തിലെ ഒരു സംഘടനക്കും അതെത്ര തന്നെ പരിശ്രമിച്ചാലും അല്ലാഹുവിന്റെ ഈ ഭവനത്തിൽ നിന്ന് പ്രവാചകൻ (സ) അവതരിപ്പിച്ച അദ്ധ്യാപനങ്ങൾ പിന്തുടരാതെ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാദ്ധ്യമല്ല എന്നാണ്.[22]

ലോക സമാധാന സ്ഥാപനത്തിനായി വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്ന അടിസ്ഥാന പരമായ അഞ്ച് തത്ത്വങ്ങൾ അന്തർ ദേശീയ സംഘടനകൾ പിന്തുടർന്നാലല്ലാതെ അവർക്ക് വിജയം കൈവരിക്കാൻ സാദ്ധ്യമല്ല എന്നാണ്.

*ഒരു രാഷ്ട്രത്തിനും മറ്റൊരു രാഷ്ട്രത്തിന് മേൽ മുൻഗണന നൽകരുത്.

*തർക്കങ്ങൾ അതാരംഭിക്കുന്ന നിമിഷം തന്നെ പരിഹരിക്കണം.

*അന്തർ ദേശീയ സന്ധികൾക്ക് കോട്ടം വരുത്തുന്ന പ്രാദേശികമായ മുൻവിധികൾ ഒഴിവാക്കണം.

*തർക്കങ്ങൾ ഉയർന്നു വരുമ്പോൾ വെറും പക്ഷപാതത്തിന്റെ പേരിൽ രാഷ്ട്രങ്ങൾക്ക് ശിക്ഷ നിർദേശിക്കരുത്. അതിന് പരിഹാരം കണ്ടെത്തണം.

*ആഗോള സമാധാനം കൈവരുത്താൻ ഒരോ രാഷ്ട്രവും ത്യാഗം വരിക്കണം. ഇസ്ലാമിന്റെ കേന്ദ്ര സ്ഥാനവും ഏറ്റവും പുണ്യം നിറഞ്ഞതുമായ കഅ്ബയുടെ ഈ ലക്ഷ്യവും തീർഥാടനവും ഹജ്ജിന്റെ ദിനങ്ങൾക്കപ്പുറമാണ്. ലോക സമാധാനം ഉണ്ടാക്കുക മാത്രമല്ല അത് ലക്ഷ്യം വെക്കുന്നത് അതിനെ അന്ത്യനാൾ വരെ നിലനിർത്താനും അതുപകരിക്കുന്നു.

**ഉപസംഹാരം**

വിശുദ്ധമായ ചരിത്ര സ്മാരകങ്ങളിലേക്കുള്ള തീർഥാടനം ഓരോ ലോക മതത്തിന്റേയും മുഖപ്പാണ്. ഇസ്ലാമിൽ മക്കയിലേക്കുള്ള വാർഷിക തീർഥാടനം ദൈവവുമായി എന്നെന്നും നിലനിൽ ക്കുന്ന ബന്ധം നിലനിർത്താൻ മുസ്ലിംകൾക്ക് അവസരം നൽകുന്നു. അവനോടും അവന്റെ സൃഷ്ടികളോടും സമാധാനത്തിൽ കഴിയാനും അവസരം നൽകുന്നു. ഓരോ വശത്തിലുമടങ്ങിയ തത്ത്വശാ സ്ത്രവും യുക്തിയും എത്രത്തോളം അഗാധവും തീർഥാടനത്തിന്റെ

# ഇസ്‌ലാമും മനുഷ്യാവകാശങ്ങളും

**സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നീതി തത്ത്വങ്ങളുടെ സുചിന്ത്യമായ സമാഹാരമാണ്. ഇസ്‌ലാം അദ്ധ്യാത്മികമായ ദൃഢതയോടും യുക്തിബോധത്തോടും മനുഷ്യാവകാശങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ മദ്ധ്യകാല മനസ്ഥിതി വെച്ചുപുലർത്തുന്ന ആധുനിക മുസ്‌ലിം നിയമ ശാസ്ത്രികൾ അയഥാർഥവും അനുഭവ ലോകത്ത് ഇല്ലാത്തതുമായ സാങ്കൽപ്പിക നിയമ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലായിരുന്നു അഭിരമിച്ചത്. ആധുനിക ലോകത്തിന്റെ വസ്തു നിഷ്ഠമായ പ്രശ്നങ്ങൾക്ക് നീതിപരവും നിയമ പരവുമായ ഇസ്‌ലാമിക പരിഹാരങ്ങൾ മുസ്‌ലിം പണ്ഡിതന്മാർ സാവകാശം മനസ്സിലാക്കി വരുന്നു.**

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

അല്ലാഹു വിട്ടുകളഞ്ഞതായി പറ ഞ്ഞതിന്, നിർദിഷ്ടമായ മാനദണ്ഡ ങ്ങളും മൂല്യങ്ങളും അനുസരിച്ച് ചട്ടക്കൂട്ടിലൊതുങ്ങിയ നിലയിലും പരസ്പര കൂടിയാലോചനകൾ വഴിയും പരിഹാരം കാണേണ്ടുന്ന പ്രശ്നങ്ങൾ എന്നാണർഥമാക്കേണ്ടത്. നന്മയെ (മഅ്റൂഫ്) വളർത്തുകയും തിന്മയെ(മുൻകർ) ഉപേക്ഷിക്കുകയും ചെയ്യുക എന്നതാകണം ഇക്കാര്യത്തിൽ മനസ്സിരുത്തേണ്ട ഒരു മാനദണ്ഡം.

നബി (സ) തിരുമേനി മുആദിനെ യമനിലെ ഖാസിയായി നിശ്ചയിച്ചപ്പോൾ വിധി കൽപ്പിക്കുന്ന കാര്യത്തിൽ എന്തു മാനദണ്ഡമാണ് സ്വീകരിക്കുക എന്ന് അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. താൻ ഖുർആൻ കൊണ്ട് വിധികൽപ്പിക്കുമെന്ന് മുആദ് (റ) മറുപടി നൽകി. ദിവ്യഗ്രന്ഥത്തിൽ അതിനുള്ള ഉത്തരം കണ്ടെത്തിയി ല്ലെങ്കിലോ എന്ന് തിരുമേനി(സ) അദ്ദേഹത്തോട് ചോദിച്ചു. ഞാൻ നബി (സ) യുടെ സുന്നത്ത് (തിരുചര്യ) അനുസരിച്ച് തീരുമാനമെടുക്കും എന്ന് പറഞ്ഞു. അതിലും പരിഹാരം കണ്ടെത്തിയില്ലെങ്കിലോ എന്ന് തിരുമേനി (സ) അദ്ദേഹത്തിനോട് പിന്നെയും ചോദിച്ചപ്പോൾ സ്വയം ആലോചിച്ച് തീരുമാനമെടുക്കും എന്ന് മുആദ് മറുപടി നൽകി. അത് തന്നെയാണ് ശരിയായ വഴിയെന്ന് തിരുനബി (സ) അദ്ദേഹത്തിന്റെ നിലപാട് ന്യായീകരിക്കുകയും ചെയ്തു.

ഈ അടിസ്ഥാനത്തിലാണ് അതിബൃഹത്തും സുവിശദവുമായ മുസ്‌ലിം നിയമ ശാസ്ത്ര സംഹിത മുഴുവൻ കെട്ടി പടുത്തത്. യഥാർഥ

അവസരം സ്വയം തന്നെ എത്രത്തോളം വിപുലവുമാണെന്ന് വെച്ചാൽ അത് ഹജ്ജിന് അതുല്യമായ മുഖച്ഛായയും ഗുണങ്ങളും നൽകുന്നു. അവ മറ്റുള്ള മതങ്ങളുടെ തീർഥാടനങ്ങളിൽ കണ്ടെത്തുകയില്ല.

മക്കയിലേക്കുള്ള തീർഥാടനം പൂർത്തിയാക്കൽ സർവ ശക്തനായ ദൈവത്താൽ സ്വീകരിക്കപ്പെട്ട ഒന്നാണ്. ഒരോ മുസ്‌ലിമിന്റേയും ഹൃദയംഗമമായ അഭിലാഷമാണ്. എന്നാൽ സത്യമിതാണ് അല്ലാഹുവിന്റെ ആകാശത്തുള്ള ഭവനത്തിലേക്കുള്ള ഹജ്ജ് ഒരു വ്യക്തി നിർവഹിക്കുന്നില്ലെങ്കിൽ അയാളുടെ ഭൂമിയിലെ ഹജ്ജ് സ്വീകരിക്കപ്പെടുന്നതല്ല. അതായത് ഹജ്ജിന്റെ യഥാർഥ ലക്ഷ്യമായ ആത്മ സംസ്കരണം ഒരാൾ നേടുന്നില്ലെങ്കിൽ ഹജ്ജ് നിരർഥകമാണ്. ഹജ്ജിന്റെ യഥാർഥമായ തത്ത്വജ്ഞാനം മനസ്സിലാക്കാനും അതുൾകൊള്ളാനും സർവശക്തനായ അല്ലാഹു മുസ്‌ലിംകളെ പ്രാപ്തരാക്കട്ടെ (ആമീൻ).

***The Review of Religions. Nov 2014***

***വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്***

Endnotes

(1.) Wendy Doniger, “Pilgrimage”, Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857. (2.) W.J. Johnson, Oxford Dictionary of Hinduism (Oxford: Oxford UP, 2009), 236., (3.) John Bowker, “Hinduism”, World Religions: The Great Faiths Explored & Explained (New York, N.Y: DK, 1997), 34., (4.) Stewart Murray et al., “Pilgrimages”, Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 379. (5.) W. J. Johnson, Oxford Dictionary of Hinduism (Oxford: Oxford UP, 2009), 236. (6.) Wendy Doniger, “Pilgrimage”, Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857.(7.) John S. Strong, “Life Story and Pilgrimage”, The Buddha: A Short Biography (Oxford: Oneworld, 2001), 7-8. (8). Exodus 23:17. (9.) Matt Stefon, “Pilgrim Festivals”, Judaism: History, Belief, and Practice (New York: Britannica Educational Pub. in Association with Rosen Educational Services, 2012) 172-77. (10.) Stewart Murray et al., “Pilgrimages”, Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 379. (11.) Wendy Doniger, “Jerusalem, Temple of”, Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857. (12.) Stewart Murray et al., “Pilgrimages”, Atlas of World Religions: A Visual History of Our Great Faiths (Long Island City, NY: Hammond World Atlas, 2009), 210. (13.) Wendy Doniger, “Pilgrimage”, Britannica Encyclopedia of World Religions (Chicago, IL: Encyclopaedia Britannica, 2006), 857. (14.) Hazrat Hafiz Mirza Nasir Ahmadra, Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 92. (15.) Holy Qur’an, Surah Al-Baqarah, Verse 198. (16.) Hazrat Mirza Ghulam Ahmadra, Mir’atul Haqa’iq, Collection of Fatawa Ahmadiyya, Comp. Muhammad Fadl Changawi, Vol. 3. (17.) Holy Qur’an, Surah Al-Baqarah, Verse 204. (18.) Hazrat Hafiz Mirza Nasir Ahmadra, Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 15. (19.) Holy Qur’an, Surah Al-Baqarah, Verse 204. (20.) Holy Qur’an, Surah Al-Baqarah, Verse 199. (21.) Holy Qur’an, Surah Al-Baqarah, Verse 126. (22.) Hazrat Hafiz Mirza Nasir Ahmadra, Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 24-25. (23.) Hazrat Hafiz Mirza Nasir Ahmadra, Twenty-three Great Objectives of Building the House of Allah (Tilford: Islam International Publications, 2012), 104-107.. - See more at: http://reviewofreligions.org/11362/the-philosophy-of-hajj/#sthash.HGzZ6cmd.dpuf

ത്തിൽ ഇസ്‌ലാം ധിഷണാപരമായ ഉത്തേജനങ്ങളിലൂടെ വിവിധ ചിന്താ മണ്ഡലങ്ങളിൽ ഒരു തിളച്ചു മറിയൽ ഉണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്. നിയമ ശാസ്ത്ര മണ്ഡലത്തിൽ മാത്രം നോക്കിയാൽ മതി അതി ശീഘ്രം വികസിച്ചു വന്ന ഇസ്‌ലാമിക സ്റ്റേറ്റിന്റെ നാനാ ഭാഗങ്ങളിലും വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ അനേകം നിയമ ശാസ്ത്ര ശാഖകൾ രൂപമെടുക്കുന്നതായി കാണാം. അവയിൽപ്പെട്ട ഹനഫി, മാലികി, ശാഫിഈച്ച് ഹംബലി (എല്ലാം സുന്നികൾക്കിടയിൽപ്പെട്ടവ തന്നെ) എന്ന ഈ നാലു ശാഖകൾ ഇസ്‌ലാമിക നിയമ സംഹിത അനുവർത്തിക്കപ്പെടുന്ന പ്രദേശങ്ങളിൽ ഇപ്പോഴും വലിയ സ്വാധീനം ചെലുത്തി പ്പോരുന്നുണ്ട്.

സുന്നി ശിയാ വിഭാഗത്തിൽപ്പെട്ട നിയമ ശാസ്ത്രങ്ങളും ഇമാമീങ്ങളും മറ്റു കക്ഷികളിൽപ്പെട്ടവരും അവരുടെ സമുന്നതരായ ശിഷ്യഗണങ്ങളും അവരുടെ പിൻഗാമികളായിരുന്ന ഒരു കൂട്ടം ആളുകളും നൂറ്റാണ്ടുകളിലൂടെ അവിരാമമായ പരിശ്രമങ്ങൾ വഴി മുസ്‌ലിം നിയശാസ്ത്ര സംഹിതയെ സമ്പുഷ്ടവും സുശോഭനവുമാക്കി വെച്ചെന്ന് മാത്രമല്ല പൊതുവേ നിയമ ശാസ്ത്രത്തിന്റെയും മനുഷ്യരാശിയുടെ പൊതു നിയമം (Common Law of Mankind) സാർവ ദേശീയ നിയമജ്ഞനായ വിൽഫ്രഡ് ജംങ്ക്സ് (C.Wilfred Jenks) വിശേഷിപ്പിച്ച തെന്തോ അതിന്റെ വളർച്ചക്ക് വേണ്ടി അനർഘമായ സംഭാവനകൾ സമർപ്പിക്കുകയുണ്ടായി. അങ്ങനെ നീതിന്യായ ലോകമാകെ അവരോട് അത്യധികം കടപ്പെട്ടിരിക്കുന്നു. എന്നാൽ അവരുടെ ബുദ്ധിപരമായ പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കു മ്പോൾ അവർ ആവശ്യത്തിലധികം കടന്നാണ് നിയമ നിർമാണം നടത്തിയിട്ടുള്ളതെന്ന് പറയുന്നത് അവരുടെ പ്രയത്നങ്ങളെ ഒരിക്കലും തരംതാഴ്ത്തുകയാവില്ല. യഥാർഥവും വ്യാവഹാരികവുമായ സ്ഥിതി വിശേഷങ്ങളെ കുറിച്ചുള്ള പരിചിന്തകളിൽ ഒതുങ്ങി നിൽക്കുന്നതിന് പകരം അവർ തങ്ങൾക്കൊരിക്കലും അഭിമുഖീകരി ക്കേണ്ടി വന്നിട്ടില്ലാത്ത സാങ്കേതികവും സാങ്കൽപ്പികവുമായ മണ്ഡലത്തിലേക്ക് കടന്നു ചെല്ലുകയാണ് ചെയ്തത്. ഇതു വഴി നിയമ ശാസ്ത്രത്തിന്റെ ചക്രവാളത്തെ വിസ്തൃ തമാക്കുകയാണെന്നാണ് അവർ കരുതിയിരുന്നതെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ അവർ അതിന്റെ വളർച്ച തടസ്ഥപ്പെടുത്തുകയാണുണ്ടായതാണെന്നാണ് അനുഭവത്തിൽ നിന്ന് തെളിയുന്നത്. സാങ്കൽപ്പിക പ്രശ്നങ്ങളും ഭാവനാപരമായ സ്ഥിതി വശേഷങ്ങളെയും കുറിച്ചുള്ള അവരുടെ നിഗമനങ്ങൾ നിയമ ശാസ്ത്രത്തിന്റെ അനന്തര വളർച്ചയെ മരവിപ്പിക്കുവാനെ പ്രയോജനപ്പെട്ടുള്ളൂ. തന്നിമിത്തം തുടർന്നുള്ള കാലഘട്ടങ്ങളിൽ അത് രചനാത്മകമായിരിക്കുന്നതിന് പകരം സിദ്ധാന്തശുഷ്കമായി അധ പതിക്കുകയാണുണ്ടായത്.

അവരോളം ഉയർന്നിട്ടില്ലാത്ത അവരുടെ പിൻഗാമികളാകട്ടെ തങ്ങളുടെ ബുദ്ധിയും പ്രതിഭയും ഉപയോഗപ്പെടുത്താനുള്ള പ്രായോഗികമോ ഭാവനാപരമോ ആയ ഒരു വിഷയവും ബാക്കിയായിട്ടില്ലെന്ന് കണ്ടപ്പോൾ രസകരവും കൗതുകരവുമായ പുതിയ തുറകളിലേക്ക് ബുദ്ധി തിരിച്ചു വിടുകയാണ് ചെയ്തത്. എത്രത്തോളമെന്ന് വെച്ചാൽ, നിയമത്തിന്റെ പൊരുളിനെ അവഗണിച്ചും ഉദ്ദേശ്യങ്ങളെ പരാജയപ്പെടുത്തിയും കേവലം അക്ഷരാർഥത്തിൽ മാത്രം അത് അനുവർത്തിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്ന 'ബാബു;ൽ ഹിയൽ' അഥവാ 'ഒഴിഞ്ഞു മാറ്റം'എന്നൊരു പ്രത്യേക അദ്ധ്യായം തന്നെ പിൽക്കാലത്തെ നിയമ ശാസ്ത്ര ഗ്രന്ഥങ്ങളിലുൾപ്പെടുത്തുന്നതിന് പോലും അവർ പ്രചോദിതരായി! നിയമത്തെ ഉജ്ജീവിപ്പിക്കുന്നതിന് പകരം അതിനെ നിർജീവമാക്കുകയാണ് ഇതിന്റെ ഫലമെന്ന് പറയേണ്ടതില്ലല്ലോ മുസ്‌ലിം നിയമ ശാസ്ത്രം വളർച്ച മുട്ടിയെന്ന് മാത്രമല്ല കനത്ത തിരിച്ചടിക്ക് വിധേയമായി തീരുകയും ചെയ്തു.

ഒരു നൂറ്റാണ്ടു കാലത്തിനിന്നിങ്ങോട്ട് മുസ്‌ലിം ചിന്താഗതിയിൽ സാർവത്രികമായ ഒരു നിർദ്ധാരണം നടന്നു കൊണ്ടിരിക്കുകയാണെന്ന് കാണാം. ഇസ്‌ലാം മത പണ്ഡിതന്മാർക്കിടയിൽ ചില വിഭാഗങ്ങൾക്ക് ഇതത്ര സ്വാഗതാർഹമായി തോന്നിയി ട്ടില്ല എന്ന് ഈ നവോത്ഥാനത്തിന്റെ പ്രതിചലനങ്ങൾ നിരീക്ഷിച്ചു വിലയി രുത്താൻ കഴിയും. അവരെ സംബ ന്ധിച്ചിടത്തോളം മധ്യകാല യുഗ ത്തിലെ ആ കാൽപനിക വ്യാപാരങ്ങ ളാണ് ഏറെ ആകർഷകമായിട്ടുള്ളത് എന്ന് പറയാം. അതിന്റെ പ്രഭാവ ത്തിൽ നിന്നും അവർക്ക് വിടുതി നേടാനാവുന്നതല്ല. ഭാവനയുടെ നിറവും മണവും ഇല്ലാത്തതു കാരണം വസ്തുനിഷ്ഠവും പ്രായോ ഗികവുമായ പ്രശ്നങ്ങളിൽ അവർക്കത്ര താൽപര്യം ഇല്ലാതെയാണിരിക്കുന്നത്. എങ്കിലും യാഥാർഥ്യങ്ങളെ നേരിടാൻ അവരൽപ്പം പണിപ്പെട്ടിരുന്നുവെങ്കിൽ ആധുനിക മുസ്‌ലിം ചിന്താഗതിയിൽ വ്യാഖ്യാ നങ്ങളിലും വിശ്വാസങ്ങളിലും നിയമ ശാസ്ത്രങ്ങളിലും ആത്മീയ മൂല്യങ്ങ ളിലും എല്ലാംതന്നെ ഊർജസ്വലവും പരിഷ്ക്കരണാതമകവും പുരോഗമനാത്മകവുമായ ഒരു സ്വഭാവം അവർക്ക് കണ്ടെത്താൻ കഴിയും. അതവർക്ക് സ്വാഗതാർഹമായിരിക്കേണ്ടതാണ്. പലരും ഇത് മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട്. ഇസ് ലാം പിന്നിട്ടുള്ള സമൃദ്ധവും സമ്പന്നവുമായ പൈതൃകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വിലപിടിപ്പുള്ള ഒരു വശവും ഉപേക്ഷിക്കാതെ തന്നെ നമ്മുടെതായ ഈ പുതുയുഗത്തിൽ അതിന് നൽകാനുള്ള സംഭാവനകളിലേക്ക് അവർ കൗതുകപൂർവം ഉറ്റു നോക്കാൻ തുടങ്ങിയിരിക്കുന്നു.

ഇസ്‌ലാമിക വീക്ഷണത്തിൽ മനുഷ്യവകാശ പ്രഖ്യാപനത്തെക്കുറിച്ച് പറയുമ്പോൾ പ്രഖ്യാപനത്തിലെ അന്തസത്തയേയും ഉദ്ദേശ്യലക്ഷ്യങ്ങളെയും വ്യക്തമായി അനു

കൂലിക്കുന്ന മൂല്യങ്ങളും നിലവാരങ്ങളും ഇസ്‌ലാം ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും പ്രഖ്യാപനത്തിലെ എല്ലാ സവിശേഷ വകുപ്പുകളും പദാനുപദമായി അവതരിപ്പിച്ചിട്ടില്ലെന്നത് പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.

മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ചില ഖണ്ഡികകൾ മൗലികാവകാശങ്ങളെയും ചില മഹനീയ തത്ത്വങ്ങളെയും ആവർത്തിച്ചു പറയുകയും ഊന്നിയുറപ്പിക്കുകയും ചെയ്യുമ്പാൾ മറ്റു ചില ഭരണ നയങ്ങളെ പൊതു ലക്ഷ്യങ്ങളെന്ന നിലയിൽ പുരോഗമനപരമായി നടപ്പിൽ വരുത്തേണ്ടുന്ന ഉദ്ദേശങ്ങളെയും ലക്ഷ്യങ്ങളെയും കുറിച്ച് ഉൽഘോഷിക്കുകയും അവയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും മാത്രമാണ് ചെയ്യുന്നത്. വേറെയും ചില വകുപ്പുകളാകട്ടെ ഇന്നത്തെ പരിതസ്ഥിയിൽ സ്വാതന്ത്ര്യവും നീതിയും സമത്വവും കൈവരുത്തുന്നതിന് അവശ്യം സ്വീകരിക്കേണ്ടുന്ന ആശാസ്യ നടപടികളുടെ പ്രായോഗിക രൂപം വിവരിക്കുന്നു. മനുഷ്യവകാശ പ്രഖ്യാപനം എല്ലാവിധ സംഭവ്യത കളെയും പരിഗണിച്ചു കൊണ്ടുള്ള പരിപൂർണമായ ഒരു അവകാശരേഖയായിരിക്കണമെന്ന് ഒരിക്കലും ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മനുഷ്യാവകാശങ്ങളെ അന്യൂനമായ നിലയിൽ ക്രോഡീകരിക്കുക സാദ്ധ്യവുമല്ലല്ലോ. അപ്പോലെ തന്നെ സമൂഹത്തിലും നിന്നും ഭരണ കൂടത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്ന പരിവർത്തന ങ്ങളെയോ സംഭവ വികാസങ്ങ ളെയോ മുൻ നിർത്തി അതിന്റെ വകുപ്പുകളിൽ ഭേദഗതികളോ പരിഷ്ക്കാരങ്ങളോ വരുത്തു കയാണെങ്കിൽ അത് സംഗതമായിരിക്കുന്നതുമല്ല.

ഇതിനെല്ലാം പുറമെ, പ്രഖ്യാപനം സ്വീകരിക്കുയോ അതിന് പിന്തുണ നൽകുകയോ ചെയ്യുന്നത് കൊണ്ട് മാത്രം ഒരു സമൂഹ ഘടകം അഥവാ സ്റ്റേറ്റ് പ്രഖ്യാപനത്തിലെ ഓരോ ഖണ്ഡികയിലുമുള്ള വകുപ്പുകളെ അക്ഷരാർഥത്തിൽ തന്നെ അനുവർത്തിച്ചു കൊള്ളുന്നതിനുള്ള ബാദ്ധ്യസ്ഥങ്ങളാകുന്നില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ചില കാര്യങ്ങളിൽ ഇത് പ്രായോഗികമല്ലായിരിക്കാം. അത് നമ്മുടെ ഉദ്ദേശത്തെ തന്നെ പരാജയപ്പെടുത്തിയെന്നും വരാം സ്റ്റേയിറ്റുകളെ സംബന്ധിച്ചേടത്തോളം ഇക്കാര്യത്തിൽ മനുഷ്യാവകാശങ്ങളുടെ തിട്ടൂരവും ( Covenent of Humen Rights) സ്റ്റേറ്റുകൾ തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്ന പ്രഖ്യാപന മുൾക്കൊള്ളുന്ന പ്രോട്ടോക്കോളിൽ ആവശ്യമായ ശ്രദ്ധ ചെലുത്തിയാൽ മതിയാകും ചില പ്രത്യേക സമൂഹങ്ങളെ സംബന്ധിച്ചേടത്തോളം ഒരോ കാര്യത്തിലുമുള്ള വിശദ വശങ്ങളിലേക്ക് കടന്ന് അവ അക്ഷരം പ്രതി ആവർത്തിച്ചു കൊള്ളേണ്ടതാണെന്ന് നിർബന്ധിക്കുന്നതിന് പകരം പ്രഖ്യാപനത്തിന്റെ പൊരുൾ അഥവാ അന്തസത്ത മനസ്സിലാക്കി അതിനെ സർവ്വദാ വിജയിപ്പിക്കുന്നതിന് വേണ്ടി എല്ലാ പരിശ്രമങ്ങളിലും തിരിച്ചു വിട്ടു കൊണ്ട് മൂല്യങ്ങളെ സംബന്ധിച്ച സംഘട്ടനം ഒഴിവാക്കുന്നത് ആശ്യാസകരമായിരിക്കുന്നതാണ്. ആദർശ ബന്ധുരമായ ലക്ഷ്യങ്ങളെ അപകടപ്പെടുത്തുകയി ല്ലെങ്കിൽ സാംസ്കാരിക രംഗത്ത് വൈവിധ്യവും സങ്കോചവികാസവും ഒരതിരോളം സ്വാഗതാർഹവും പരിരക്ഷണീയവുമായിരിക്കുകയേ ഉള്ളു. അവയെ തികച്ചും തുടച്ചു നീക്കേണ്ടതിതായിട്ടില്ല.

*വിവ: എൻ. അബ്ദുർ റഹിം*


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടി ക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കി യിരിക്കുന്നു.

www.mta.tv

# നിരക്ഷരനായ പ്രവാചകൻ

റസൂൽ തിരുമേനി (സ) നിരക്ഷരനായിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപരായണ ത്തിൽ നിന്നല്ല. 'ഉമ്മി' എന്നതിന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെ പോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർഥവുമുണ്ട്.

മുഹമ്മദ് ഉമർ. എച്ച് എ

പ്രവാചക ശ്രേഷ്ഠനും മനുഷ്യ കുലത്തിന്റെ ആത്മീയ മാർഗ ദർശകനും ലോകാനുഗ്രഹിയുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സൃഷ്ടിച്ച മഹാപരി വർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യ മായ വ്യക്തി മുദ്ര പതിപ്പിച്ച റസൂൽ നിരക്ഷരനായിരുന്നു. അഥവാ ഉമ്മി ആയിരുന്നു. മനുഷ്യ സമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂല വിപ്ലവം വരുത്തുകയും സ്വാധീനി ക്കുകയും ചെയ്ത റസൂൽ തിരു മേനി(സ) യുടെ ജ്ഞാന സ്റോതസ്സ് ശുദ്ധമായ വെളിപാടുകൾ മാത്രമാ യിരുന്നു. കലർപ്പില്ലാത്ത ഈ ദൈ വിക സ്റോതസ്സു മാത്രമായി രുന്നു റസൂൽ(സ) തിരുമേനിയുടെ ജ്ഞാനത്തിന്റെ ഉറവിടം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅ ത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 'ഉമ്മി' എന്നതിന്റെ അർഥം ഉമ്മയുമായി അഥവാ മാതാ വുമായി അഭേദ്യമായി ബന്ധപെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെ പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി (സ) മാനുഷമായ മറ്റു ഉറവിടങ്ങളിൽ നിന്നൊന്നും തന്നെ ജ്ഞാനം സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന് ലബ്ദമായതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. ഇസ്‌ലാം മതത്തി ന്റെ ദൈവികതയെ സംബന്ധിച്ച് ഈ സ്വച്ഛതയാണ് ഉമ്മിയിൻ ആയ പ്രവാചകൻ എന്ന വിശേഷണ ത്തിൽ നിറഞ്ഞു നിൽക്കുന്ന ധ്വനി. മറ്റു പ്രവാചകന്മാരെകുറിച്ച് ഊന്നി പറയാത്ത ഒരു ഗുണം റസൂൽ തിരുമേനി (സ) യെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള ഒരു കാരണം ഇതാണ്.

ലോകത്തിന് ശാശ്വതമായ ആത് മീയ ജ്ഞാനത്തിന്റെ ഭണ്ഡാരമായ വിശുദ്ധ ഖുർആൻ നൽകി അനുഗ്ര ഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിയായിരുന്നുവെന്നത് തിരുമേനി (സ)ക്ക് മാത്രം സ്വന്തമായുള്ള ഒരു ആത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചകനേയും വിശുദ്ധ ഖുർആനോ വേറെയേതെങ്കിലും ഒരു വേദഗ്രന്ഥമോ ഉമ്മി എന്ന് വി ശേഷി ഷിപ്പിച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരുനബി (സ) യെ ഉമ്മിയെന്നും അദ്ദേഹത്തി ന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് റസൂൽ കരിം (സ) നെ കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

***'നിരക്ഷര പ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബി (സ) പിൻ പറ്റുന്നവരാ ണവർ. അദ്ദേഹത്തെ സംബ ന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിയതായി അവർ കണ്ടെത്തുന്നു.'*** (7:158) ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്തു.

യഹൂദി നസാറാക്കളുടെ വേദ ഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീ ലിലും നിരക്ഷരനായ ഒരു പ്രവാച കനെ പ്പറ്റി അതായത് മുഹമ്മദ് നബി(സ) യെ പറ്റി എഴുതപ്പെട്ടിരി ക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവി ശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു: ***'നീ പറയുക. അല്ലയോ ജനങ്ങളേ നിശ്ചയമായും ഞാൻ നിങ്ങൾ ക്കെല്ലാവർക്കുമുള്ള ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധകനുമില്ല തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതു കൊണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസി ക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും (വിശ്വസി ക്കുക) നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക. ' (7:159)***

ഇവിടെ സർവ ജനങ്ങൾക്കും സ്ഥലകാലാദികൾക്കും അതീതമായ മാർഗ ദർശനത്തോടു കൂടി അവതീർ ണനായ ഹദ്റത്ത്

മുഹമ്മദ് നബി (സ) യെ ഒരു ഉമ്മിയായി നിരക്ഷര നായിട്ടാണ് വിശേഷിപ്പിപ്പിച്ചിരിക്കു ന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസം ബോധകരായ അറബികളെ കുറിച്ച് അവർ നിരക്ഷരരായിരുന്നു വെന്ന് സൂചിപ്പിച്ച്കൊണ്ട് അല്ലാഹു പറയു ന്നു: *'ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാഹു വിന് സ്വയം) അർപ്പണം ചെയ്യുന്നു ണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യുന്നു വെ ങ്കിൽ അവർ നേർ മാർഗം പ്രാപിച്ച വരായി തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ (സന്ദേ ശം) എത്തിക്കുക എന്നത് മാത്രമാ ണ് നിനക്കുള്ള ബാദ്ധ്യത. അല്ലാഹു ദാസന്മാരുടെ സ്ഥിതിഗതികൾ നന്നായി അറിയുന്നവനാണ്. ' (3:21)*

ഇവിടെ അല്ലാഹു യഹൂദി നസറാ ക്കളായ ഗ്രന്ഥാനുസാരികൾക്കും അവരിൽ പെടാത്ത നിരക്ഷരരായ അറബികൾക്കും ഇസ്‌ലാം മതം ആശ്ലേഷിക്കുവാനുള്ള സന്ദേശം എത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനി (സ) യോട് ആജ്ഞാപി ക്കുന്നു. മറ്റൊരിടത്ത് അരുൾ ചെയ്യു ന്നു: അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവ രിൽ നിന്നുള്ള ഒരു ദൂതനെയാണ് എഴുന്നേൽപ്പിച്ചിട്ടുള്ളത്. (62:3)

ഇവിടെ അറബി ജനതപൊതു വിൽ അക്ഷരജ്ഞാനമില്ലാത്തവരാ ണെന്നും ഹദ്റത്ത് നബി കരിം(സ) അവരിൽപ്പെട്ട ഒരാളാണെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് 'ഹകമൻ അദ്‌ലൻ' ആയി അവതരിച്ച ഹദ്റ ത്ത് മസീഹ് (അ) തന്റെ ഗ്രന്ഥങ്ങ ളിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരു നിരക്ഷരനായിരുന്നു വെന്ന് സമർഥിച്ചു കൊണ്ട് ആത്മീയ ജ്ഞാനങ്ങളുടെ ഒരു ഭണ്ഡാരവും ശാശ്വത മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന് പ്രദാനം ചെയ്തത് ആ പുണ്യാത്മ ന്റെ സത്യത്തിന് സാക്ഷ്യമാണെന്നം പ്രതിപാദിക്കുന്നു.

ഹദറത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു: 'ഇവിടെ ഒരു അത്ഭുതകരമായ കാര്യം, തീരെ എഴുതാനും വായിക്കാനും അറിയാ ത്ത ഒരു ഉമ്മിക്കാണ് ആ ദിവ്യജ്ഞാ നങ്ങളും മഅ്‌രിഫത്തുകളും നൽക പ്പെട്ടതെന്നാണ്. അദ്ദേഹം തന്റെ ആയുസ്സിൽ ഒരു വിദ്യലയത്തി ന്റെയും ഉമ്മറപ്പടി കാണുകയോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ രണ്ടക്ഷരമെങ്കിലും വായിക്കുയോ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പണ്ഡിതന്റെയോ തത്ത്വജ്ഞാനി യുടെയോ സഹവാസം ലഭിക്കുക യോ ചെയ്തിട്ടില്ല. തന്റെ ജീവിത കാലം മുഴുവനും വിദ്യാവിഹീ നനായ കാട്ടറബികളിൽ കഴിച്ചു കൂട്ടുകയും അവരിൽ തന്നെ വളർന്ന് വരികയും ചെയ്തു. ആ കാട്ടറബി കളിൽ നിന്ന് ജന്മമെടുക്കുകയും അവരോടൊപ്പം തന്നെ സമ്പർക്കം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് നബി കരിം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത യാളും ആണെന്ന യഥാർഥ്യം ഇസ് ലാംമത ചരിത്രകാരനെ സംബന്ധി ച്ചേടത്തോളം അവിതർക്കിതമാമായ കാര്യമാണ്.

ഹദ്റത്ത് നബി കരിം (സ) അക്ഷരജ്ഞാനമില്ലാത്തയാളായിരുന്നു എന്ന് സ്ഥാപിക്കുന്നതിന്നായി ഹ: മസീഹ് മഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ധരിക്കുകയുണ്ടായി.

1 ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതികേൾ പ്പിക്കുകയും അവരെ പരിശുദ്ധരാ ക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. അവർ ഇതിന് മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു. (62:3)

2 ഞാൻ ഇച്ഛരിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തു വിനേയും വലയം ചെയ്തിരിക്കു കയാണ്. അതുകൊണ്ട് സൂക്ഷ്മത കൈകൊ ള്ളുകയും സക്കാത്തു കൊടുക്കു കയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെക്കുന്നതാണ്. നമ്മുടെ പരിപൂർണ മായ ശക്തി പ്രതാപത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തിയായിരിക്കു ന്ന പ്രവാചകനിൽ വിശ്വസിക്കുന്ന വരാണവർ(7:157) ഒന്നു ബാഹ്യമായ ഒരു അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചക നെപ്പറ്റിയുള്ള മുന്നറിയിപ്പുകളാണ് അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ട് അവർ കാണു ന്നത്. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തി പ്രഭാവമാണ്. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്ത വനും എഴുതാനും വായിക്കാനും അറിയാത്തവനും ആയിരുന്നിട്ടും പരിപൂർണമായതും തികവുറ്റതുമായ ഹിദായത്ത് കൊണ്ട്‌വന്ന് ലോകത്ത് അവശേഷിച്ചിട്ടില്ലാത്തതും ബുദ്ധി യും ശരീഅത്തും സാക്ഷീകരിക്കു ന്നതും ആയ സദാചാത്തുകൾ ജനങ്ങളുടെ മാർഗദർശനത്തിനായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനു ഷ്ഠിക്കുവാനുള്ള കൽപ്പന പുറപ്പെടു വിക്കുകയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധി ക്കുന്നുവോ അതിനെ വിലക്കുകയും പരിശുദ്ധ വസ്തുക്കൾ അവർക്ക ദ്ദേഹം അനുവദിക്കുകയും ചെയ്യുക യും തിയ്യവസ്തുക്കളെ നിഷിദ്ധ മാക്കുകയും ക്രിസ്ത്യാനികളുടെ യും യഹൂദികളുടേയും മേൽ ഉണ്ടാ യിരുന്ന കനമേറിയ ഭാരങ്ങളിൽ നിന്നും കരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതിനാൽ അദ്ദേഹ ത്തിൽ വിശ്വസിക്കുകയും അദ്ദേഹ ത്തിന് ശക്തി പകർന്ന് കൊടുക്കു കയും അദ്ദേഹത്തെ സഹായിക്കുക യും അദ്ദേഹത്തോടൊപ്പം ഇറക്ക

പ്പെട്ട പ്രകാശത്തെ പരിപൂർണ്ണമായും പിൻപറ്റുകയും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങ ളോട് പറയുക. ഞാൻ അല്ലാഹു വിന്റെ ഭാഗത്ത് നിന്നും നിങ്ങൾക്ക് ഏവർക്കുമായി നിയുക്തനാക്കപ്പെ ട്ടിരിക്കുന്നു. ആ ദൈവം മറ്റാരുടെ യും പങ്കില്ലാത്ത ആകാശഭൂമികളുടെ യജമാനനാകുന്നു. അവനെ കൂടാതെ ആരാധ്യനായിട്ട് മറ്റാരും തന്നെയില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.(7:158,159)

3. ഇതേ പ്രകാരം നാം നമ്മുടെ കൽപന അനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി. ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിഞ്ഞിരുന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇച്ഛരിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗത്തിലേക്കു ഹിദായത്ത് നൽകുന്നു. (42:53)

4. ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുകയോ വലം കൈകൊണ്ട് എഴുതുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ കൈയിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാക രിക്കുന്നവർ. (29: 49, 50)

പ്രസ്തുത എല്ലാ തിരുവചനങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുമേനി (സ) എല്ലാ അർ ഥത്തിലും ഒരു ഉമ്മി ആയിരുന്നു വെന്ന് പരിപൂർണ്ണമായും വ്യക്തമായ നിലയിലും സ്ഥാപിതമായ താണ്. കാരണം ഹദ്റത്ത് നബി കരീം (സ) വാസ്തവത്തിൽ ഉമ്മിയും അക്ഷര ജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മി ആണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഉടലെടുക്കുമായിരുന്നുവെന്നത് പ്രത്യക്ഷമായ കാര്യമാണ്. കാരണം അദ്ദേഹത്തി ന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്തൊരു നാട്ടിൽ വെച്ചായി രുന്നില്ല താൻ ഒരു ഉമ്മി ആണെന്ന് അദ്ദേഹം വാദിച്ചത്. മറിച്ച് ആ ജനതക്കിടയിൽ തന്നെയായിരുന്നു നബി കരീം(സ) തന്റെ ബാല്യകാല വും യൗവന കാലവും കഴിച്ചുകൂട്ടി യിരുന്നത്. അതുകൊണ്ട് തിരുമേനി (സ) യഥാർഥത്തിൽ ഉമ്മിയായിരുന്നില്ലെങ്കിൽ നബി (സ) തിരുമേനിയുടെ ഒരവസ്ഥയും ഗോപ്യമാകാതെ അറിഞ്ഞിരുന്നവരും അദ്ദേഹത്തി ന്റെ ഏതെങ്കിലും തെറ്റു കണ്ടു പിടിച്ചു പരസ്യമാക്കുവാൻ തക്കം പാർത്തിരിക്കുന്നവരുമായ ജനങ്ങ ളുടെ മുമ്പാകെ താൻ ഉമ്മിയാണെ ന്ന് വാദിച്ചിരുന്നുവെങ്കിൽ അവർ അത് വിളംബരപ്പെടുത്തുമായിരു ന്നു.' (റൂഹാനി ഖസായിൻ വാ: 1 പേജ് 562 572)

ഹദ്റത്ത് നബി (സ) ഒരു ഉമ്മിയാണെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന് വഹ്‌യ് മുഖേന ഇറങ്ങിയ വേദ ഗ്രന്ഥമായിരുന്നുവെന്നും തെളിയിക്കുവാൻ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

'നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി ബന്ധം വിച്ഛേദിച്ചിരിക്കുന്നവർ പറയുന്നു. ഈ ഖുർആന ല്ലാതെ മറ്റൊരു ഖുർആൻ നീകൊ ണ്ടു വരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാപനങ്ങൾക്ക് പകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപന ങ്ങൾ കൊണ്ടു വരിക. അവരോട് നീ മറുപടി പറയുക. ദൈവവചന ത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയ്യുവാനുള്ള ശക്തി എനിക്കില്ല. എനിക്ക് വഹ്‌യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്. എന്റെ നാഥന്റെ കൽപ്പ ന ഞാൻ ധിക്കരിക്കു കയാണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ വചനം കേൾപ്പിക്കുകയോ നിങ്ങളെ അറിയി ക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന് മുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നില്ലേ നിങ്ങൾ ചിന്തിക്കുന്നില്ലേ? അതായത് കറ്റു കെട്ടി പറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്ക് നന്നാ യിട്ടറിയാമായിരു ന്നില്ലേ? തുടർന്ന് പറയുന്നു: അല്ലാഹുവിന്റെ പേരിൽ കറ്റു കെട്ടി പറയുന്നവനേക്കാൾ, ദൈവ വചനത്തെ പറ്റി അത് മനുഷ്യ വചനമാണെന്ന് കറ്റു കെട്ടി പറയു ന്നവനേക്കാൾ അധർമി ആരാണ്? തീർച്ചയായും കുറ്റവാളികൾക്ക് മോക്ഷം ലഭിക്കുന്നതല്ല. (10:16,17, 18)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) അക്ഷര ജ്ഞാനമില്ലാത്ത വ്യക്തിയായിരുന്നുവെന്ന് അറബികളുടെയും യഹൂദരുടേയും ക്രിസ്ത്യാനികളുടെയും ദൃഷ്ടിയിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധവുമുള്ള ഒരു യഥാർഥ്യമാണ്. ' (റൂഹാനി ഖസായിൻ, വാല്യം പേ 574, 575)

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്ന് വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരനും ഉമ്മിയുമായ റസൂൽ തിരുമേനി(സ)ക്ക് വിശുദ്ധ ഖുർആന്റെ ദിവ്യ വെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഇല്ലായിരുന്നു വെന്നാണ്.

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഗ്രന്ഥവും വിശ്വാസവുമെന്നാൽ എന്താണെന്നറിയാതിരുന്ന നിരക്ഷരനായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹത്തിന് മാർഗ ദർശനം നൽകിയിരുന്നതെന്നും പ്രസ്തുത

ആയത്തുകൾ വിളിച്ചോതുന്നു. ഹദ്റത്ത് മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു:

'അറേബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽ തന്നെ അവർക്ക് തങ്ങളുടെ മതത്തെ ക്കുറിച്ച് വിപുലമായ അറിവും ഉണ്ടായിരുന്നില്ല. (പാതിരി ഹണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിൽ ക്രിസ്ത്യാനികളും കാട്ടറബികളെ പോലെ ഒന്നും അറിയാത്തവരായിരുന്നു എന്ന് എഴുതിയിട്ടുണ്ട്) ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ (സ) തിരുമേനി അവരുടെ ഗ്രന്ഥത്തിൽ നിന്നും മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപനം (വിശുദ്ധ ഖുർആൻ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപ്പെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് അറബി ഭാഷ തന്നെ വായിക്കാനറിയാമായിരുന്നില്ല. എന്നിട്ടാണാ യൂനാനിയും ഹിബ്രുവും.? ആ കാലത്തുള്ള വല്ല പുരാതന ഗ്രന്ഥങ്ങളിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടേതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ച് ഖുർആൻ ശരീഫിൽ ചേർത്തിരുന്നുവെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്നും കേട്ട് പകർത്തിയാണ് പ്രസ്തുത അദ്ധ്യാപനം എഴുതിയിരിക്കു ന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു.' (റൂഹാനി ഖസായിൽ വോ. 20 പേ 342)

മറ്റൊരിടത്ത് ഹദറത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു: ഹദ്റത്ത് നബി കരിം(സ)ന് മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്ന് ഹദ്റത്ത് മൂസാ നബി (അ). മറ്റൊരാൾ ഹദ്റത്ത് ഈസാ നബി (അ). രണ്ട് പേർക്കും വിദ്യാഭ്യാസത്തിനുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെ കുറിച്ചും അക്ഷരജ്ഞാനമില്ലാത്ത വരാണെന്ന വാദം ഉന്നയിക്കപ്പെട്ടി ട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ)ക്ക് മാത്രമാണുണ്ടായിരു ന്നത്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു: 'ഗ്രന്ഥ മെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശ മാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു.' (43:45) ഹദ്റത്ത് മൂസാ നബി (അ) ഒരു രാജകുമാരനെ പോലെയായിരുന്നു വിദ്യയഭ്യസിച്ചത്. ഫിർഔന്റെ മടിത്തട്ടിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന് അദ്ധ്യാപകരെ നിയമി ച്ചിരുന്നു. ഹദ്റത്ത് ഈസാ നബി (അ)ക്കും വിദ്യാഭ്യാസം ലഭിച്ചിരു ന്നു. ...എന്നാൽ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ കുറിച്ച് ഏതെങ്കിലും യഹൂദിയോടോ ക്രിസ് ത്യനിയോടോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്ന് ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ലാ എന്നവർ വ്യക്തമായി പറയുന്നതാണ്. എത്ര മാത്രം റുബൂബിയത്തിന്റെ പ്രകടന മായിരുന്നു ഇത്? (മൽഫൂസാത്ത് വോ 2 പേ. 34)

ഹദ്റത്ത് നബി കരിമി(സ)ന് ഒന്നാമത്തെ വഹ്‌യ് ഇഖ്റഅ് ബിസ്മി റബിക്കല്ലദീ ഖലഖ് ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക.) അദ്ദേഹം പറഞ്ഞത്: 'മാ അന ബിഖാരിയിൻ' (എനിക്ക് വായിക്കാനറിയില്ല) എന്നാണ്. അതിന് ശേഷം ഹദ്റത്ത് ജിബ്‌രീൽ പറഞ്ഞുകൊടുത്തത് പോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന് പാരായണം ചെയ്യുക എന്ന് മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർഥമുണ്ട്. ഒരാൾ ഖുർ ആൻ നന്നായി ഓതുകയാണെ ങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ് സിനു ഖിർ അത്തുൽ ഖുർആൻ (അയാൾ നന്നായി ഖുർആൻ ഓതി) എന്നാണ് പറയുക.

ഹദ്റത്ത് മുസ്‌ലിഹ് മഊദ്(റ) പ്രസ്താവിക്കുന്നു ഉമ്മി എന്ന വാക്കിന് അറബി ഭാഷയിൽ നിരക്ഷരൻ എന്ന അർഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണ് അതിന്റെ ശരിയായ അർഥം. അതുകൊണ്ട് അതിൻെറ വിവക്ഷിതാർഥം വിദ്യാഭ്യാസ മില്ലാത്തയാൾ എന്നാണ്. കാരണം അയാൾ നവജാത ശിശുവിനെ പോലെ എഴുത്തും വായനയും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും അതിന് അർഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതിയുള്ളവനായിരിക്കുമല്ലോ? ഈ അർഥങ്ങളിൽ ഹദ്റത്ത് നബി കരിം (സ) പറ്റി ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ, വോ 3 പേ 53)

ചുരുക്കത്തിൽ ഹദ്റത്ത് നബി കരിം (സ) ഒരു നവജാത ശിശുവിനെ പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവി ക്കപ്പെട്ട എല്ലാതിരുവചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കി തരുന്നു. അങ്ങനെയുള്ള ഒരാളിൽ നിന്നും വിശുദ്ധ ഖുർആനെ പോലെ സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ ജ്ഞാനവും അദ്ധ്യാപനങ്ങളുമുള്ള മഹൽ ഗ്രന്ഥം പുറപ്പെടുവിക്കുക എന്നത് വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടേയും മഹത്വം വിളിച്ചോതുന്ന മഹാത്ഭു തമാണ് 'നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ ' (വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുതമാണ്) എന്ന നബി വചനം ഈ യാഥാർഥ്യം അന്വർഥമാക്കുന്നു.

# ആദ്:

## മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത 2

അറബിക്കഥകളിലും പുരാവൃത്തങ്ങളിലും ബദൂവിയൻ നടോടിക്കഥകളിലും നിറഞ്ഞു നിന്നിരുന്ന ആദിന്റെ സ്വർഗസമാനമായ വിസ്മയ നിർമിതികൾ പുരാതന ഗ്രീസും റോമും അറിഞ്ഞിരുന്നു. പൗരാണിക കാലത്തെ ഭാഗ്യാന്വേഷികളുടെ സ്വപ്ന ഭൂമിയായിരുന്ന ആദിന്റെ നഗരങ്ങൾ ഇപ്പോൾ ആധുനിക പുരാവസ്തു ശാസ്ത്രകാരന്മാരുടെ ആവേശമായി മാറിയിരിക്കുകയാണ്. വിസ്മൃതമായ ആദ് നാഗരികയെക്കുറിച്ചുള്ള ഖുർആന്റെ പരാമർശങ്ങളെ പുച്ഛിച്ചു തള്ളിയവർ നിധിവേട്ടക്കാരുടെ ആവേശത്തോടെ ആദിന്റെ നഗരങ്ങൾ മണൽകൂനകളിൽ തിരയുകയാണ് .


എ. എം. മുഹമ്മദ് സലീം

### കഥകളിലെ ആദ്

ഇന്ന് വിജനശൂന്യമായി കാണപ്പെടുന്ന റുബൂ ഉൽ ഖാലി മരുഭൂമിക്ക് അരികു ചേർന്നു നിൽക്കുന്ന യമനും ഒമാനുമടങ്ങുന്ന ആദ് സമൂഹത്തിന്റെ അധിവാസ മേഖലകൾ പുരാതന കാലത്തെ നാഗരിക സമ്പന്നതയുടെ വിസ്മയലോകമായിരുന്നു. യമനും ഒമാനും ഉൾപ്പെടുന്ന തെക്കൻ അറേബ്യയുടെ ഈ അതിസമ്പന്നത അറിഞ്ഞിരുന്ന റോമക്കാർ ഈ പ്രദേശത്തെ അറേബ്യൻ ഫെലിക്സ് (Arabia Felix) എന്നും, ഗ്രീക്കുകാർ ഇയൂഡൈമൻ അറേബ്യ (Eudaimon Arabia ) എന്നും, അറബികൾ അൽ യമൻ അസ്സയിദ:(Al-Yaman as-Saida) എന്നുമായിരുന്നു വിളിച്ചിരുന്നത്. ഈ വിശേഷണങ്ങളുടെ യെല്ലാം അർഥം സമ്പന്നമായ അറേബ്യ, ആഹ്ലാദവതിയായ അറേബ്യ എന്നൊക്കെയായിരുന്നു. സമ്പന്ന സമൃദ്ധവും ഫലഭൂയിഷ്ഠവുമായിരുന്ന അറേബ്യൻ ഫെലിക്സിനെ ബാക്കിയുള്ള മരുപ്രദേശത്ത് നിന്ന് വേർതിരിച്ചറിയാൻ പണ്ട് കാലം മുതൽ ഉപയോഗിച്ചിരുന്ന പദങ്ങളായിരുന്നു ഇത്. ആദിന്റെ അധിവാസ മേഖലയുടെ തെക്ക് ഭാഗത്തെ അറേബ്യൻ ഫെലിക്സ് എന്ന് വിളിച്ച റോമക്കാർ പുരാതന റോമിന് അഭിമുഖമായി നിൽക്കുന്ന അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്ക് ഭാഗത്തെ അറേബ്യയെ അറേബ്യൻ പെട്ര (Arabia Petraea) എന്നും മണൽ പരപ്പിനെ അറേബ്യൻ മരുഭൂമി (Arabia Deserta) എന്നും വിളിച്ചു. അറേബ്യൻ ഫെലിക്സ് സമ്പന്നവും അനുഗൃഹീതവുമായ ഒരു സ്വപ്ന രാജ്യമായിട്ടാണ് അവർ കണക്കാക്കിയിരുന്നത്.

റോമൻ ഗ്രീക്ക് സാമ്രാജ്യങ്ങൾ ഉയർന്ന് വരുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ അവർ ദക്ഷിണ അറേബ്യയെ ഇങ്ങനെയാണ് വിളിച്ചിരുന്നത്. ആദ് സമൂഹം അധിവസിച്ചിരുന്ന ആ പ്രദേശം വളരെ തന്ത്രപ്രധാനമായ ഒരു സ്ഥലത്താണ് നിലകൊള്ളുന്നത്. പുരാതന സമൂഹങ്ങൾക്ക് ഏറെ പ്രിയങ്കരമായിരുന്ന കുന്തിരിക്കവും മൂറും ഉൽപ്പാദിപ്പിച്ചിരുന്ന സമ്പന്ന ദേശമായിരുന്നു തെക്കൻ അറേബ്യ. അതുകൊണ്ട് തന്നെ വളരെ പ്രധാനപ്പെട്ട ഒരു വാണിജ്യ പാതക്കരികിലായിരുന്നു അവർ താമസിച്ചിരുന്നത്.

മരുഭൂമിയിൽ നഷ്ടപ്പെട്ടു പോയ ഈ നഗരത്തെ ആധുനിക കാലത്ത് ആദ്യമായി പ്രചാരപ്പെടുത്തിയത് ലോറൻസ് ഓഫ് അറേബ്യ എന്ന് വിളിക്കപ്പെടുന്ന പ്രശസ്തനായ ടി. എസ് ലോറൻസാണ്. അറബികളുമായി അഗാധ ബന്ധമുണ്ടായിരുന്ന ലോറൻസ് ഒന്നാം ലോക മഹായുദ്ധത്തിൽ അറബികളെ തുർക്കികൾക്കെതിരായി അണിനിരത്തിയ ബ്രിട്ടീഷ് ചാരനും സൈനിക ഓഫീസറുമായിരുന്നു. ചരിത്രകുതുകിയും എഴുത്തുകാരനുമായ അദ്ദേഹമാണ് മരുഭൂമിയിൽ അപ്രത്യക്ഷമായ ആദിന്റെ പുരാതനവും അദൃശ്യവുമായ ഉബാർ നഗരത്തെ 'അത്ലാന്റിസ് ഓഫ് ദ സാന്റ്സ് (Atlantis of the Sands) എന്ന് വിളിച്ചത്. യവന പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ട സമ്പന്നവും മനോഹരവുമായ ഒരു സാങ്കൽപ്പിക ദ്വീപാണ് 'അത്ലാന്റിസ് '. പ്ളേറ്റോ തന്റെ രചനകളിൽ ഈ ദ്വീപിനെ പറ്റി പറയുന്നുണ്ട്. അക്രമകാരികളായ ജനങ്ങൾ നിവസിച്ച ഈ ദ്വീപിനെ ദൈവം കോപമിറക്കി കടലിൽ മുക്കിക്കളഞ്ഞു എന്നാണ് പ്ളേറ്റോ



സിറിയയിലെ എൽബ എന്ന നഗരത്തിൽ നിന്നും പുരാവസ്തു ഖനനത്തിൽ കണ്ടെടുത്ത കളിമൺ ഫലകം

വിവരിക്കുന്നത്. നഷ്ടപ്പെട്ട് വിസ്മൃതിയിലായ ജനപഥങ്ങളെ സൂചിപ്പിക്കാൻ 'അത്‌ലാന്റിസ്' എന്ന് വിശേഷിപ്പിക്കുന്നത് പാശ്ചാത്യരുടെ ഒരു ശൈലിയായിതീർന്നു. അതുകൊണ്ടാണ് ടി.എസ് ലോറൻസ്, നശിച്ച് ചരിത്രത്തിൽ നിന്നും വിസ്മൃതമായ ആദിന്റെ സാങ്കൽപ്പിക നഗരമായ ഉബാറിനെ 'അത്‌ലാന്റിസ് ഓഫ് ദ സാന്റ്സ്' എന്ന് വിളിച്ചത്. പിന്നീട് ആ നാമം വളരെ പ്രശസ്തമാവുകയായിരുന്നു. മരുഭൂമിയിൽ നഷ്ടപ്പെട്ടുപോയ അറബ് ഇതിഹാസ നഗരത്തെപറ്റി 1992ൽ Ranulph Fiennes എഴുതിയ Atlantis of the Sands – The Search for the Lost City of Ubar എന്ന പുസ്തകം ഈ നാമത്തിന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

ആദ് ആയിരുന്നു ആദ് ജനതയുടെ പൂർവികൻ. ആദിന്റെ മകനായ ശദ്ദാദ്ബ്നു ആദ് ആയിരുന്നു അവരുടെ രാജാവ്. മഹാ പരാക്രമശാലിയായ ശദ്ദാദിനെ പറ്റി പൊടിപ്പും തൊങ്ങലും വെച്ച നിരവധി കഥകൾ ഇസ്‌ലാമിക പൂർവ പുരാതന കാലങ്ങളിലും ഇസ്‌ലാമിക പാരമ്പര്യത്തിലും വിവരിക്കപെട്ടിട്ടുണ്ട്. വിഖ്യാത ചരിത്ര കാരനും മദ്ധ്യനൂറ്റാണ്ടിലെ പണ്ഡിത പ്രതിഭയുമായ ഇബ്നു ഖൽദൂൺ ആദിന്റെ ചരിത്രവും അതിശയോക്തികളും സംഗ്രഹിച്ച് തന്റെ 'മുഖദ്ദിമ' യിൽ ആ കഥകളെയെല്ലാം നിരാകരിച്ചു കൊണ്ട് വിലയിരുത്തിയത് ഇപ്രകാര മാണ്.

*'ഖുർആൻ ശരീഫിൽ അൽ ഫജർ (പൂർവാഹ്നം) എന്ന അധ്യായത്തിലെ ഒരു പദത്തിന്റെ വ്യാഖ്യാനത്തിൽ വ്യാഖ്യാതാക്കൾ എടുത്ത് ഉദ്ധരിക്കുന്ന അഭിപ്രായം ഇതിനേക്കാളേറെ സാദ്ധ്യത കുറഞ്ഞും അനുമാനങ്ങളെ ആശ്രയിച്ച് നിൽക്കുന്നതായും കാണാം. ദൈവ വാക്യം ഇതാണ് : ' ആദ് ജനതയോട് തന്റെ രക്ഷിതാവ് എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ ? സ്തൂപങ്ങളുടെ ഉടമ ഇറമിനോട്.*

*ഇറം ഒരു പട്ടണത്തിന്റെ പേരായി വ്യാഖ്യാതാക്കൾ കരുതി. തൂണുകൾ അതായത് സ്തൂപങ്ങൾ ഉള്ളവരായിരുന്നു അവരെന്ന് ചിത്രീകരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഇറമിന്റെ മകൻ ഊസി ന്റെ മകൻ ആദിന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. ശദീദും , ശദ്ദാദും. ആദിന് ശേഷം അവർ നാടു വാണു. ശദീദ് മരിച്ചപ്പോൾ ശദ്ദാദ് രാജാവായി. അവിടുത്തെ മറ്റു രാജാക്കന്മാരെല്ലാം ശദ്ദാദിന് കീഴ്പ്പെട്ടു. ശദ്ദാദ് സ്വർഗത്തെക്കുറിച്ചുള്ള ഒരു വർണന കേട്ടിട്ട് പറഞ്ഞു. 'ഞാൻ ഇതു പോലെയൊന്ന് പണിയുക തന്നെ ചെയ്യും'*

*ഏദൻ മരുഭൂമിയിൽ ഇറം എന്ന് പേരുള്ള പട്ടണം 300 വർഷക്കാലം കൊണ്ട് അദ്ദേഹം നിർമിച്ചു. അദ്ദേഹം 900 വർഷം ജീവിച്ചിരുന്നു. ആ പട്ടണം വളരെ വലുത്. അതിലെ കൊട്ടാരങ്ങൾ കനക നിർമിതം. അതിലെ തൂണുകൾ രത്നങ്ങളും വൈഡ്യൂര്യങ്ങളുമുള്ളവ. അതിലെല്ലാതരം വൃക്ഷങ്ങളും! അരുവികൾ ഇരച്ച് ഒഴുകി കൊണ്ടിരിക്കുന്നുണ്ടായിരുന്നു. അതിന്റെ പണി പൂർത്തിയാക്കിയപ്പോൾ രാജാവ് തന്റെ രാജ്യത്തിലെ പ്രജകളോടൊപ്പം അവിടേക്ക് യാത്രയായി. യാത്ര ഒരു പകലും രാത്രിയും ബാക്കിയുള്ളപ്പോൾ ആകാശത്തിൽ ഒരു ഗർജനം ദൈവം ഇറക്കി. അങ്ങനെ അവരെല്ലാം നശിച്ചു. ഇത് തബരി, സമശ്ക്കരി, തുടങ്ങിയ ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. നബി (സ) യുടെ അനുചര വൃന്ദത്തിൽ പെട്ട അബ്ദുല്ലാഹിബ്നു ഖലാബത്തിൽ നിന്ന് നിവേദനം ചെയ്യുന്നു: 'തന്റെ ഒരു ഒട്ടകത്തെ തേടി അദ്ദേഹം പോയപ്പോൾ ആ പട്ടണത്തിൽ അവർ യാദൃച്ഛികമായി എത്തിപ്പെട്ടു. അദ്ദേഹത്തിന് എടുപ്പത് ധനം അദ്ദേഹം ചുമന്ന് കൊണ്ട് വരുകയും ചെയ്തു.' ഈ കഥ മുആവിയായുടെ ശ്രദ്ധയിൽ വന്നപ്പോൾ മുആവിയ അദ്ദേഹത്തെ വരുത്തി. കഥ കേട്ടപ്പോൾ മുആവിയ കഅബുബ്നു അഹ്ബാറിന് ആളയച്ചു ഇതേ കുറിച്ച് തിരക്കി. കഅബു പറഞ്ഞു: 'ഇത് സ്തൂപങ്ങളുടെ പട്ടണമാണ്. മുസ്‌ലിം കളിൽ പ്പെട്ട ചുമന്നു നിറം മങ്ങിയ കുറിയ ഒരാൾ അതിൽ പ്രവേശിക്കും. അയാളുടെ പുരികത്തിൽ ഒരു അടയാളം ഉണ്ടായിരിക്കും. മറ്റൊരടയാളം അയാളുടെ കഴുത്തിലും. അയാളുടെ ഒട്ടകത്തെ തേടിയായിരിക്കും അയാൾ പോകുക.' എന്നിട്ട് കഅബ് തിരിഞ്ഞ് ബ്നു കലാബയെ കണ്ടിട്ട് പറഞ്ഞു: ' അതെ സത്യമായും ഇതാണ് ആൾ.'*

*....മറ്റു ചിലർ ആകട്ടെ അവരുടെ വികല ബുദ്ധി എത്തിച്ചിരിക്കുന്നത് ആ പട്ടണം മറഞ്ഞ് കിടക്കുന്നുവെന്നും ആത്മീയ സിദ്ധിയാലോ മന്ത്രവാദം കൊണ്ടോ മാത്രമേ അത് കാണാൻ കഴിയുകയുള്ളൂ എന്നുമാണ്. ഇതെല്ലാം തന്നെ ഭാവനാ സൃഷ്ടികളാണ്. നിരർഥക കഥകൾക്ക് പറ്റും. ( മുഖദ്ദിമ - ഇബ്നു ഖൽദൂൺ. വിവ: മുട്ടാണിശ്ശേരിൽ എം. കോയകുട്ടി. പേ.18-20)*

**പുരാതനകാലത്തെ ആദിന്റെ ചരിത്രം അതിശയോക്തികളും അതിവർണനകളും** കലർത്തി പരമ്പരാഗതമായി കൈമാറിയത് അറബികളുടെ പുരാവൃത്തങ്ങളിലും

കഥകളിലും കവിതകളിലും ഇതിഹാസ വർണ്ണനകളിലും ബദൂണിയൻ നാടോടിക്കഥകളിലും കാണാം. അതിൽ ഉബാർ എന്ന് പേരുള്ള അത്ഭുത പട്ടണം നാടോടികളായ ബദവി അറബികളുടെ നാടോടി കഥകളിൽ മാത്രമുള്ള ഒരു സ്പന നഗരിയാണ്. ലോകപ്രശസ്തമായ 'ആയിരത്തൊന്ന് രാവുകൾ' എന്ന അറബി കഥയിൽ ഉബാറിന് സമാനമായ മരുഭൂമിയിലെ വിജനശൂന്യമായ അത്ഭുത നഗരിയുടെ ഒരു വിവവരണമുണ്ട്. അത് ഉബാറിനെ പറ്റിയാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ പട്ടണം ആദിന്റെ തലസ്ഥാനമോ അവരുടെ മറ്റേതെങ്കിലും ഒരു പട്ടണത്തെ സംബന്ധിച്ചോ ഉള്ള നഗര വർണനയുടെ കഥാവിഷ്ക്കാരമാണ് എന്നാണ് ചില ചരിത്ര ഗവേഷകന്മാരുടെ അഭിപ്രായം. ആയിരത്തൊന്ന് രാവുകളിലെ അതിശയങ്ങൾ നിറഞ്ഞ ഉബാറിനെ പറ്റിയുള്ള വിവരണത്തിന്റെ സംഗ്രഹം ഇപ്രകാരമാണ്.

*'മരുഭൂമിയിൽ നഷ്ടപ്പെട്ടു പോയ നഗരവും അതിലെ സമ്പത്തും വീണ്ടെടുക്കാൻ സാഹസികരായ ഒരു അന്വേഷണ സംഘത്തെ ഒരു സുൽത്താൻ നിയോഗിച്ചു. പിത്തളയിൽ തീർത്ത കുതിരക്കാരനാണ് അവർക്ക് വഴി കാണിച്ചു കൊടുക്കുന്നത്. ഏതോ കാലത്ത് ചെയ്ത കുറ്റത്തിന് കഴുത്തോളം മണ്ണിൽ കുഴിച്ചിട്ട നിലയിൽ അവർ ഒരു ജിന്നിനെ അവിടെ കണ്ടു. അവിടെ നിന്നും മണൽകുന്നുകൾ കയറിക്കയറി അവർ അവസാനം ഐതിഹാസികവും അതിശയങ്ങൾ നിറഞ്ഞതുമായ ആ പട്ടണം കണ്ടെത്തി. പട്ടണത്തിന്റെ മതിലുകൾക്ക് തിളങ്ങുന്ന വെള്ള നിറമായിരുന്നു. എവിടെയും മനോഹരമായ കൊട്ടാരങ്ങൾ. നടക്കുമ്പോൾ ആളുകൾ വഴുതി വീണു പോവുന്ന ജലം പോലെ മിനുസമേറിയ ഇഷ്ടികകൾ പാകിയ വീഥികൾ. പക്ഷേ ആ നഗരത്തിൽ ആരും താമസക്കാരുണ്ടായിരുന്നില്ല. നഗരം മൂകശാന്തമായി നിൽക്കുകയാണ്. നഗരത്തിന്റെ മദ്ധ്യഭാഗത്തുള്ള അതിഗംഭീരമായ കൊട്ടാരത്തിൽ ഒരു രാജ്ഞി ചേതനയറ്റു കിടക്കുകയാണ്. രാജ്ഞിയുടെ ചുറ്റും അറ്റമില്ലാത്ത സമ്പത്തുമായി കാലം മരവിച്ചു നിൽക്കുന്നു. രാജ്ഞി നോക്കി കിടക്കുകയാണെന്നേ തോന്നു. പക്ഷേ രാജ്ഞി മരണം പുകിയിട്ട് നൂറ്റാണ്ടുകളായി. അവരുടെ അടുത്ത് ഒരു ലിഖിതമുണ്ട്. അതിൽ എഴുതിയിരിക്കുന്ന താക്കീതിൽ ദുരാഗ്രഹത്തിന്റെയും സമ്പത്തിന്റെയും അപകട മേഖലയിൽ പ്രവേശിക്കുന്നവർ രാജ്ഞിയും അവരുടെ ആളുകളും വീണു പോയതു പോലെ വീണു പോവും എന്ന് കാണാം. ആ നഗരം അവസാനം മണൽ കാറ്റിൽ നശിപ്പിക്കപ്പെട്ടു.'*


റുബൂഉൽ ഖാലിക്ക് ചുറ്റുമുള്ള അറബ് ജനത പൗരാണിക കാലം മുതൽ ആദിന്റെ പേടിപ്പെടുത്തുന്നതും അതിശയോക്തി കലർന്നതുമായ കഥകൾ കേൾക്കുമ്പോൾ ഞെട്ടിവിറക്കുമായിരുന്നു. ദൈവശാപമേറ്റ ഈ പ്രദേശത്ത് ഭയാനകമായ രൂപങ്ങളും വിചിത്ര ജീവികളും ജിന്നുകളും ഇഫ്രീത്തുകളും ശൈത്വാന്മാരും ഉണ്ടാകുമെന്ന് അവർ വിശ്വസിച്ചു. ആദ് ജനത ശാപമേറ്റ് നശിച്ചുവെന്ന് അവർ കരുതുന്ന മണൽ കൂനകൾ നിറഞ്ഞ ഭാഗത്തേക്ക് നോക്കാൻ പോലും അവർ ധൈര്യപ്പെട്ടിരുന്നില്ല. അത്രക്ക് ശക്തമായിരുന്നു ഈ


ആദിന്റെ പുരാതന കോട്ടകളിലൊന്നിന്റെ അവശിഷ്ടം

നശിപ്പിക്കപ്പെട്ട ആദ് ജനതയെ സംബന്ധിച്ചുള്ള അവരുടെ ഭയം.

ആദിനെ പറ്റിയുള്ള മറ്റൊരു വിചിത്ര കഥ Unknown Oman എന്ന പുസ്തകത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്. *'ഉബാർ (അത്ലാന്റിസ് ഓഫ് ദ സാന്റ്സ്) വളരെയധികം കെട്ടിടങ്ങളുള്ള സമ്പന്നമായ ഒരു വെണ്ണക്കൽ നഗരമാണ്. രത്നങ്ങൾ പതിച്ച ചുകന്ന വെള്ളികൊണ്ടുള്ള ഒരു കോട്ട അവിടെയുണ്ട്. റുബുഉൽ ഖാലിയുടെ പ്രവിശാല മായിക്കിടക്കുന്ന മണൽ പരപ്പിലെ മദ്ധ്യത്തിലുള്ള മരുപ്പച്ചയിലാണ് ഉബാർ സ്ഥിതിചെയ്യുന്നത്. അതിലെ നിവാസികൾ ആദ് സമൂഹത്തിൽ പെട്ടവരായിരുന്നു. അവർ നൂറ്റാണ്ടുകളോളം സമ്പന്നതയിലും അധാർമികതയിലും മുഴുകി ജീവിച്ചു. അവരുടെ അത്ഭുതകരമായ ഉദ്യാനങ്ങൾ 'ജന്നത്തെ ആദ്'' 'അഥവാ ആദിന്റെ സ്വർഗം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അവരുടെ പാപത്തിന് അവർ ശിക്ഷിക്കപ്പെട്ടപ്പോൾ അവർ നിസ്നാസ് (പുരാതന അറബി ഇതിഹാസങ്ങളിലും നടോടിക്കഥകളിലും വിവരിക്കപ്പെട്ട ഒറ്റക്കണ്ണും ഒറ്റ കൈയുമുള്ള കുരങ്ങിനെ പോലെയുള്ള വിചിത്ര ജീവികൾ) ആയി മാറി.*

*നിസ്നാസിന്റെ കഥ ഏകദേശം*



മണൽ കൂനകളിൽ മാഞ്ഞുപോയ ആദ് സമൂഹത്തിലെ അധിവാസകേന്ദ്രങ്ങളുടേയും യാത്രാപഥങ്ങളുടെയും സാറ്റലൈറ്റ് ചിത്രം (നാസയുടെ സഹായത്തോടെ എടുത്തത്)

*ഇപ്രകാരമാണ്. പതിമൂന്നാം നൂറ്റാണ്ടിലെ യാഖൂത്തിന്റെ ഭൂമിശാസ്ത്ര നിഘണ്ടുവിൽ ഒരു അറബി സഞ്ചാരി ശിഹിർ എന്ന സ്ഥലത്ത് എത്തുകയും അവിടെ മഹ്റ ഗോത്രത്തിൽപെട്ട ഒരാളുടെ അതിഥിയായി താമസിക്കുകയും ചെയ്തതായി കാണാം. താമസ വേളയിൽ അദ്ദേഹം നിസ്നാസിന്റെ വിഷയം ആതിഥേയരുമായി ചർച്ചക്കായി എടുത്തിട്ടു. അവർ അദ്ദേഹത്തോട് പറഞ്ഞു: 'ഞങ്ങൾ അതിനെ വേട്ടയാടുകയും ഭക്ഷിക്കുകയും ചെയ്യുമായിരുന്നു. അത് ഒറ്റക്കണ്ണും ഒറ്റക്കാലുമുള്ള ഒരു ജീവിയായിരുന്നു.' അതിഥിയായ അറബി മറുപടി പറഞ്ഞു.'ദൈവമേ, എനിക്ക് അതിനെയൊന്ന് കാണണം.' അതിഥിയുടെ അഭ്യർഥന മാനിച്ച് ചില യുവാക്കൾ ആ ജീവികളിലൊന്നിനെ വേട്ടയാടി കൊണ്ട്വന്നു. ആ ജീവിക്ക് മനുഷ്യന്റെ പകുതി മുഖമായിരുന്നു ഉണ്ടായിരുന്നത്. നെഞ്ചോട് ചേർത്ത് ഒറ്റ കൈയും ഒറ്റ കാലും!. അറബിയെ കണ്ടപ്പോൾ നിസ്നാസ് പറഞ്ഞു: 'അല്ലാഹുവാണെ താങ്കളാണെ' ഇത് കേട്ട അതിഥിയായ അറബി അതിനെ മോചിപ്പിക്കാൻ യുവാക്കളോട് പറഞ്ഞു. അപ്പോൾ യുവാക്കൾ പറഞ്ഞു: അതിന്റെ വാക്കുകൾ കേട്ട് വഞ്ചിതരാവരുത്. അത് ഞങ്ങളുടെ ഭക്ഷണമാണ്. അവനെ വിടുന്നത് വരെ അതിഥിയായ അറബി അവരെ നിർബന്ധിച്ചു കൊണ്ടിരുന്നു. അവസാനം നിസ്നാസിനെ മോചിപ്പിച്ച് വിട്ടപ്പോൾ അത് കാറ്റിന്റെ വേഗത്തിൽ മരുഭൂമിയിലേക്ക് പോയ്മറഞ്ഞു. സംസാരിക്കുന്ന ഒരു ജീവിയെ കൊന്നു തിന്നുന്നത് മഹ്റ ഗോത്രം ചെയ്യുന്ന തെറ്റാണെന്ന് അതിഥിയായ അറബിക്ക് ഉറപ്പായിരുന്നു.'- ('UNKNOWN OMAN' By WANDELL PHILIP Library Du Liban Beiruth.1971. p. 219)*

### ആദ്: പുരാവസ്തു ഗവേഷണങ്ങൾ

**മറ്റുയാതൊരു ചരിത്ര സ്രോതസ്സിൽ നിന്നും വെളിപ്പെടാത്ത അതിശക്തരായ ആദ് ജനതയെക്കുറിച്ച് വിവരണം നൽകിയ ദൈവിക ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത് ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ദിവ്യാത്ഭുതം കൂടിയാണ്. ഖുർആൻ പറയുന്നു:**

***'ഇത് പരോക്ഷ വൃത്താന്തങ്ങളിൽ പെട്ടതാണ്. അവ നാം നിനക്ക് വൃത്താന്തമായി നൽകുന്നു. ഇതിന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ നീ സഹനം കൈകൊള്ളുക. തീർച്ചയായും ശുഭപര്യവസാനം ദൈവഭയമുള്ളവർക്കാണ്. ആദ് ജനതയിലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം പ്രവാചകനായി അയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനും ഇല്ലതന്നെ. നിങ്ങൾ കള്ളം കെട്ടിച്ചമക്കുന്നവർ തന്നെയാണ്.'(11:50)***

പുരാവസ്തു ഗവേഷണങ്ങൾക്ക് ആദ് സമൂദ് സമൂഹത്തെ സംബന്ധിച്ച തെളിവുകൾ ലഭിക്കുമെന്ന സൂചന വിശുദ്ധ ഖുർആൻ നൽകുന്നു. അത്കൊണ്ട് തന്നെ മറ്റൊരു ചരിത്ര ഗ്രന്ഥങ്ങളിലും കാണാതിരിക്കുകയും ഖുർആൻ മാത്രം പ്രതിപാദിക്കുകയും ചെയ്ത ആദിന്റെ അടയാളങ്ങളെ സംബ ന്ധിച്ച് ' ***അവരുടെ താമസ സ്ഥലത്ത് വെച്ച് നിങ്ങൾക്ക് വ്യക്തമാവുന്നതാണ്*** ' **എന്നും '*എങ്ങനെ പ്രവർത്തിച്ചു വെന്ന് നീ കണ്ടില്ലേ.*' '*അവയിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്* ' എന്നുമുള്ള പരാമർശങ്ങളിൽ നിന്നും പുരാവസ്തു ശാസ്ത്രം ഒരു നാൾ ആദിന്റെ യാഥാർഥ്യം അനിഷേധ്യമാം വിധം പുറത്തു കൊണ്ട് വരുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മാത്രമല്ല ' *ആ ജനം ദ്രവിച്ച ഈന്തപ്പനയുടെ തായ്ത്തടികൾ പോലെ നിലംപതിച്ചത് നിനക്ക് കാണാം*' എന്ന പരാമർശം അവരുടെ പുരാവസ്തു സ്മാരകങ്ങളുടെ തെളിവുകളോടൊപ്പം ആ ജനതയുടെ ഫോസിൽ തെളിവുകളും ലഭിക്കുമെന്നും അവരുടെ ജനിതകപരമായ പ്രത്യേകതകൾ നമുക്ക് അറിയാൻ കഴിയുമെന്നും ഖുർആൻ വചനങ്ങളിൽ സൂചനയുണ്ട്.വിശുദ്ധ ഖുർആന്റെ വചനങ്ങൾ തന്നെ നമുക്ക് നോക്കാം.**

***'ആദിനെയും സമൂദിനെയും (നാം നശിപ്പിച്ചു) അവരുടെ താമസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്ക് (ഈ സംഗതി) വ്യക്തമായിട്ടുണ്ട്'(29:39)***

**മറ്റൊരു ഖുർആൻ വചനം ഇപ്രകാരമാണ്. '*അത് (നാശമടഞ്ഞ) പട്ടണങ്ങളുടെ വൃത്താന്തങ്ങളിൽ പെട്ടതാണ്. നിനക്ക് നാം അത് വിവരിച്ചു തരുന്നു. അവയിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറ്റു ചിലത് നശിച്ച്*

*നാമാവശേഷമായിരിക്കുന്നു.' (11:101)*

*'ആദിനോട് കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറമ് ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ. അവരുടെ നിർമിതികൾക്ക് തുല്യമായി അതിന് മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല'* (89: 7,8,9)

*'അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ ഏഴുരാവും എട്ടു പകലും (തുടർച്ചയായി) അവരുടെമേൽ പ്രാവർത്തികമാക്കി. അപ്പോൾ ആ ജനം ദ്രവിച്ച ഈന്തപ്പനയുടെ തായ്ത്തടികൾ പോലെ നിലംപതിച്ചിരിക്കുന്നത് നിനക്ക് കാണാം'(69:8)*

പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ച ആദ് സമൂഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ അറബി നാടോടി കെട്ടുകഥയാണ് എന്ന് പറഞ്ഞ് പുച്ഛിച്ചു തള്ളിയ പാശ്ചാത്യ ചരിത്ര ഗവേഷകന്മാർ ഇപ്പോൾ നിധിവേട്ടക്കിറങ്ങിയ കവർച്ചക്കാരുടെ ഉത്സാഹത്തോടെ ആദ് ജനതയുടെ സൗഭാഗ്യങ്ങൾ അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്.

നശിപ്പിക്കപ്പെട്ട ആദിന്റെ അധിവാസ സ്ഥലങ്ങൾ മക്കക്കും മദീനക്കും ചുറ്റുമുള്ള രാജ്യങ്ങളാണെന്ന് ഖുർആൻ സൂചന നൽകുന്നു.

*'നിങ്ങൾക്ക് ചുറ്റുമുള്ള രാജ്യങ്ങൾ നാം തീർച്ചയായും നശിപ്പിച്ചിട്ടുണ്ട്. അവർ മടങ്ങുന്ന തിന് വേണ്ടി ദൃഷ്ടാന്തങ്ങൾ വിവിധ രൂപത്തിൽ നാം വിവരിച്ചു കൊടുക്കുകയും ചെയ്തിരുന്നു.' (46:28)*

1973 ൽ സിറിയയിലെ പുരാതനമായ എൽബാ (Elba- എബ്ലാ) നഗരത്തിൽ നിന്ന് 4300 വർഷം പഴക്കമുള്ള 1800 ലധികം കളിമൺ പലകകൾ കുഴിച്ചെടുക്കുകയുണ്ടായി. അത് സിറിയയിലെ ആലിപ്പോയിലെ മ്യൂസിയത്തിൽ പ്രദർശനത്തിന് വെച്ചിട്ടുണ്ട്. 1978 ഡിസംബറിൽ നാഷണൽ ജിയോഗ്രഫി മാഗസിനിൽ എൽബ എന്ന സിറിയൻ നഗരത്തിൽ നടന്ന ഖനനങ്ങളുടെ റിപ്പോർട്ടുണ്ട്. ആ നഗരത്തിന് 4300 വർഷത്തെ പഴക്കമുള്ളതായി കണക്കാക്കുന്നു. ഗവേഷകന്മാർ അവിടെ നിന്ന് കണ്ടെടുത്ത കളിമൺ പലകകളുടെ ലൈബ്രറിയിൽ എൽബാനിവാസികൾ വ്യാപാരം നടത്തിയിരുന്ന 'ഇറം' ('Iram) എന്ന പട്ടണത്തെ പറ്റിയുള്ള പരാമർശമുണ്ട്. 1973 ൽ സിറിയയിൽ നിന്ന് കണ്ടെടുത്ത ഇറം പട്ടണത്തെക്കുറിച്ചുള്ള ഈ പരാമർശം 1400 വർഷങ്ങൾക്ക് മുമ്പുള്ള വിശുദ്ധ ഖുർആന്റെ സത്യസാക്ഷ്യമായി ഗണിക്കപ്പെടുന്നു. നേരത്തെ ഇബ്നു ഖൽദൂൺ ഇറം എന്നത് പട്ടണത്തിന്റെ പേരല്ല ഒരു ഗോത്ര നാമമാണ് എന്ന് പറഞ്ഞത് ഉദ്ധരിച്ചിരുന്നുവല്ലോ, ആദ് ഗോത്രത്തിലെ ഇറം വിഭാഗക്കാർ ജീവിച്ച നഗരം എന്ന അർഥത്തിൽ ഗോത്ര നാമത്തോട് ബന്ധപ്പെടുത്തിയായിരിക്കാം ഈ പട്ടണത്തിന് ഇറം എന്ന നാമം വന്നത്. ഇവിടെ പരാമർശിക്കപ്പെട്ട ഇറം പട്ടണത്തിന്റെ യഥാർഥ സ്ഥാനം എവിടെയാണെന്ന് നിജപ്പെടുത്തിയിട്ടില്ലെങ്കിലും ഖുർആൻ പരാമർശിച്ച ഇറം എന്ന ഗോത്രനാമത്തോട് ചേർന്ന് ഒരു പട്ടണമുണ്ടെന്ന് വന്നുവല്ലോ.

### അമേരിക്കൻ ഗവേഷകരുടെ കണ്ടെത്തൽ

യമനിലും ഒമാനിലുമായി പരന്നു കിടക്കുന്ന തെക്കൻ അറേബ്യയിലെ ഒമാൻ എമ്പോറിയം, ഉബാർ, വബാർ, അറേബ്യൻ ഫെലിക്സ് മുതലായ പേരുകളിൽ വിശേഷിപ്പിക്കപ്പെടുന്ന ആദ് സമൂഹത്തിന്റെ അധിവാസ ക്രേന്ദ്രത്തെപറ്റി നിരവധി പുസ്തകങ്ങളും ഡോക്യുമെന്ററികളും സിനിമകളും ഇതിനകം വന്നു കഴിഞ്ഞിട്ടുണ്ട്.

ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഉബാർ എന്ന ആദ് സമൂഹത്തിന്റെ ആസ്ഥാന പട്ടണം തങ്ങൾ കണ്ടെത്തിയിരിക്കുന്നു എന്ന് അവകാശപ്പെട്ടു കൊണ്ട് കോളിളക്കം സൃഷ്ടിച്ച അമേരിക്കയിലെ ലോസ് ആഞ്ചലസ് പുരാവസ്തു ശാസ്ത്ര ജ്ഞന്മാരുടെ കണ്ടെത്തലിൽ ചില സംശയങ്ങൾ നിലനിൽക്കുന്നു. അത് പിന്നീട് വിവരിക്കാം. അറേബ്യൻ മണലാരണ്യ ത്തിൽ വിസ്മൃതമായ പുരാതന നഗരത്തെ പറ്റിയുള്ള ചർച്ചകൾ ലോകം മുഴുവൻ സജീവമാക്കിയത് അമേരിക്കൻ ഗവേഷകരുടെ ഈ റിപ്പോർട്ട് ആയിരുന്നു.

അമേരിക്കയിലെ ലോസ് ആഞ്ചലസ് ഗവേഷക സംഘത്തിന് നേതൃത്വം നൽകിയ പ്രശസ്ത ആർക്കിയോളജിസ്റ്റായ നിക്കോളസ് ക്ലാപ്പ് ഡോക്യുമെന്ററി നിർമാതാവും എഴുത്തുകാരനും നല്ലൊരു വായനക്കാരനുമാണ്. 1932 ൽ ഇംഗ്ലീഷ് ഗവേഷകൻ ബെട്രാം തോമസ് എഴുതിയ Arabia Felix എന്ന പുസ്തകം അദ്ദേഹം വായിക്കാനിടയായി. അതാണ് ഉബാർ ഗവേഷണങ്ങൾക്ക് അദ്ദേഹത്തിന് പ്രചോദനം നൽകിയത്. നിക്കളോസ് ക്ലാപ്പിനെ കൂടാതെ സാഹസിക യാത്രികനായ റണുൽപ്പ് ഫിയന്നിസും ആർക്കിയോളജിസ്റ്റ് ഡോ. ജൂറിസ് സറിന്നും സംഘത്തിലുണ്ടായിരുന്നു. ഗവേഷകന്മാരുടെ ഗവേഷണം കൂടുതൽ ജനകീയ പ്രചാരണം നേടാൻ കാരണം പുരാതന പട്ടണം കണ്ടു പിടിക്കാനായി അമേരിക്കയുടെ ബഹിരാകാശ സ്ഥാപനമായ നാസ (NASA) യെ ഉപയോഗിച്ചത് കൊണ്ടു കൂടിയാണ്. ഗവേഷകർ കാലിഫോർണിയായിലെ ഹൺഡിംഗ്ടൺ ലൈബ്രറിയിൽ നിന്ന് 2-ാം നൂറ്റാണ്ടിലെ ഈജിപ്ഷ്യൻ ഭൂമി ശാസ്ത്രകാരനായിരുന്ന ക്ലോഡിയസ് റ്റോളമി (Claudius Ptolemy) യുടെ ഒമാനിയം എംമ്പോ റിയ (Omanum Emporium) ത്തിലേക്കുള്ള പാത അടയാള പ്പെടു ത്തിയ മാപ്പാണ് അവർ സംഘടിപ്പി ച്ചത്. പുരാതന കാലത്തെ ഭൂപടങ്ങ ളിലെ വാണിജ്യ പാതകൾ മണ്ണിൽ മുടിപ്പോയിരുന്നു. വാണിജ്യ പാതക ളുടെ അടയാളങ്ങൾ കണ്ടെത്താൻ അവർ നാസയുടെ വിദൂര സംവേദന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയായിരുന്നു.

ദോഫർ പ്രവിശ്യയിൽ ഇതിനായി

അവർ നിരവധി യാത്രകൾ നടത്തി. അങ്ങനെ അവസാനം സലാലയിൽ നിന്ന് വടക്ക് 170 കി. മീ അകലെ ശിശിർ എന്ന സ്ഥലത്താണ് അവർ നഷ്ടനഗരത്തെ അന്വേഷിക്കാനുള്ള അനുയോജ്യമായ സ്ഥലമായി കണ്ടെത്തിയത്. അവിടെ 16-ാം നൂറ്റാണ്ടിലുള്ള ഒരു പഴയ കോട്ടയുണ്ടായിരുന്നു. ഖനനം നടത്തിയപ്പോൾ നിരവധി പുരാവ സ്തുക്കൾ കണ്ടു കിട്ടി. അതിന് കീഴിലായി ഒരു പുരാതന കോട്ടയും കണ്ടെത്തി. അങ്ങനെയാണ് ഗവേഷ കർ ഉബാർ കണ്ടെത്തുന്നത്. ഏതാ യാലും ഈ കണ്ടെത്തലുകൾ ആദി ന്റെ ഏതോ പുരാതന നഗരമാണ് എന്നുള്ളതിൽ സംശയമില്ല.

ഖുർആനിൽ പ്രതിപാദിച്ച ഇറം എന്ന പട്ടണം തിരിച്ചറിഞ്ഞു. എന്ന മട്ടിലാണ് ഒമാനിലുണ്ടായ ഈ പുരാവസ്തു സ്മാരകത്തിന്റെ കണ്ടെത്തലുകൾ ആഘോഷിച്ചത്. 1992 ഫെബ്രുവരി 5 ന് **Los Angeles Times** ൽ ***Ubar, Fabled Lost City, Found by L.A. Team : Archeology: NASA aided in finding the ancient Arab town, once the center of frankincense trade.*** *(ഒരു കാലത്ത് കുന്തിരിക്ക വിപണനത്തിന്റെ കേന്ദ്രമായിരുന്ന പുരാതന അറബി പട്ടണം നാസയുടെ സഹായത്തോടെ പുരാവസ്തു ശാസ്ത്രം കണ്ടെത്തി')* എന്ന തലക്കെട്ടിൽ വന്ന വാർത്തയുടെ തർജമ താഴെ കൊടുക്കുന്നു.

*'ഖുർആനിലും ആയിരത്തൊന്നു രാവുകളിലും വിവരിക്കപ്പെട്ട, കുന്തിരിക്ക വിപണനത്തിന്റെ കേന്ദ്രമായി അറിയപ്പെട്ട ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന അത്ഭുത നഗരം ലോസ് ആഞ്ചലസ് സംഘം കണ്ടെത്തി.*

*പുരാതന കാലത്തെ സാഹിത്യങ്ങളും ഉപഗ്രഹ സംവേദനരംഗത്തെ ഉന്നത സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച ഗവേഷണങ്ങളിലൂടെ ഗതി മാറി കൊണ്ടിരുന്ന മണൽക്കൂമ്പാരങ്ങൾക്കടിയിൽപ്പെട്ട് കാണാതായ ഈ കോട്ട നഗരം ഗവേഷകർ കണ്ടെത്തുകയായിരുന്നു. അത്യന്തം വന്ധ്യമായ റുബുഉൽ ഖാലി അഥവാ എംപ്ടി കോർട്ടർ എന്നറിയപ്പെടുന്ന ഒമാന്റെ ഭാഗത്താണ് ഈ നഗരം കണ്ടെത്തിയത്.*

*അഖാറാ പർവതത്തിന് ചുറ്റും വളരുന്ന സുഗന്ധ വാഹിയായ മരത്തിൽ നിന്ന് എടുക്കുന്ന കറയാണ് കുന്തിരിക്കം. അതിന്റെ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള കപ്പൽ കയറ്റുമതി കേന്ദ്രമായിരുന്നു 5000 വർഷങ്ങൾക്ക് മുമ്പ് പണിത ഈ പട്ടണം. മൃതദേഹ സംസ്ക്കരണത്തിനും മത ചടങ്ങുകൾക്കും സുഗന്ധ വസ്തു നിർമാണത്തിനും മരുന്നിനും ഉപയോഗിക്കപ്പെട്ടിരുന്ന കുന്തിരിക്കം അക്കാലത്ത് സ്വർണത്തെപ്പോലെ അമൂല്യമായ ഒരു വസ്തുവായിരുന്നു.*

*ഇസ്ലാമിലെ ഇതിഹാസ പ്രകാരം ഉബാറിന്റെ ഭരണാധികാരികൾ സമ്പന്നരും ശക്തരുമായിരുന്നു. തിന്മയും കാപട്യവും നിമിത്തം അവസാനം ദൈവം അവരുടെ പട്ടണം നശിപ്പിക്കുകയും മരുഭൂമി വിഴുങ്ങാനനുവദിക്കുകയും ചെയ്തു. ലോറൻസ് ഓഫ് അറേബ്യ എന്ന പേരിൽ പ്രശസ്തനായ ടി. ഇ. ലോറൻസാണ് അവരുടെ പട്ടണത്തെ സമുദ്രത്തിനടിയിലെ അത്ലാന്റിസിനോട് തുല്യപ്പെടുത്തി 'ദ അത്ലാന്റിസ് ഓഫ് സാന്റ്സ്' എന്ന് വിളിച്ചത്. അത്ലാന്റിസിനെ പോലെ ഉബർ നഗരം എന്നെങ്കിലും നിലനിന്നിരുന്നോ എന്ന് നിരവധി പണ്ഡിതന്മാർ സംശയിച്ചിരുന്നു.*

*സൻമാരിയോയിലെ ഹൺഡിംഗ്ടൺ ലൈബ്രറിയിൽ ഇന്ന് നടത്തിയ ന്യൂസ് കോൺ ഫ്രൻസിൽ കഴിഞ്ഞ രണ്ട് മാസമായി നടത്തിയ പുരാവസ്തു ഖനനത്തെ പറ്റി വിവരണം നൽകുകയായിരുന്നു. എട്ട് വശങ്ങളുള്ള ഒരു നിർമിതി എല്ലാ അർഥത്തിലും ഗംഭീരമാണ്. ഇതിഹാസത്തിൽ വിവരിച്ചത് പോലുള്ളതുമാണ്.*

*അതിലുപരിയായി ആ നഗരം എങ്ങനെയാണ് നശിച്ചതെന്നും രേഖപ്പെടുത്തിയതായും ഗവേഷകന്മാർ പറഞ്ഞു. അത് അവരുടെ തിന്മകൊണ്ടുള്ള ദൈവിക ശിക്ഷ കൊണ്ടൊന്നുമല്ല. അവരുടെ ഇതിഹാസ രാജാവ് ശദ്ദാദ് ബ്നു ആദ് ഒരു ചുണ്ണാമ്പ് ഗർത്തത്തിന് മീതെ അറിയാതെയാണ് സ്വർഗത്തെ അനുകരിച്ചു കൊണ്ടുള്ള തന്റെ കെട്ടിടം പണിതത്. ഈ ചുണ്ണാമ്പ് ഗർത്തത്തിന് മീതെ പണിത നഗരത്തിന്റെ ഭാരത്താൽ ആ വൻ ഗർത്തത്തിലേക്ക് കെട്ടിടം താഴുകയായിരുന്നു. അങ്ങനെ നഗരത്തിന്റെ വലിയൊരു ഭാഗം നശിച്ചു. അവസാനം ബാക്കി നഗരവും ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. ഗവേഷകന്മാർ ഉബാർ നഗരത്തിനടുത്ത് നവീന ശിലായുഗത്തിൽ ബി. സി. 6000 ന് മുമ്പുള്ള ഒരു ഗ്രാമവും കണ്ടെത്തിയിട്ടുണ്ട്.*

*മിത്തിൽ പൊതിഞ്ഞു കിടക്കുന്ന ഈ മേഖലയിലെ ചരിത്രത്തിലേക്ക് ഈ കണ്ടെത്തലുകൾ കൂടുതൽ വെളിച്ചം വീശുമെന്ന് ഗവേഷകർ അഭിപ്രായപ്പെട്ടു. ഇ. ജോർജ് ഹെഡ്ജെയും ഗവേഷണ സംഘത്തിന് നേതൃത്വം നൽകുന്ന സിനിമാ നിർമാതാവായ നിക്കളോസ് ക്ലാപ്പും (53) പറഞ്ഞു. ഈ മേഖലയിലെ മിത്തുകൾക്കൊപ്പം ശീബാ രാജ്ഞിയുടെ അസ്തിത്വം സംബന്ധിച്ച പ്രശ്നവും പരിഹരിക്കപ്പെടും .*

*കാലാവസ്ഥ അക്കാലത്ത് ഇന്നത്തേക്കാൾ വളരെ വ്യത്യസ്തമായിരുന്നു വെന്നതിന് തെളിവുകളുണ്ട്. അതിനായി നവീന ശിലായുഗത്തിലെ ഒരു ഗ്രാമവും ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്. വറ്റിപ്പോയ ഒരു നദിക്കരയിലായിരുന്നു ആ ഗ്രാമം എന്ന് ഗവേഷകന്മാർ ഉറപ്പായും അഭിപ്രായപ്പെട്ടു.*

*നവീന ശിലായുഗത്തിന് 3000 വർഷത്തിന് ശേഷം ഉബാറിന്റെ കാലഘട്ടത്തിൽ അടുത്തുള്ള ഗ്രാമത്തിൽ ധാരാളം മഴലഭിച്ചി രുന്നു. നഗരത്തിന്റെ ആവശ്യങ്ങൾക്ക് മാത്രമല്ല വിലക്കപ്പെട്ട ഈ മരുഭൂമിയിലേക്ക് പോകുന്ന ഒട്ടക സംഘത്തിനുള്ള ജല വിതരണത്തി നും മതിയായതായിരുന്നു ഈ ജലസമൃദ്ധി. '* (Los Angeles Times- February 05, 1992)

തുടരും

# മുബാറാത്ത്, ഫസ്ഖ്

സ്ത്രീകളുടെ അവകാശം സംരക്ഷിക്കപ്പെട്ട ഇസ്‌ലാമിൽ വിവാഹ ജീവിതം ദുസ്സഹമാവുമ്പോൾ ഭാര്യമാർ മുൻകൈയെടുത്ത് വിവാഹ മോചനം നടത്തുന്ന സമ്പ്രദായങ്ങളുമുണ്ട്. ആളുകൾ ഇതിനെ സംബന്ധിച്ച് വേണ്ടത്ര ബോധവാന്മാരല്ല എന്നാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

ഡോ. കൗസർ എടപ്പകത്ത്

ദമ്പതിമാരുടെ ഉഭയ സമ്മതത്തോടെയുള്ള വിവാഹ മോചനത്തിനാണ് 'മുബാറാത്ത്' എന്ന് പറയുന്നത്. ഇത് മുസ്‌ലിം നിയമത്തിന്റെ ഒരു പ്രത്യേകതയാണ്. ഇന്ത്യയിലെ വിവിധ വ്യക്തിനിയമങ്ങൾക്കിടയിൽ ആദ്യമായി ഉഭയ കക്ഷികളുടെയും സമ്മതത്തോടുകൂടിയ വിവാഹ മോചനം അനുവദിച്ചത് ഇസ്‌ലാമിക നിയമമാണ്. ഉഭയ സമ്മതപ്രകാരമുള്ള ഈ വിവാഹ മോചനം ഇപ്പോൾ മറ്റു ചില നിയമങ്ങൾക്കൊപ്പം കോടതി മുഖേനയുള്ള വിവാഹ മോചനമായി ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടി രിക്കുന്നു.[49]

മുബാറാത്ത് (പരസ്പര സമ്മതത്തോടുകൂടിയുള്ള വിവാഹ മോചനം) എന്ന പദത്തിന് ഇരുവരെയും (വിവാഹ ബന്ധത്തിൽ നിന്ന്) സ്വതന്ത്രമാക്കുക എന്നാണർഥം. മുബാറാത്തിൽ യാതൊരു രൂപത്തിലുള്ള നിർബന്ധവും അവരിൽ ചെലുത്താൻ പാടില്ല എന്നതാണ് സുന്നി പക്ഷം. വിവാഹ മോചനത്തിനുള്ള തീരുമാനം ഇരുവരിൽ നിന്നുമായിട്ടുണ്ടാകാം. വിവാഹ പങ്കാളികളിൽ ഇരു കക്ഷികളിൽ ഏതെങ്കിലും ഒന്നിൽ നിന്ന് മുബാറാത്തിന്റെ ആവശ്യം ഉണ്ടാവാം. ഇരു കക്ഷികളും മുബാറാത്തിൽ പ്രവേശിക്കുന്നതോടെ ഇരുവർക്കുമുള്ള എല്ലാ വൈവാഹിക ബാദ്ധ്യതകളും അവകാശങ്ങളും അവസാനിക്കുന്നു. സുന്നികളും ശിയാക്കളും ഇത് തിരി ച്ചെടുക്കാൻ കഴിയാത്ത വിവാഹ മോചനമായി കരുതുന്നു. 'ഖുല' യിലെന്ന പോലെ ഇദ്ദ കാലം ആചരി ക്കൽ മുബാറാത്തിനും നിർബന്ധ മാണ്.[50] സുന്നി നിയമമനുസരിച്ച് ഉഭയ കക്ഷികളും മുബാറാത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒരാൾക്ക് മറ്റൊരാളുടെ മേലെയുണ്ടായിരുന്ന എല്ലാ വൈവാഹിക അവകാശങ്ങളും ദുർബലപ്പെടുന്നതാണ്. തലാഖിലും ഖുലയിലുമുള്ളത് പോലെയുള്ള ഉപാധികൾ മുബാറാത്തിനും ബാധകമായിരിക്കുന്നതാണ്. ശിയാക്കളുടെ നിയമ പ്രകാരം മുബാറാത്തിൽ പ്രവേശിക്കുവാൻ വിവാഹ ബന്ധം ഇരുവർക്കും അസഹ്യമായിരിക്കുന്നുവെന്ന് ഉത്തമ ബോദ്ധ്യമുണ്ടായിരിക്കണം.[51]

പരസ്പര സമ്മതത്തോട് കൂടിയ വിവാഹ മോചനത്തിന് സമ്മതിക്കുന്ന ഇരു കക്ഷികളും സുബോധമുള്ളവരും അവരുടെ സ്വന്തം ഇച്ഛക്കനുസൃതമായി പ്രവർത്തിക്കുന്നവരുമായിരിക്കണം. പ്രത്യേകകാലഘട്ടത്തിലേക്ക് മാത്രമായുള്ളതാണ് വിവാഹം എന്ന പ്രത്യേക ഉപാധികളൊന്നും ഉണ്ടായിരിക്കാൻ പാടുള്ളതല്ല. മുബാറാത്തിനുള്ള 'ഈജാബ്' (നിർദേശം) ഭാര്യയിൽ നിന്നോ ഭർത്താവിൽ നിന്നോ വരാം. മുബാറാത്ത് നിർദേശം ഒരാൾ ഉന്നയിക്കുകയും മറുകക്ഷി അത് ഖബൂൽ (അംഗീകരിക്കുകയും) ചെയ്യുകയും ചെയ്താൽ മുബാറാത്ത് പൂർണ മാവുന്നു. നടപടി ക്രമപ്രകാരം മുബാറാത്ത് നിക്കാഹിന് വിപരീതമായിട്ടുള്ളതാണ്. നിക്കാഹിലെ ഈജാബ് ഖബൂൽ വിവാഹ ബന്ധം സ്ഥാപിക്കുന്നുവെങ്കിൽ മുബാറാത്തിലെ ഈജാബ് ഖബൂൽ വിവാഹ ബന്ധം വിച്ഛേദിക്കുന്നതിനുള്ളതാണ്. മുബാറാത്ത് വായ് മൊഴിയായും വരമൊഴിയായും നടത്താവുന്നതാണ്. ഖാളിയുടെ ഇടപെടലോടുകൂടിയോ ഇടപെടലില്ലാതെയോ പ്രാബല്യത്തിൽ വരാം. മുബാറാ

ത്തിൽ വിവാഹ ബന്ധം വേർപെടുത്തുന്നതിന്റെ കാരണം ബോധിപ്പിക്കേണ്ടതില്ല.[52] ദാമ്പത്യ ജീവിതം ക്രമപ്പെടുത്തുവാൻ ഭർത്താവിന്റെയോ ഭാര്യയുടെയോ ഭാഗത്തു നിന്നും നിയമാനുസൃതമായ വല്ല കരാറും ഉണ്ടെങ്കിൽ അത് പ്രവാചകന്റെ ചര്യക്ക് നിരക്കുന്നതാണ്. മുബാറാത്ത് ഒറ്റത്തവണയുള്ള മടക്കിയെടുക്കാൻ പറ്റാത്ത വിവാഹ മോചനമാണ്. ഇദ്ദ അതിൽ ഉൾപ്പെട്ടതാണ്. എന്തെങ്കിലും തരത്തിലുള്ള കരാറിന്റെ അഭാവത്തിൽ ഭാര്യക്കും കുട്ടികൾക്കും ജീവനാംശത്തിനുള്ള അവകാശം നഷ്ടപ്പെടുന്നില്ല.[53]

ഇന്ത്യയിലെ വ്യക്തി നിയമത്തിൽ മുബാറാത്ത് പൂർണമായും പ്രാവർത്തികമാണ്. അത് പ്രത്യേകമായി 1937 ലെ മുസ്‌ലിം വ്യക്തി നിയമത്തിൽ (ശരീഅത്ത്) പ്രയുക്ത നിയമത്തിൽ (the Muslim Personal Law (*Shariat*) application Act,1937.) കോടതി ബാഹ്യമായ വിവാഹ മോചനമായി പ്രതിപാദിച്ചിട്ടുണ്ട്. പരസ്പര സമ്മതത്തോടു കൂടിയ വിവാഹ മോചനം 1955 ലെ 13 ബി വകുപ്പ് പ്രകാരമുള്ള ഹിന്ദു വിവാഹ നിയമത്തിലും, 1976 ലെ 28-ാം വകുപ്പ് സ്പെഷ്യൽ മാര്യേജ് ആക്റ്റിലും (1954 ലെ നിയമം ഭേദഗതി ചെയ്തത്) 2001 ലെ ജൂഡിഷ്യൽ ഡൈവോഴ്സ് രൂപത്തിലായും (1876 ലെ 10-ാം വകുപ്പ് ഭേദഗതി ചെയ്തത്) ഉണ്ട്. പരസ്പര സമ്മതത്തോടു കൂടിയ വിവാഹ മോചനത്തിനായുള്ള മേൽ കൊടുത്ത എല്ലാ വിവാഹമോചന നിയമങ്ങളും കോടതിയുടെ ഇടപെടൽ ആവശ്യമാണ്. അതിലുപരിയായി ഈ നിയമങ്ങളിലെല്ലാം ഇരുകക്ഷികളും ഒരു വർഷമോ അതിലധികമോ വേർപിരിഞ്ഞു ജീവിക്കണമെന്ന ഉപാധിയുണ്ട്. മാത്രമല്ല അത്തരം പരാതികൾ 6 മാസം കഴിഞ്ഞതിന് ശേഷമേ പരിഗണിക്കപെടുകയുള്ളൂ. മറിച്ച് മുസ്‌ലിം വിവാഹ നിയമ പ്രകാരം പരസ്പര സമ്മതത്തോടുകൂടിയ വിവാഹ മോചനം കോടതിക്ക് പുറത്ത് വെച്ച് നടത്താവുന്നതാണ്. മറ്റു വിവാഹ നിയമങ്ങളിലുള്ളത് പോലെ യാതൊരു വിധ ഉപാധികളുമില്ല. വസ്തുനിഷ്ഠമായ പഠനം വെളിപ്പെടുത്തുന്നത് 10.5% മാത്രമാണ് പരസ്പര സമ്മതത്തോടു കൂടിയ വിവാഹ മോചനം നടക്കുന്നത് എന്നാണ്.

## ഫസ്ഖ്

ഭാര്യയോ ഭർത്താവോ, കോടതിയുടെയോ മറ്റു യാതൊരു അധികാരികളുടെയോ ഇടപെടലില്ലാതെ കോടതിയുടെ ഒരു പ്രഖ്യാപനം വഴി വിവാഹ മോചനം നടത്താൻ മുസ്‌ലിം നിയമം ഭാര്യയെ അനുവദിക്കുന്നു. ഇങ്ങനെ നിലവിൽ വരുന്ന വിവാഹ മോചനമാണ് 'ഫസ്ഖ്'.

ഫസ്ഖിന്റെ അർഥം അസാധു, റദ്ദാക്കൽ എന്നിങ്ങനെയാണ്. ഭാര്യയുടെ അപേക്ഷ പ്രകാരം വിവാഹം അസാധുവാക്കാനുള്ള മുസ്‌ലിം ഖാളിയുടെ അധികാരമായാണ് ഫസ്ഖ് വ്യവഹരിക്കപ്പെടുന്നത്. [54]

ഫസ്ഖ് മുസ്‌ലിം നിയമത്തിൽ അറിയപ്പെടുന്ന ഒന്നാണ്. അമീർ അലിയുടെ നിരീക്ഷണം കാണുക: 'ഭർത്താവിന്റെ കുറ്റകരമായ സ്വഭാവം മൂലം വിവാഹ ജീവിതം ഭാര്യക്ക് അസഹനീയമായി വരുകയും വിവാഹശേഷം നിയമം തന്നിൽ ചുമത്തിയ കടമകൾ അവഗണിക്കുകയും ഭർത്താവ് തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയും വിവാഹാവസരത്തിൽ നൽകിയ വാഗ്ദാനത്തിൽ നിന്ന് പിറകോട്ട് പോകുകയും ചെയ്യുകയാണെങ്കിൽ അവൾക്ക് ഖാളിയുടെയോ ജഡ്ജിയുടെയോ മുമ്പിൽ വിവാഹ മോചനത്തിനായുള്ള പരാതി ബോധിപ്പിക്കാനുള്ള അവകാശമുണ്ട്.[55]

ഫൈസിയുടെ അഭിപ്രായത്തിൽ ഫസ്ഖിന്റെ നിയമം ഖുർആനിക ആജ്ഞകളുടെയും റസൂൽ തിരുമേനി(സ)യുടെ നടപടിക്രമത്തിന്റെയും മേൽ കെട്ടിപ്പടുത്തതാണ്. അമീർ അലി പറയുന്നു:

'ഖാളിക്കോ ജഡ്ജിക്കോ വിവാഹ മോചനത്തിന്റെ പ്രഖ്യാപനം നടത്താവുന്നതാണ്. വിവാഹത്തിൽ ഒരു സ്ത്രീ അതൃപ്തയാണെങ്കിൽ അത് വിച്ഛേദിക്കാവുന്നതാണ്.

ഇന്ത്യയിൽ ഭാര്യയുടെ ഭാഗത്ത് നിന്നുള്ള കോടതി മുഖേനയുള്ള വിവാഹ മോചന ആവശ്യത്തിന്റെ നിയമങ്ങൾ ക്രോഡീകരിക്കുകയും 1939 ലെ മുസ്‌ലിം വിവാഹ മോചന നിയമത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് ഇന്ത്യയിൽ മത നേതാക്കൾ സ്ത്രീകൾക്ക് അനുകൂലമായുള്ള നിയമ പരിഷ്ക്കാര പ്രവർത്തനങ്ങൾ ദീർഘകാലം നടത്തിയതിന്റെ ഫലമായിട്ടാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്.[57] ഈ നിയമം നിലവിൽ വരുന്നതിന് മുമ്പ് കോടതി ഇക്കാര്യത്തിൽ ഹനഫി ചിന്താസരണിയുടെ വ്യാഖ്യാനങ്ങളാണ് അവലംബിച്ചിരുന്നത്. ഹനഫി നിയമത്തിൽ ശരീഅത്ത് പ്രകാരം വിവാഹ മോചനത്തിന് സ്ത്രീകൾക്കുള്ള അവകാശം നിഷേധിച്ചിരുന്നു. വലിയ ബഹു ജനപ്രക്ഷോഭങ്ങൾക്ക് ശേഷമാണ് ഖാസി മുഹമ്മദ് അഹ്മദ് ഖാസിം 1939 ഏപ്രിൽ 17 ന് കേന്ദ്ര നിയമ നിർമാണ സഭയിൽ ഒരു ബില്ല് ഇത് സംബന്ധിച്ച് അവതരിപ്പിക്കുന്നത്. അവസാനം ഉചിതമായ പരിഷ്ക്കരണങ്ങൾ വരുത്തി കേന്ദ്ര നിയമ സഭബില്ല് പാസ്സാക്കി. വളരെ കാലത്തിനിടയിൽ നിയമ സഭ പാസാക്കിയ പുരോഗമനാത്മകമായ ഒരു ബില്ലായിരുന്നു അത്. രണ്ട് ലക്ഷ്യങ്ങൾ ഈ നിയമം നേടുകയുണ്ടായി. ശരീഅത്ത് നിയമ പ്രകാരം മുസ്‌ലിം സ്ത്രീകൾക്ക് ഒരു സുപ്രധാന അവകാശം പുനസ്ഥാപിച്ചു നൽകുകയും ഈ നിയമത്തിന് കീഴിൽ എല്ലാ മുസ്‌ലിംകളേയും ഒരുപോലെ ഗണിക്കുകയും ചെയ്തു. നിയമത്തിലുള്ള സൂക്ഷ്മമായ വ്യത്യാസങ്ങൾ നിയമത്തിന്റെ മുഖ്യ താൽപര്യത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ ആരെയും അനുവദിച്ചില്ല. അതിനാൽ ഈ നിയമം മുസ്‌ലിംകളിലെ എല്ലാ ചിന്താ സരണികൾക്കും ബാധകമായിരുന്നു.[58] അതിനാൽ 1939 മുസ്‌ലിം വിവാഹ മോചന നിയമയ ത്തിന്റെ ഉദ്ദേശ്യം മുസ്‌ലിം സ്ത്രീക്ക് വിവാഹ മോചനം

നടത്തുവാൻ കേസു കൊടുക്കാൻ വേണ്ടി നിയമ ത്തെ ഏകീകരിക്കുകയും നിയമത്തി ന് കൂടുതൽ വ്യക്തത വരുത്തുകയും ചെയ്യുക എന്നതായിരുന്നു. കോടതി നടപടികളിലൂടെ വിവാഹ മോചനം നടത്തുന്നതിനായി നിയമത്തിൽ ചില സാഹചര്യങ്ങൾ കൂടി ഉൾപ്പെടു ത്തി. താഴെ പറയുന്ന സാഹചര്യ ങ്ങൾ ഉണ്ടെങ്കിൽ മുസ്ലിം ഭാര്യക്ക് കോടതികളിലൂടെ വിവാഹ മോചനം നടത്താവുന്നതാണ്.

1.നാല് വർഷത്തോളം ഭർത്താ വിനെ കുറിച്ച് യാതൊരു വിവരവു മില്ലാതിരിക്കുക., 2 രണ്ട് വർഷത്തോ ളം ഭാര്യക്ക് ചെലവിന് കൊടുക്കാതി രിക്കുക., 3.ഏഴ് വർഷത്തോളം ഭർത്താവിന് ജയിൽ ശിക്ഷ വിധി ക്കുക., 4.ന്യായമായ കാരണങ്ങൾ കൂടാതെ ഭർത്താവ് വൈവാഹിക മായ കടമകൾ നിർവഹിക്കാതിരി ക്കുക., 5. ഭർത്താവിന്റെ ഷണ്ഡത്വം., 6. ഭർത്താവിന്റെ മാനസിക രോഗം., 7. പതിനെട്ട് വയസ്സാവുന്നതിന് മുമ്പ് രക്ഷിതാവ് നടത്തിയ വിവാഹം., 8.ഭർത്താവിന്റെ ക്രൂരത., 9.മുസ്ലിം നിയമപ്രകാരം സാധുവായ മറ്റെ ന്തെങ്കിലും കാരണങ്ങൾ. ഈ നിയമം ജമ്മു കാശ്മീർ ഒഴികെ ഇന്ത്യ മുഴുവൻ പ്രാബല്യത്തിലുള്ളതാണ്. ജമ്മു കശ്മീരിൽ സ്റ്റേറ്റ് മാര്യേജ് ഡിസ്സൊലൂഷൻ ആക്റ്റ് 1942 എന്ന പേരിൽ ഇതിന് സമാന്തരമായി മറ്റൊരു നിയമമുണ്ട്. ഈ നിയമ ത്തിലെ 2-ാം സെക്ഷനിൽ ഉപയോ ഗിച്ച വാക്കുകൾ 'മുസ്ലിം നിയ ത്തിന് കീഴിൽ വിവാഹിതയായ സ്ത്രീ' (woman married under Muslim Law) എന്നാണ്. 'മുസ്ലിം സ്ത്രീ' എന്നല്ല. വിവാഹബന്ധ ത്തിൽ നിന്ന് മോചിതയാവുമെന്ന് പ്രതീക്ഷിച്ച് ഇസ്ലാം മതം ഉപേക്ഷിച്ച സ്ത്രീയെ സംരക്ഷി ക്കാനാണ് ഇത്ത രമൊരു പ്രയോഗം. മുസ്ലിം ആയിരുന്നെങ്കിലും ഇപ്പോൾ മുസ്ലിം അല്ലാത്ത സ്ത്രീ ക്കും മേൽ പറഞ്ഞ നിയമത്തിലെ ഏതെങ്കിലും ഒരു കാരണത്താൽ അവരുടെ വിവാഹ ബന്ധത്തിൽ നിന്ന് മോചനം ലഭിക്കുന്നതാണ്. [59]

ഈ നിയമത്തിലെ 2-ാം വകുപ്പിന്റെ പശ്ചാത്തലത്തിൽ ഒരു മുസ്ലിം സ്ത്രീക്ക് വിവാഹ മോചനത്തിനായി കോടതിയെ സമീപിക്കാവുന്നതാണ്. ഈ നിയമ ത്തിൽ പ്രതിപാദിച്ച പ്രായപൂർ ത്തിയാവാതെ വിവാഹം കഴിച്ച കാരണത്താൽ കോടതിയെ സമീപി ക്കാവുന്നതാണ്. ഈ വകുപ്പ് പ്രകാരം 60 'ഖയ്റുൽ ബുലൂഹ്' എന്ന ആചാര നിയമ മനുസരിച്ച് 15 വയസ്സ് തികയാതെ വിവാഹം കഴിഞ്ഞ ഒരു പെൺകുട്ടി അവൾ ഭർത്താവുമായി സഹശയനം നട ത്താതെ വിവാഹം നിരാകരി ക്കുന്നുവെങ്കിൽ ഫസ്ഖിന്നായി കോടതിയെ സമീപിക്കാവുന്നതാണ്. വിവാഹം മൈനർക്ക് വേണ്ടി രക്ഷിതാവ് നടത്തിയതെങ്കിൽ അവളോ അവനോ പ്രായ പൂർത്തി യായാൽ ആ വിവാഹം അത്തരം പങ്കാളിക്ക് തുടരുകയോ വിച്ഛേദി ക്കുകയോ ചെയ്യാവുന്നതാണ്. പ്രായപൂർത്തിയെത്താത്തവരുടെ വിവാഹം ഇഷ്ടമല്ലാത്ത വിവാഹം എന്ന വകുപ്പിൽ പെടുത്തി സ്ത്രീക്ക് ആ വിവാഹ ബന്ധത്തിൽ നിന്ന് മോചനം നൽകുന്നു. പ്രായ പൂർത്തിയുടെ തിരഞ്ഞെടുപ്പ് ((option of puberty) എന്ന വകുപ്പ് ഇഷ്ടമില്ലാത്ത വിവാഹത്തിനെതിരെ മുസ്ലിം നിയമം നൽകുന്ന ഒരു പരിരക്ഷയാണ്.[61] പ്രായപൂർത്തി യുടെ തിരഞ്ഞെടുപ്പ് എന്ന വകു പ്പിന്റെ അടിസ്ഥാന ആശയം സ്ത്രീ കളുടെ വിവാഹകാര്യത്തിൽ എന്തും ചെയ്യാൻ ധൃഷ്ടരാകുന്ന അവളു ടെയോ അവന്റെയോ രക്ഷിതാക്ക ന്മാരുടെ അധികാരത്തിന് തടയിടു ന്നു.[62] ഡോ. താഹിർ മഹ്മൂദ്[63] ശരിയായി ചൂണ്ടിക്കാട്ടിയത് പോലെ 1939 ലെ മുസ്ലിം വിവാഹ മോചന നിയമം 15 വയസ്സ് പ്രായപൂർത്തി ക്കുള്ള വയസ്സായി നിശ്ചയിക്കു കയുണ്ടായി.

പ്രായപൂർത്തിയുടെ തിരഞ്ഞെ ടുക്കൽ (option of puberty) മുസ്ലിം ക്ലാസിക്കൽ നിയമത്തിൽ കാതലായ മാറ്റങ്ങളുണ്ടാക്കി. ദമ്പ തികൾ ശാരീരികമായി ബന്ധപ്പെട ണമെങ്കിൽ അത് ഭാര്യയുടെ സമ്മതത്തോടെ ആയിരിക്കണമെന്ന് അലഹബാദ് ഹൈക്കോടതി വിധി ക്കുകയും ചെയ്തു.[64] ലാഹോർ ഹൈക്കോടതി 15 വയസ്സിന് മുമ്പുള്ള സഹശയനം വിവാഹ വ്യവസ് ഥയുടെ ലംഘനമാണെന്നും വിധിച്ചു.[65]

ഇന്ത്യയിലെ മുസ്ലിം സ്ത്രീകൾ മൂകമായി സഹിക്കുന്ന വിവാഹ ദുരന്തങ്ങൾക്ക് അറുതിയുണ്ടാകണ മെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ ഈ നിയമം ശരീഅത്ത് നിയമത്തിൽ അഗാധവും ഫലപ്രദവുമായ ഇട പെടലായി മാറുകയും അത് സുപ്ര ധാനമായ സാമൂഹ്യ നിയമ നിർമാ ണമായി തീരുകയും ചെയ്തു.[66] എന്നാൽ കേരള ഹൈക്കോടതിയിൽ കെ.സി. മോയിനും നഫീസയും തമ്മിലുള്ള കേസിൽ[67] വിവാഹ മോചന വിഷയത്തിൽ മുസ്ലിം സ്ത്രീയുടെ അവകാശങ്ങൾ വെട്ടി ക്കുറക്കുകയാണുണ്ടായത്. കോട തിയുടെ നിരീക്ഷണം ഇങ്ങനെ:

'ഒരു പക്ഷേ തലാഖെ തഫവിസ് കാര്യത്തിലൊഴികെ 1939 ലെ മുസ്ലിം വിവാഹ മോചന നിയമ ത്തിന്റെ വ്യവസ്ഥകളുടെ പരിധിക്ക് പുറത്തായതിനാൽ മുസ്ലിം സ്ത്രീക്ക് വിവാഹ മോചനം ലഭിക്കില്ല.'

മേൽ പറഞ്ഞ അഭിപ്രായത്തെ താഹിർ മഹ്മൂദ് അതിശക്തമായി വിമർശിക്കുന്നുണ്ട്. 1939 ലെ നിയമം കോടതി മുഖേനയുള്ള വിവാഹ മോചനത്തിന് മാത്രം ബാധകമായ തിനാൽ പ്രഥമ ദൃഷ്ടിയിൽ തന്നെ ഈ നിരീക്ഷണം തെറ്റാണെന്ന് അദ്ദേഹം പറഞ്ഞു. കോടതിക്ക് പുറത്ത് വെച്ച് വിവാഹ ബന്ധത്തിൽ നിന്ന് മോചിതയാവാൻ മുസ്ലിം സമുദായത്തിലെ എല്ലാ വിഭാഗ ത്തിലും പെട്ട സ്ത്രീക്ക് നിലവി ലുണ്ടായിരുന്ന അവകാശത്തെ (ഖുലാ) വെട്ടിക്കുറക്കാനല്ല ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്.68. ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നിയമത്തിലെ സെക്ഷൻ 2 ലെ അവശിഷ്ട വ്യവസ്ഥകളിൽ 9-ാമ ത്തെ വകുപ്പിൽ മുസ്ലിം നിയമം

അംഗീകരിക്കുന്ന 'മറ്റു സാഹചര്യങ്ങളും' എന്ന പരാമർശം കോടതിയിലൂടെ വിവാഹ മോചനം നൽകാൻ അനുവദിക്കുന്നു. മുസ്‌ലിം നിയമം അനുശാസിക്കുന്ന 'ഖുല' യിലും 'തലാഖെ തഫ്‌വിസ് ' ലും ഉള്ളത് പോലെ കോടതിയിൽ പോവാതെ വിവാഹ മോചനം നടത്താനുള്ള സ്ത്രീയുടെ അവകാശങ്ങളെകുറിച്ച് പ്രത്യേകം പറയേണ്ടതില്ല. അത് പോലെ 1939 ലെ മുസ്‌ലിം വിവാഹ മോചന നിയമം 2(1X) വകുപ്പ് പ്രകാരം മുസ്‌ലിം സ്ത്രീക്ക് കോടതി ബാഹ്യമായി വിവാഹ മോചനം ചെയ്യാൻ മുമ്പേ തന്നെ ലഭിച്ച അവകാശം ഹനിക്കുന്നതാണ് കേരള ഹൈക്കോടതിയിലെ ജസ്റ്റീസ് ഖാലിദിന്റെ പോലെയുള്ളവരുടെ അഭിപ്രായം നിയമപരമായി തെറ്റാണെന്ന് പറയുന്നത് യുക്തിസഹമല്ല. ഇത് മുൻ കൂട്ടിക്കണ്ട് കൊണ്ടാണ് താഹിർ മഹ്മൂദ് വാദിക്കുന്നത്. 1939 ലെ മുസ്‌ലിം മാര്യേജ് ആക്റ്റിലെ 2(1X) വകുപ്പ് ഇസ്‌ലാമിക നിയമത്തിലെ ഫസ്ഖിന്റെ പരിധിയിൽ പെട്ട കോടതി മുഖേനയുള്ള വിവാഹ മോചനത്തിന് മാത്രം ബാധകമായിട്ടുള്ളതാണ്.[69] എന്തായിരുന്നാലും കോടതിക്ക് പുറത്ത് വെച്ച് മുസ്‌ലിം സ്ത്രീക്ക് വിവാഹ മോചനം ചെയ്യുവാനുള്ള നിലവിലുള്ള അവകാശത്തെ 1939 ലെ നിയമം എടുത്തു കളയുന്നില്ല എന്ന കാര്യം ഈ നിയമത്തിൽ ഒരു ഭേദഗതി വരുത്തി വ്യക്തത വരുത്തേണ്ടതുണ്ട്.

ഈ നിയമം മുസ്‌ലിം സമൂഹം വളരെ ഹാർദമായി സ്വാഗതം ചെയ്യുകയുണ്ടായി. ഈ നിയമം നിരവധി മുസ്‌ലിം സ്ത്രീകൾക്ക് പ്രയോജനകരമായി തീർന്നു എന്ന് വസ്തുനിഷ്ഠമായ പഠനങ്ങൾ സൂചിപ്പിക്കുന്നു. പഠനത്തിന്റെ ഭാഗമായി 2005 ജനുവരി മുതൽ 2008 ജൂലൈ വരെയുള്ള കാലഘട്ടങ്ങളിൽ 1939 ലെ വിവാഹ മോചന നിയമത്തിന്റെ അടിസ്ഥാനത്തിൽ വിവാഹ മോചനം ചെയ്തവരുടെ സ്ഥിതിവിവരക്കണക്കുകൾ മലപ്പുറത്തെ കുടുംബ കോടതിയിൽ നിന്ന് ശേഖരിക്കുകയുണ്ടായി. ഇപ്പറഞ്ഞ കാലയളവിൽ 306 കേസുകളാണ് തീർപ്പാക്കിയത്. അതിൽ 204 കേസുകളും എക്സ്പാർട്ടി വിധിയായിരുന്നു. വളരെ ചുരുക്കം കേസുകൾ തള്ളിയത് ഭാര്യയുടെ അഭാവത്തിലാണ്.

ഈ സ്ഥിതി വിവരക്കണക്ക് സൂചിപ്പിക്കുന്നത് ഈ നിയമം മുസ്‌ലിംകൾക്കിടയിൽ സുപരിചതവും മുസ്‌ലിം സ്ത്രീകൾ അതിന്റെ ഗുണഭോക്താക്ക ളുമാണെന്നാണ്. ശ്രദ്ധേയമായ കാര്യം ഭൂരിപക്ഷം കേസുകളിലും ഭർത്താക്കന്മാരുടെ അഭാവത്തിൽ എക്സ് പാർട്ടി വിധിയാണുണ്ടായത്. എതിർ വാദ മുന്നയിക്കാത്ത ഇത്തരം കേസുകൾ തെളിയിക്കുന്നത് വിവാഹം വീണ്ടും വിളക്കിചേർക്കാൻ കഴിയാത്ത വിധം വിച്ഛേദിക്കപ്പെട്ടു എന്നാണ്. വിവാഹത്തിന് മഹർ നൽകാത്തവർ വിവാഹ മോചനാവസരത്തിൽ മഹർ നൽകണം. അങ്ങനെ മഹർ നൽകുന്നത് ഒഴിവാക്കാൻ വേണ്ടിയും ഇദ്ദ കാലഘട്ടത്തിൽ ചെലവിന് നൽകാതിരിക്കാനും, മതാഊം മറ്റു ജീവനാംശങ്ങളും നൽകാതിരിക്കാനും വേണ്ടി തലാഖ് ചൊല്ലാതെ ഭർത്താക്കന്മാർ കരുതികൂട്ടി പിടിച്ചു നിൽക്കുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ഈ നിയമത്തിന് കീഴിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ ആധിക്യം സൂചിപ്പിക്കുന്നത് കോടതി ബാഹ്യമായ വിവാഹ മോചനം, ഖുല എന്നിവയുടെ കാര്യത്തിലുള്ള ആളുകളുടെ അജ്ഞത കൂടിയാണ്.

306 കേസുകളിൽ നിന്ന് എടുത്ത 35 കേസുകളിൽ ഭാഗഭാക്കുകളായ കക്ഷികളുമായി അഭിമുഖം നടത്തുകയുണ്ടായി. അതിൽ നിന്ന് മനസ്സിലായത് ഭാര്യാഭർത്താക്കന്മാർ തമ്മിൽ കേവലം ഒരു വഴക്ക് കൊണ്ട് മാത്രം സംഭവിച്ചതല്ല അവരുടെ വിവാഹ മോചനം എന്നതാണ്. വിവാഹ മോചനത്തിന് പല കാരണങ്ങളുമുണ്ട്. ജനങ്ങൾക്കിടയിൽ നടത്തിയ പഠനങ്ങളിൽ നിന്ന് വ്യക്തമാവുന്നത് ക്രൂരത, ചെലവ് കൊടുക്കുന്നതിൽ സംഭവിക്കുന്ന പരാജയം, വൈവാഹിക കടമകൾ നിറവേറ്റുന്നതിലുള്ള വീഴ്ച്ച, കുട്ടികളില്ലായ്മ, സ്ത്രീധനം, എന്നിവയാണ് മറ്റു കാരണങ്ങൾ വിവാഹ ബാഹ്യമായ പ്രേമ ബന്ധങ്ങൾ, മാനസിക മായ പ്രശ്നങ്ങൾ, ബഹുഭാര്യമാരുള്ള ഭർത്താക്കന്മാരുടെ പക്ഷപാതപരമായ പെരുമാറ്റം എന്നിവയും വിവാഹ മോചന ത്തിനുള്ള മറ്റു കാരണങ്ങളാണ്. ഭൂരിപക്ഷം കേസുകളിലും മേൽപറഞ്ഞ ഒന്നിലധികം കാരണങ്ങൾ ചേർന്നതാണ്.

(തുടരും) വിവ: എ. എം.

www.alislam.org

കുറിപ്പുകൾ

# അണയാത്ത നിലവിളക്ക് വിവാദം

മുസാഫിർ

കുറച്ച് നാളുകളായി കേരളത്തിൽ നീറിപുകഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ് നിലവിളക്ക് വിവാദം. മുസ്‌ലിം മന്ത്രിമാർ പങ്കെടുന്ന പൊതു ചടങ്ങുകളാണ് ഇത്തരം വിവാദ ങ്ങൾക്ക് വേദിയാവുന്നത്. നിലവിളക്ക് കത്തിക്കാമെന്ന് പറയുന്നവർ മതേതര വാദികളും നിലവിളക്ക് കത്തിക്കാതെ വിയോജിച്ച് നിൽക്കു ന്നവർ വർഗീയ വാദികളും എന്ന വളരെ ലളിതമായ വിഭജനം നടത്തി പൊതു മണ്ഡലത്തിൽ ചർച്ച കൊഴു ക്കുകയാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ ഇത്തരം വർഗീകരണങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച പുരോഗമിക്കുമ്പോൾ ഈ വിഷയത്തി ലടങ്ങിയിരിക്കുന്ന മൗലികവും പാവനവുമായ ജനാധിപത്യാവകാശങ്ങൾ വിസ്മരിക്കപ്പെടുകയാണ്. സെക്കുലറിസത്തെകുറിച്ച് വികല ധാരണകളുള്ളവർ വിഷയം ഉപരിപ്ലവമായും അയുക്തികവുമായും വിലയിരുത്തുകയാണ് ചെയ്യുന്നത്.

കഴിഞ്ഞ ജൂൺ മാസത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാവായ ശ്രീ പി. എൻ പണിക്കരുടെ അനുസ്മരണ ചടങ്ങിൽ ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി അബ്ദുറബ്ബ് നിലവിളക്ക് കൊളുത്താതെ ഒഴിഞ്ഞു നിന്നതും സിനിമാ നടൻ മമ്മൂട്ടി അദ്ദേഹത്തെ അതിന്റെ പേരിൽ വിമർശിച്ചതുമാണ് നിലവിളക്ക് വിവാദത്തിന് വീണ്ടും തിരികൊളുത്തിയത്. നമസ്കാരവും നോമ്പും നിർവഹിക്കുന്ന നടൻ മമ്മൂട്ടി നിലവിളക്ക് കൊളുത്തിയത് കൊണ്ട് തന്റെ ഈമാന് യാതൊരു കോട്ടവുമുണ്ടായിട്ടില്ല



എന്ന് അവകാശപ്പെട്ടായിരുന്നു അബ്ദുറബ്ബിനെ വിമർശിച്ചത്. കേരളത്തിൽ ഇനിയും പല വേദികളിലും ഈ വിവാദം ഇത്തരത്തിൽ ആവർത്തിച്ചു കൊണ്ടിരിക്കാനാണ് സാദ്ധ്യത.

ഈ വിഷയത്തിന് പല തലങ്ങളുമുണ്ട്. മുഖ്യവിഷയം പൗരന്റെ വിയോജിക്കാനുള്ള സ്വാതന്ത്ര്യത്തോ ട് കാട്ടുന്ന സഹിഷ്ണുത (Agree to disagree)തന്നെയാണ്. അബ്ദുറബ്ബും മറ്റു പല മുസ്‌ലിംകളും നിലവിളക്ക് കൊളുത്തുന്നതിൽ നിന്നും മാറി നിൽക്കുന്നത് അത് തങ്ങളുടെ മത വിശ്വാസത്തിന് യോജിക്കാൻ കഴിയാത്ത ഒരു മതാചാരമായത് കൊണ്ടാണ് എന്നാണ് വിശദീകരണം. നിലവിളക്ക് കൊളുത്തൽ ഹിന്ദു മതത്തിലെ അഗ്നിയാരാധനയുടെ ഭാഗമാണോ ഇസ്‌ലാമിക വിശ്വാസവുമായി അതിന് യോജിക്കാൻ കഴിയുമോ എന്നതല്ല ഈ പ്രശ്നത്തിന്റെ കാതലായ വിഷയം. ഒരു ജനാധിപത്യ മതേതര സമൂഹത്തിലെ പൊതുമണ്ഡലത്തിൽ ഭൂരിപ ക്ഷത്തിന്റെ അഭിപ്രായങ്ങളും ആചാരങ്ങളുമായി പൗരന് വിയോജിക്കാനുള്ള അവകാശത്തിന്റേതാണ് മുഖ്യ പ്രശ്നം. മത വിശ്വാസങ്ങൾ അമൂർത്തവും പ്രതിജന ഭിന്നവുമാണ്. അവ നിരവധി വ്യാഖ്യാനങ്ങളും അർഥകൽപ്പനകളും ഉൾക്കൊള്ളുന്നു. അതുകൊണ്ട് ഈ വിഷയത്തിൽ സുനിശ്ചിതവും വസ്തുനിഷ്ഠവും ജുഡീഷ്യസ് ആയുമുള്ള ഒരു തീരുമാനം എടുക്കാനാവില്ല. വിശ്വാസ കാര്യങ്ങൾ വൈയക്തിക ബോദ്ധ്യങ്ങളുടെ

അടിസ്ഥാനത്തിലുള്ളതാണ്. താൻ എന്ത് വിശ്വസിക്കണം, വിശ്വസിക്കാതിരിക്കണം, എന്ത് ആചരിക്കണം ആചരിക്കാതിരിക്കണം, ആചാരങ്ങളെ എന്ത് വിവക്ഷയിൽ കാണണം കണാതിരിക്കണം എന്നീ മതപരമായ കാര്യങ്ങൾ തീരുമാനിക്കാനുള്ള സമ്പൂർണ അധികാരം വ്യക്തിയിൽ മാത്രം നിക്ഷിപ്തമാണ്. അക്കാദമിക താൽപര്യത്തോടെ നിഷ്പക്ഷമായി അത്തരം മതവിശ്വാസപരമായ കാര്യങ്ങളിലും സംവാദം നടത്താം, നടത്തേണ്ടതുമാണ്. അത്ത രം സംവാദങ്ങൾ നടക്കുന്നത് ഒരു ബഹുമത സമൂഹത്തിലെ മത ബോധങ്ങളെ സംസ്ക്കരിക്കുകയും മതത ത്ത്വങ്ങളെ സംബന്ധിച്ച അറിവുകൾ വിനിമയം ചെയ്യപ്പെടുകയും ചെയ്യും. മതവിഷയങ്ങൾ തീപ്പിടിക്കുന്ന വൈകാരിക വിഷയങ്ങളായി മാറ്റി വെച്ച് മതചർച്ചകളെ ഭയപെടുന്നതും മതങ്ങൾക്ക് അപമാനകരമാണ്. അതു കൊണ്ട് മതസംവാദങ്ങൾ ഒരു വശത്ത് നടക്കട്ടെ. ഇവിടെ മൗലിക വിഷയം വിശ്വാസ കാര്യത്തിൽ വിയോജിപ്പുള്ളവന് അത് പ്രകടിപ്പിക്കാനും വിയോജിപ്പുള്ള കാര്യം ചെയ്യാതെ മാറിനിൽക്കാനും അയാൾ ക്ക് അവകാശമുണ്ടോ എന്നതാണ്.

ഒരാൾക്ക് തന്റെ മതവിശ്വാസത്തിന് യോജിക്കാൻ സാധിക്കില്ല എന്ന് ബോദ്ധ്യമുള്ള ഒരു കാര്യം അയാളെ ചെയ്യാൻ നിർബന്ധിക്കുന്നതിലും ചെയ്യാത്തതിന്റെ പേരിൽ അയാളെ അധിക്ഷേപിക്കുന്നതും പൊതു വേദിയിൽ അപമാനിക്കുന്നതിലും എന്ത് ജനാധിപത്യവും മതേതരത്വവുമാണുള്ളത്.?!!. നടൻ മമ്മൂട്ടിക്ക് ഒരു പക്ഷേ പാവനമായ ജനാധിപത്യ തത്ത്വങ്ങളെപറ്റി വേണ്ടത്ര വകതിരിവുണ്ടായി ല്ലായിരിക്കാം. മതേതരത്വത്തിന്റേയും ചിന്താസ്വാതന്ത്ര്യത്തിന്റെയും വക്താക്കളെന്ന് പറയുന്നവർ മത ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ അബ്ദുർറബ്ബിന്റെ വിയോജിക്കാനുള്ള അവകാശം ചോദ്യം ചെയ്യുന്നത് ജനാധിപത്യത്തിന്റെ ഉന്നത മൂല്യങ്ങൾക്ക് നിരക്കുന്നതല്ലെന്ന് മാത്രമല്ല അതിന് വിരുദ്ധവുമാണ്. അങ്ങനെ എതിർക്കുന്നവർ തന്നെ മതേതരത്വ ത്തിന്റെയും സഹിഷ്ണുതയുടേയും വക്താക്കളായി ചമയുന്നതും പരിഹാസ്യമല്ലേ. അബ്ദുർറബ്ബും അദ്ദേഹത്തിന്റെ പാർട്ടിയും അദ്ദേഹത്തിന്റെ മതവിശ്വാസവും ഇത്തരം ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടോ, സഹിഷ്ണുതയുള്ള വരാണോ എന്നിവ വേറെ കാര്യം. ഇപ്പോൾ അത് ഇവിടെ ചർച്ച ചെയ്യുന്നില്ല.

വിയോജിക്കുന്നവർക്കും ന്യൂനപക്ഷങ്ങൾക്കും നൽകുന്ന സ്വാതന്ത്ര്യവും സംരക്ഷണവുമാണ് ജനാധിപത്യത്തെ അർഥപൂർണവും മഹത്തരവുമാക്കുന്നത്. വിയോജിക്കുന്നവർ എപ്പോഴും ന്യൂനപക്ഷമായതിനാൽ അവരുടെ ദുർബലത കൊണ്ട് മാത്രമാണ് ഈ സംരക്ഷണമെന്ന് ധരിക്കരുത്. മാനവ സമൂഹം, മതപരമായും ഭൗതികമായും ഇത്വരെ ആർജിച്ച പുരോഗതികൾക്കെല്ലാം നിദാനം വിയോജിപ്പുകളാണ്. അത്കൊണ്ട് വിയോജിപ്പുകൾ, അത് ഏത് വിധത്തിലുള്ളതായി ക്കൊള്ളട്ടെ നാശകരമല്ലെങ്കിൽ പ്രകടിപ്പിക്കുവാൻ അയാളെ അനുവദിക്കുകയും അതിന് സംരക്ഷണം നൽകുകയും ചെയ്യേണ്ടത് ജനാധിപത്യത്തിന്റെ ചരിത്രപരമായ കടമയാണ്.

രണ്ടാമത്തെ വിഷയം മുസ്‌ലിംകളുടെ മതവിശ്വാസവുമായി പൊരുത്തപെടാത്ത മതപരമായ ഒരു ആചാരമാണോ നിലവിളക്ക് തെളിക്കൽ എന്നതാണ്. പല രീതിയിലുള്ള വിശ്വാസ സമ്പ്രദായങ്ങളും വൈവിധ്യങ്ങളും ഉൾക്കൊള്ളുന്ന ബൃഹത്തയ ഒരു മതമാണ് ഹിന്ദുമതം. ഹിന്ദുമത ത്തിൽ ഇസ്‌ലാം മതവിശ്വാസവുമായി ചേർന്നു നിൽക്കുന്നതും ഏക ദൈവാരാധന പ്രബോധിക്കുന്നതുമായ ചിന്താസരണികളുമുണ്ട്. ദൈവം സർവത്തിനും സാക്ഷിയാണ് എന്ന ഹിന്ദു സങ്കൽപ്പം ഇസ്‌ലാമിന്റേത് കൂടിയാണ്. ഹിന്ദുമതത്തിൽ ഈ സർവസാക്ഷിത്വം അഗ്നിയിലൂടെ പ്രതീകവത്ക്കരിക്കുകയും അഗ്നിയിൽ ദൈവത്വം ആരോപിച്ച് അഗ്നി തന്നെ ആരാധനാമൂർത്തിയായി പരിണമിക്കുകയാണുണ്ടായത്. ആയിരക്കണക്കിന് വർഷങ്ങളായി ഹിന്ദു സഹോദരന്മാർ അഗ്നിയാരാധയുടെ ഭാഗമായി അഗ്നി ദേവനെ പ്രസാദിപ്പിക്കാൻ ചെയ്തു വരുന്ന ഒരു പൂജയാണ് നിലവിളക്ക് കൊളുത്തൽ. അഗ്നിയെ പറ്റി വേദങ്ങളിലും പുരാണങ്ങളിലും രാമായണം മഹാഭാരതം എന്നീ ഇതിഹസ ഗ്രന്ഥങ്ങളിലും ഭാഗവതത്തിലും ദീർഘവും സങ്കീർണവുമായപ്രതി പാദനങ്ങളുണ്ട്.

അഗ്നി പഞ്ചഭൂതങ്ങളിലൊന്നായിട്ടും അഷ്ടദിക്ക് പാലകരിൽ ഒരാളായും വർണിക്കപ്പെട്ടിട്ടുണ്ട്. അഗ്നിയെ വേദങ്ങൾ കാണുന്നത് ഇന്ദ്രൻ കഴിഞ്ഞാൽ രണ്ടാമത്തെ പ്രധാന ദേവൻ എന്ന നിലക്കാണ്. ഹിന്ദുമതത്തിലെ ഏറ്റവും പ്രാമാണിക ഗ്രന്ഥങ്ങളിലൊന്നായ ഋഗ്വേദം ആരംഭിക്കുന്നത് അഗ്നിയെ സ്തുതിച്ചു കൊണ്ടുള്ള മന്ത്രത്തോടു കൂടിയാണ്.

***'ഓം അഗ്നി മീളേ പുരോഹിതം***
***യജ്ഞസ്യ ദേവ മൃത്വിജം***
***ഹോതാരം രത്ന ധാമതം***

***'ആഹവനീയ രൂപത്തിൽ സ്ഥിതി ചെയ്യുന്നവനും അഭീഷ്ട ദാന ശീലനും യാഗങ്ങളിൽ ദേവന്മാരെ വിളിക്കുന്നവനും ഋത്വഗ് രൂപനും രത്നധാരിയുമായ അഗ്നിയുടെ അധിഷ്ഠാന ദേവതയെ ഞാൻ സ്തുതിക്കുന്നു.' (ഋഗ്വേദം.അദ്ധ്യാ. 1 വർഗ്ഗം 1)***

തുടർന്നുള്ള ഋഗ്വേദ മന്ത്രങ്ങളിലും ഈ അഗ്നി സ്തുതി കാണാം. 200ലധികം സൂക്തങ്ങളിൽ അഗ്നിസ്തുതിയുണ്ട്. പുരാണങ്ങളിൽ പല സ്ഥലത്തായി അഗ്നിയെക്കുറിച്ചുള്ള പരാമർശമുണ്ട്. മഹാഭാരതത്തിൽ പ്രീതനായ അഗ്നി ദേവൻ വരുണനിൽ നിന്ന് ഗാണ്ഡീവ വില്ല് വാങ്ങി അർജുനന് കൊടുക്കുന്ന രംഗമുണ്ട്. പ്രാവിന്റെ വേഷമെടുത്ത ശിബി

ചക്രവർത്തിയെ പരീക്ഷിക്കാൻ ചെന്നത് അഗ്നിയായിരുന്നു. ജ്വാലാമയിയായ സപ്ത ജിഹ്വകൾ അഗ്നിക്കുണ്ട്. യാഗങ്ങളിൽ അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ള കർമങ്ങൾ പല ദേവതകളേയും ഉദ്ദേശിച്ച് അഗ്നി ദേവൻ മുഖാന്തിരമാണ് ചെയ്യുന്നത്. അഗ്നിക്ക് സർവ സാക്ഷികത്വം ഉണ്ടെന്ന് രാമായണത്തിലും മഹാഭാരതത്തിലും പ്രസ്താവിച്ചുകാണുന്നു. അത്കൊണ്ട് അഗ്നിയെ സാക്ഷിയാക്കിയാണ് വിവാഹവും ഉദ്ഘാടനവും ഉൾപ്പെടെ ഹിന്ദു വിശ്വാസികൾ എല്ലാ മംഗളകർമങ്ങളും ചെയ്യുന്നത്. ഇതിന് 'അഗ്നിസാക്ഷികം' എന്നാണ് പറയുന്നത്. അഗ്നിയെ സാക്ഷിയാക്കുന്നതിന് കാരണമായി ഹിന്ദു ധർമശാസ്ത്രങ്ങൾ പറയുന്നത് , ഇരു കക്ഷികൾ തമ്മിലുള്ള ഇടപാട് നേരിട്ടു കാണുന്നവനും അതേ സമയം ആ വേഴ്ച്ചയിൽ കർതൃത്വമോ ഭോക്തൃത്വമോ ഇല്ലാത്തവനുമായ സാക്ഷിയായി അഗ്നിദേവൻ നിൽക്കുന്നത് കൊണ്ടാണ് എന്നാണ്. പാപ ദാഹകനായ അഗ്നി ദേവൻ പാപശുദ്ധി വരുത്തുന്നു എന്ന സങ്കൽപ്പത്തിലാണ് മൃതശരീരം ഹിന്ദു ആചാരത്തിൽ അഗ്നിയിൽ ദഹിപ്പിക്കപ്പെടുന്നത്. പുരാതന കാലത്ത് കുറ്റം ചെയ്തുവെന്ന് സംശയിക്കപ്പെടുമ്പോൾ മറ്റു തെളിവുകളൊന്നും ലഭ്യമല്ലെങ്കിൽ സർവം സാക്ഷിയായ അഗ്നിദേവനെ കൊണ്ട് പരീക്ഷിക്കുന്നു. ചാന്ദോഗ്യോപനിഷത്തിൽ (അധ്യാ. 6 ഖണ്ഡം 16) അഗ്നിപരീക്ഷയെ കുറിച്ച് പരാമർശമുണ്ട്. അഗ്നി പരീക്ഷയിൽ അപരാധിയെ പഴുപ്പിച്ച ദണ്ഡ് വെക്കുകയോ തിളച്ച എണ്ണയിൽ കൈമുക്കുകയോ തീക്കനലിൽ നടത്തിക്കുകയോ ചെയ്യുമ്പോൾ ന്യായാധിപൻ നടത്തുന്ന പ്രാർഥന ഇപ്രകാരമാണ് 'ഹേ അഗ്നി ദേവാ! നീ സർവജ്ഞനാണ്. പാപികളോട് നീ നിന്റെ ദാഹക ശക്തി പ്രദർശിപ്പിക്കുന്നു. നിരപരാധികളോട് നീ ശീതളനായി ഭവിക്കുക. സർവ ദേവതാന്തക രംഗനായ നീ മനുഷ്യർക്ക് അജ്ഞേയമായവയെ അറിയുന്നു. ഈ മനുഷ്യൻ അപരാധ മുക്തനാവാൻ ആഗ്രഹിക്കുന്നു. യാഥാർഥ്യമനുസരിച്ച് ഇവനെ രക്ഷിച്ചാലും.'

കേരളത്തിലും കുറ്റം തെളിയിക്കാൻ ഈ സമ്പ്രദായം ഉണ്ടായിരുന്നു. അഗ്നിപരീക്ഷ എന്ന ഭാഷാ ശൈലി രൂപം കൊണ്ടത് അപ്രകാരമാണ്. ബ്രിട്ടീഷുകാരാണ് ഈ ശിക്ഷാ സമ്പ്രദായം നിർത്തിയത്.

അഗ്നി സാക്ഷികത്വത്തിന് നിലവിളക്ക് തെളിയിക്കൽ ഇസ്‌ലാമിക ദൈവസങ്കൽപ്പവുമായി ചേരുന്നതല്ല. കാരണം സത്തയിലും പ്രവർത്തിയിലും ഗുണത്തിലും ദൈവം ഏകനാണ് എന്നും ദൈവത്തിന്റെ യാതൊരു ഗുണവും മറ്റു വസ്തുക്കളുമായും ശക്തികളുമായും പങ്കുവെക്കാൻ പാടില്ലെന്നും ഇസ്‌ലാം ശക്തമായി അനുശാസിക്കുന്നു. അതുകൊണ്ട് മുസ്‌ലിം ദൈവസങ്കൽപവുമായി യോജിക്കാത്തതിന്റെ പേരിൽ നിലവിളക്ക് കൊളുത്തുന്നതിൽ നിന്ന് ഒരു മുസ്‌ലിം വിശ്വാസി വിട്ടുനിന്നാൽ അതിന് വിശ്വാസപരമയ ന്യായങ്ങളുണ്ട്. ഇത്തരം മതപരമായ അഭിപ്രായ വിയോജിപ്പുകൾ ഒരിക്കലും സമൂഹത്തിൽ ഭിന്നതയും വർഗീയതയും സൃഷ്ടിക്കുന്നില്ല. സഹിഷ്ണുതയും ഉദാര വീക്ഷണവുമുള്ള സമൂഹങ്ങളുടെ അടയാളമാണ് ഇത്തരം വൈവിധ്യങ്ങൾ. അവഹേളനങ്ങളും അധിക്ഷേപങ്ങളുമാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. വാഗ്ദത്ത മസീഹ് (അ) ഇത് സംബന്ധിച്ച് പറഞ്ഞത് ശ്രദ്ധിക്കുക:

***'മതപരമായ അഭിപ്രായ വൈപരീത്യങ്ങൾ മൂലം മതസമൂഹങ്ങൾക്കിടയിൽ സൗഹാർദത്തിന് പ്രതിബന്ധമായി തീരുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാദ്ധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന് ഞാൻ ഇവിടെ സമാധാനം പറഞ്ഞുകൊള്ളട്ടെ. യഥാർഥത്തിൽ മതപരമായ വൈപരീത്യം യുക്തിയേയും നീതി ബോധത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിട്ടായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേകബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത്, അവൻ യുക്തിക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിന എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന് തന്നെയാകുന്നു. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ ലഘുതരമായ അഭിപ്രായ ഭേദങ്ങളൊന്നും പരസ്പര സൗഹാർദത്തിനും മൈത്രിക്കും തടസ്സമാവുകയില്ലെന്നും ബോദ്ധ്യപ്പെടുന്നതാണ്. പരസ്പര സൗഹാർദത്തിനും മൈത്രിക്കും പ്രതിബന്ധമായി തീരുന്നത് ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ ഭക്ത്യാദരങ്ങൾക്ക് പാത്രമായ പ്രവാചകനേയോ മഹാത്മാവിനേയോ അവരുടെ പവിത്ര ഗ്രന്ഥത്തേയോ അവഹേളിക്കുന്നതിനും അപലപിക്കുന്നതിനും പ്രേരിതമായി തീരുന്ന തരത്തിലുള്ള വിശ്വാസാഭിപ്രായ വൈപരീത്യം മാത്രമാകുന്നു. '(മൈത്രീ സന്ദേശം ഹദ്റത്ത് അഹ്മദ് (അ)***

***അഗ്നി ആരാധനയുടെ ഭാഗമായാണ് നിലവിളക്ക് കൊളുത്തുന്നത് എന്ന*** വീക്ഷണത്തിന് ഒരു മറുവശവുമുണ്ട്. അഗ്നി വെളിച്ചത്തിന്റെ കൂടി പ്രതീകമാണ്. ഇതിന് മതസാഹിത്യത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്. ഖുർആനിൽ അഗ്നിയെ തീ (നാർ) ആയും വെളിച്ചമായും (നൂർ) വിവരിക്കുന്നു. ഈ അറബി നാമങ്ങളുടെ ത്രൈയാക്ഷര ധാതു ഒന്നു തന്നെയാണ്. വെളിച്ചം (നൂർ) സത്യത്തേയും ജ്ഞാനത്തേയും വിപരീതമായ ഇരുട്ട് (ളുൽമ്) അജ്ഞാനത്തേയും തിന്മയേയും, പ്രതിനിധാനം ചെയ്യുന്നു. ഇപ്രകാരം വെളിച്ചത്തെ അല്ലാഹുവിന്റെയും സത്യത്തിന്റെയും ജ്ഞാനത്തിന്റെയും ഉപമയായും പ്രതീകമായും വർണിക്കപ്പെട്ട നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. അല്ലാഹു പറയുന്നു:

*‘അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമ ഒരു വിളക്ക് മാടം പോലെയാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടിക കൂട്ടിലാണ്. ആ സ്ഫടിക കൂട് ഒരു മിന്നിതിളങ്ങുന്ന താരക ത്തെ പോലെയാണ്...... അതിന്റെ എണ്ണ അഗ്നി സ്പർശി ച്ചില്ലെങ്കിലും അത് സ്വയം പ്രകാശിതമാവും. പ്രകാശത്തിന് മേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തന്റെ പ്രകാശത്തിലേക്ക് വഴി നടത്തുന്നു’. (24:36) ‘അല്ലാഹു സത്യ വിശ്വാസി കളുടെ മിത്രമാകുന്നു. അവൻ അവരെ അന്ധകാരത്തിൽ നിന്ന് വിമുക്തരാക്കി പ്രകാശത്തിലേക്ക് നയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ അവരുടെ മിത്രങ്ങൾ, ദുശ്ശക്തിക ളത്രെ. അവർ അവരെ പ്രകാശ ത്തിൽ നിന്ന് അകറ്റി അന്ധകാര ത്തിലേക്ക് കൊണ്ടു പോകുന്നു.’ (2:258)*

ഹിന്ദുക്കളുടെ ഏറ്റവും പ്രാമാണികമായ ഗ്രന്ഥമായ ശ്രീമദ് ഭഗവദ് ഗീത പറയുന്നു:

*ജ്യോതിഷാമപി തജ്ജ്യോതിസ്തമസ: പരമുച്യതേ*

*ജ്ഞാനം ജ്ഞേയം ജ്ഞാന ഗമ്യം ഹൃദി സർവ്വസ്യ വിഷ്ഠിതം*

*‘പ്രകാശങ്ങൾക്കെല്ലാം പ്രകാശമായിട്ടുള്ളതും (ജ്യോതിഷാം അപി ജ്യോതി :) അന്ധകാരത്തി നപ്പുറമായിട്ടുള്ളതും അറിവും (ജ്ഞാനം) അറിയപ്പെടേണ്ടതും (ജ്ഞേയം) അറിവിനാൽ എത്തിച്ചേരേണ്ടതും(ജ്ഞാന ഗമ്യം) എല്ലാവരുടേയും ഹൃദയത്തെ അധിവസിക്കുന്നതും അതു (ബ്രഹ്മം) തന്നെ.’(ഭഗവത് ഗീത 13 :18)*

അപ്രകാരം വെളിച്ചത്തിലേക്ക് നയിക്കാൻ പ്രാർഥിക്കുന്ന പ്രശസ്തമായ ശാന്തി മന്ത്രം ബൃഹദാരണ്യകോപനിഷ ത്തിൽ കാണാം:

*അസദോ മാ സദ്ഗമയാ,*
*തമസോ മാ ജ്യോതിർ ഗമയാ*
*മൃത്യോമാ അമൃതം ഗമയാ*
*ഓം ശാന്തി ശാന്തി ശാന്തി.*

*അസത്യത്തിൽ നിന്ന് സത്യത്തിലേക്ക് എന്നെ നയിച്ചാലും*

*തമസ്സിൽ നിന്ന് വെളിച്ചത്തിലേക്ക് എന്നെ നയിച്ചാലും.*

*മൃത്യുവിൽ നിന്നും അമരത്വത്തിലേക്ക് എന്നെ നയിച്ചാലും.*

*ഓം ശാന്തി, ശാന്തി ശാന്തി*
(ബൃഹദാരണ്യേകോപനിഷത്)

നമ്മുടെ ഭാരതം ഒരു ബഹുസ്വര രാജ്യമാണ്. വികാരവത്തായ വിവിധ മതങ്ങളുള്ള ഒരു സങ്കര സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഹിന്ദുമതത്തിന്റെ പ്രഖ്യാതമായ നാനാത്വത്തിൽ ഏകത്വം എന്ന തത്ത്വത്തിന്റെ പ്രകാശനമാണ് നാം ഇന്ന് അനുഭവിക്കുന്ന ഭാരതത്തിന്റെ സെക്കുലറിസം. മുസ്‌ലിം നാടുകളിലൊന്നും ഈ മഹത്തായ രാഷ്ട്രീയ ദർശനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല എന്ന് കൂടി നാം ഓർക്കേണ്ടതുണ്ട്. അപ്രകാരം നിരവധി മതങ്ങളുള്ള ഒരു രാജ്യത്ത് സെക്കുലറിസം ഭരണ തത്ത്വമായി അംഗീകരിച്ച ഒരു ഭരണകൂടം അതിന്റെ ഉദ്ഘാടന പരിപാടികൾക്ക് ഒരു പ്രത്യേക മതത്തിന്റെ ഛായയില്ലാത്ത നാടമുറിക്കുക, സ്വിച്ച് ഓൺ ചെയ്യുക മുതലായ ചടങ്ങുകൾ ഏർപ്പെടുത്തുന്നതാണ് അഭികാമ്യം. ഒരു ചടങ്ങ് തന്റെ വിശ്വാസത്തെ ബാധിക്കുന്നതാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള പൂർണമായ അധികാരം അയാൾക്ക് തന്നെയാണ്. അത് വ്യാഖ്യാനിച്ച് മറ്റൊന്നാക്കി മാറ്റി അയാളെ കൊണ്ട് വിശ്വസിപ്പിക്കാനാവില്ല. വിശ്വാസം പലപ്പോഴും യുക്തിക്ക് നിർവചിക്കാനാവില്ല. അതുകൊണ്ട് ഒരു മതേതര ഗവൺമെന്റ് നടത്തുന്ന ഉദ്ഘാടന പരിപാടികൾ കൂടുതൽ സെക്കുലരായ രീതികളാണ് ആവിഷ്ക്കരിക്കേണ്ടത്.

ഉദ്ഘാടകനായി ഒരു മുസ്‌ലിം മന്ത്രിയോ ഉദ്യോഗസ്ഥനോ വരുകയും അദ്ദേഹത്തോട് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്താൽ നേരത്തെ പറഞ്ഞ കാരണം കൊണ്ട് അദ്ദേഹത്തിന് മാറിനിൽക്കാൻ ജനാധിപത്യപരമായി അവകാശമുണ്ട്. മറിച്ച് ഏതെങ്കിലും മുസ്‌ലിം മന്ത്രിയോ ഉദ്യോഗസ്ഥനോനേതാവോ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചുവെന്നിരിക്കട്ടെ അപ്രകാരം ഉദ്ഘാടനം നിർവഹിക്കുന്ന മുസ്‌ലിം മന്ത്രി ഒരിക്കലും അഗ്നിക്ക് സർവസാക്ഷിത്വം ഉണ്ട് എന്ന ധാരണയുടെ അടിസ്ഥാനത്തിലായിരിക്കില്ല നിലവിളക്ക് കൊളുത്തുന്നത്. മാത്രമല്ല പരിപാടി നടത്തുന്നത് ഒരു മതേതര സർക്കാരിന്റെ ആഭിമുഖ്യത്തിലാവുമ്പോൾ അതിന് മതപരമായ ഛായ നൽകേണ്ടതുമില്ല. ഒരു സംരംഭത്തിന്റെ പ്രകാശനം എന്ന നിലയിൽ അതിനെ കാണാവുന്നതാണ്. അതിൽ കൂടുതലായി താനത് ഖുർആനിലും മറ്റും വിവരിച്ചിട്ടുള്ളത് പോലെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് എന്നതിന്റെ പ്രതീകമായിട്ടാണ് നിലവിളക്ക് തെളിച്ചതെന്ന വിശദീകരണവും ആ വിഷയത്തിൽ നൽകി കഴിഞ്ഞാൽ മുസ്‌ലിം സംഘടനകൾ അദ്ദേഹത്തിന്റെ പ്രവർത്തിയെ വിശ്വാസത്തി ന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്ത് അയാൾക്കെതിരെ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ച് ഒറ്റപ്പെടുത്തുന്നതും മറ്റുമതസ്ഥരെ പ്രകോപിപ്പിക്കും വിധം രംഗം സംഘർഷ ഭരിതമാക്കുന്നതും ശരിയല്ല. ഇതിൽ മുസ്‌ലിം സംഘടനകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ഒരാളുടെ കരുതലിനെയോ ഉദ്ദേശ്യത്തെയോ ആശ്രയിച്ചാണ് അയാളുടെ പ്രവൃത്തി വിധിക്കപ്പെടുക എന്ന തത്ത്വമനുസരിച്ച് നിലവിളക്ക് കൊളുത്തി പൊതു പരിപാടി ഉദ്ഘാടനം ചെയ്യുന്ന മുസ്‌ലിം ഉദ്ഘാടകന്റെ സദുദ്ദേശത്തെ മാനിക്കുകയാണ് വേണ്ടത്. സാമൂഹിക സമാധാനവും സൗഹൃദവും ഇസ്‌ലാം അങ്ങേയറ്റം വിലമതിക്കുന്ന മൂല്യങ്ങളാണ്. അതിനെ തകർക്കുന്ന യാതൊന്നും മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൂടാ.

# അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് അന്തർദേശീയ സമ്മേളനം സമാപിച്ചു

ലണ്ടൻ: യു. കെ. യിലെ ആംഷെയറിൽ ചേർന്ന മൂന്ന് ദിവസത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അന്തർദേശീയ സമ്മേളനം ആഗസ്റ്റ് 21 ന് വെള്ളിയാഴ്ച്ച ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) നടത്തിയ ഖുത്ബയോടെ ആരംഭിക്കുകയും ആഗസ്റ്റ് 23 ന് നടത്തിയ ഉപസംഹാര പ്രസംഗ ത്തോടെ സമാപിക്കുകയും ചെയ്തു. ജമാഅത്ത് ഇതിനകം ലോകത്ത് 207 രാഷ്ട്രങ്ങളിൽ സ്ഥാപിതമാവുകയും 74 ഭാഷകളിൽ വിശുദ്ധ ഖുർആൻ വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ലോകത്ത് 400 പുതിയ പള്ളികൾ നിർമിക്കുകയും 5,67,000 പേർ പുതുതായി അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തതായി ഖലീഫത്തുൽ മസീഹ് പറഞ്ഞു. 100 രാജ്യങ്ങളിൽ നിന്നുള്ള മുപ്പതിനായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.



# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജൂബിലി വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു.


കേരളത്തിൽ അഹ്മദിയ്യാ ജമാഅ ത്ത് സ്ഥാപിതമായതിന്റെ 100–ാം വാർഷികം ഈ വർഷം വിപുലമായ പരിപാടികളോടെ ആഘോഷിക്കുമെന്ന് സദ്സാലാ ജൂബിലി കമ്മിറ്റി പ്രസിഡന്റ് യു. മൻസൂർ സാഹിബ് അറിയിച്ചു. 1915 ലാണ് അഹ്മദിയ്യാ ജമാഅത്ത് കേരളത്തിലെ കണ്ണൂരിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടത്. ഇതിനകം സംസ്ഥാനത്തുടനീളം 55 സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി കഴിഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായും കേരളത്തിൽ മുസ്‌ലിം സമൂഹത്തെ വലിയ തോതിൽ സ്വാധീനിക്കുവാൻ കഴിഞ്ഞിട്ടുള്ള അഹ്മദിയ്യാ ജമാഅത്തിനോട് മുസ്‌ലിം സമൂഹം വെച്ചു പുലർത്തുന്ന തെറ്റിദ്ധാരണകൾ സമീപ ഭാവിയിൽ മാറുമെന്നും ജമാഅത്ത് കേരളത്തിൻ വൻ മുന്നേറ്റത്തിലേക്ക് കുതിക്കുമെന്നും മൻസൂർ സാഹിബ് പറഞ്ഞു.

ജൂബിലിയാഘോഷത്തിന്റെ ഭാഗമായി കേരളത്തിലുടനീളം വാഹന പ്രചാരണം നടത്തും. അഹ്മദിയ്യാ ജമാഅത്തിന്റെ സാരഥി ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ആഗോള ഇസ്‌ലാമിക ദൗത്യത്തിന്റെ ഭാഗമായി നടത്തിയ പര്യടനങ്ങൾ ലോക നേതാക്കന്മാരുമായുള്ള അഭിമുമുഖങ്ങൾ, യൂറോപ്പിലെ വിവിധ പാർലമെന്ററുകളിൽ അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം, 12 കേന്ദ്രങ്ങളിൽ 'ലൈറ്റ് ഓഫ് റീജനറേഷൻ' (പുനരുജ്ജീവനത്തിന്റെ വെളിച്ചം) എന്ന ഇസ്‌ലാമിക പ്രദർശനം, 1000 പേരുടെ രക്തദാനം സംസ്ഥാനത്തിൽ വിവിധ പട്ടണങ്ങളിൽ പുസ്തക പ്രദർശനവും വിൽപനയും, അനഹ്മദി പണ്ഡിതന്മാർക്ക് അഹ്മദിയ്യാ സാഹിത്യങ്ങളുടെ വിതരണം, കണ്ണൂരിൽ സമാപന സമ്മേളനം. മുതലായ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കേരളത്തിലെ എല്ലാ ജമാഅത്തുകളും ഇതിനായി സജ്ജമായി കഴിഞ്ഞുവെന്നും മൻസൂർ സാഹിബ് പറഞ്ഞു.






20015 ആഗസ്റ്റ് 15, 16ന് നടന്ന അൻസാറുല്ലാഹ് കോഴിക്കോട് ജില്ലാ സമ്മേളനം കോഴിക്കോട് ജില്ലാ അമീർ കെ. എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു




ആഗസ്റ്റ് 8 ന് കാക്കനാട് നടന്ന എറണാകുളം ജില്ലാ വഖ്ഫെ നൗ ക്യാമ്പ് ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു



ആഗസ്റ്റ് 2 ന് മണ്ണാർക്കാട് നടന്ന പാലക്കാട് ജില്ലാ ഖിലാ ബോധവൽക്കരണ ക്ലാസിൽ കേന്ദ്ര ഖിലാ ബോർഡ് മെമ്പർ മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് ക്ലാസെടുക്കുന്നു




ആഗസ്റ്റ് 16 ന് കരുനാഗപ്പള്ളിയിൽ നടന്ന തിരുവനന്തപുരം-കൊല്ലം അൻസാറുല്ലാ ജില്ലാ ഇജ്തിമയിൽ മൗലവി നജീബ് ഖാൻ സാഹിബ് സംസാരി ക്കുന്നു

**Published on 7 September 2015**


Vol: 87 Issue. **9**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment
**The Sathyadoothan Monthly**

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതരായ വാഗ്ദത്ത മഹ്ദി ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 1889 മാർച്ച് 23 ന് സ്ഥാപിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 126 വർഷം പിന്നിട്ടിരിക്കുകയാണ്. 1915 ൽ കേരളത്തിലെ ഈ ജമാഅത്തിലെ ആദ്യ ശാഖ കണ്ണൂരിൽ സ്ഥാപിക്കപ്പെട്ടു. ഈ വർഷം അതിന്റെ നൂറാം വാർഷികമായി കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിപുലമായ പരിപാടികളോടെ ആചരിക്കുകയാണ്.

Centenary
1915-2015
AHMADIYYA MUSLIM JAMAATH
KERALA

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
# കേരള സംസ്ഥാന ജൂബിലി
## 1915 - 2015



- ജില്ലാതല ഉദ്ഘാടന സമ്മേളനങ്ങൾ
- തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വാഹന പ്രചരണം.
- അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ഖലീഫയുടെ ഇസ്‌ലാമിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയ വീഡിയോ പ്രദർശനങ്ങൾ.
- കേരളത്തിലെ 12 കേന്ദ്രങ്ങളിൽ എക്സിബിഷനുകൾ.
- 1000 പേരുടെ രക്തദാനം തിരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിൽ.
- സംസ്ഥാനത്തെ വിവിധ കവലകളിൽ പുസ്തക പ്രദർശനവും വിൽപ്പനയും.
- അനഹ്മദീ മത പണ്ഡിതർക്കായി അഹ്മദിയ്യാ സാഹിത്യ വിതരണം.
- കണ്ണൂരിൽ സംസ്ഥാന സമാപന സമ്മേളനം.